കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മാവേലിക്കര മുനിസിപ്പാലിറ്റി

ഓഡിറ്റ് റിപ്പോർട്ട്

2024-2025



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/ജിഎ 8-133/26

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 28/03/2026
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
മാവേലിക്കര മുനിസിപ്പാലിറ്റി

സർ,

വിഷയം : മാവേലിക്കര മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാവേലിക്കര മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

For സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (എയിംസ് മുഖേന)
ജോയിന്റ് ഡയറക്ടർ (തദ്ദേശ സ്വയം ഭരണ വകുപ്പ് , ആലപ്പുഴ ജില്ല)
ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ-എ.എൽ.പി/ജിഎ 8-133/26 തീയ്യതി: 28/03/2026

ആലപ്പുഴ ജില്ലയിലെ മാവേലിക്കര മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മാവേലിക്കര മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 05-02-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
രാജീവ് ആർ.	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	21-01-2026	05-02-2026

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
21-01-2026	05-02-2026

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ജയകൃഷ്ണ ആർ, ഓഡിറ്റ് ഓഫീസർ
പ്രവീൺ ഷേണായ് ജെ, ഓഡിറ്റ് ഓഫീസർ
മനേഷ് കുമാർ ജി, അസി.ഓഡിറ്റ് ഓഫീസർ
സുനിൽ കുമാർ ജി, സീനി.ഗ്രേഡ് ഓഡിറ്റർ
ജിനിൽ ആന്റണി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.കെ.വി ശ്രീകുമാർ	ചെയർമാൻ	01-04-2024	28-03-2025
ശ്രീമതി ടി കൃഷ്ണകുമാരി	ചെയർപേഴ്സൺ	29-03-2025	31-03-2025
ശ്രീമതി മേഘ മേരി കോശി	സെക്രട്ടറി	01-04-2024	27-07-2024
ശ്രീമതി ഒ സിന്ധു	സെക്രട്ടറി-ഇൻ-ചാർജ്ജ്	28-07-2024	19-09-2024
ശ്രീ എം. മുഹമ്മദ് ആരിഫ് ഖാൻ	സെക്രട്ടറി	20-09-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ മനോജ് ആർ	കൃഷി ഓഫീസർ	01-04-2024	31-03-2025
ശ്രീ ജി മുകുന്ദൻ നായർ	പ്രിൻസിപ്പൽ	01-04-2024	31-03-2025
ശ്രീമതി സിന്ധു ഒ	അസി.എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീ ബിനോയ് ആർ	പ്രോജക്ട് ഓഫീസർ	01-04-2024	31-03-2025
ശ്രീമതി ലത സി	ഹെൽത്ത് ഓഫീസർ	01-04-2024	31-03-2025
ശ്രീമതി ഷൈന സദാശിവൻ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2024	06-04-2024
ശ്രീമതി ബീനാകുമാരി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	07-04-2024	31-03-2025
ശ്രീമതി ചിത്ര ജെ	വ്യവസായ വികസന ഓഫീസർ	01-04-2024	21-08-2024
ശ്രീമതി ലിജി മൈതീൻ	വ്യവസായ വികസന ഓഫീസർ	22-08-2024	31-03-2025
ഡോ.ജിതേഷ്	സൂപ്രണ്ട്, ജില്ലാ ഹോസ്പിറ്റൽ	01-04-2024	31-03-2025
ഡോ.ബിന്ദു	മെഡിക്കൽ ഓഫീസർ(ആയുർവ്വേദം)	01-04-2024	31-03-2025
ഡോ.ശാന്തി	വെറ്ററിനറി സർജ്ജൻ	01-04-2024	04-08-2024
ഡോ.അജ്ജു	വെറ്ററിനറി സർജ്ജൻ	05-08-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സാക്ഷ്യപത്രം	1-1
2	ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല	1-1-1
3	നീക്കിയിരുപ്പിൽ വ്യത്യാസം നിലനിൽക്കുന്നു	1-1-2
4	ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമല്ല.	1-1-3
5	അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല, നീക്കിയിരിപ്പ് തുകയുടെ കൃത്യത നിർണ്ണയിക്കാനായില്ല	1-1-4
6	ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല	1-1-5
7	ഗുണഭോക്തൃവിഹിതത്തിന്റെ കൃത്യത വ്യക്തമാക്കിയില്ല	1-1-6
8	ലേല വരവുകൾ നിർദ്ദിഷ്ട ഹെഡ്സുകളിലല്ല രേഖപ്പെടുത്തിയിട്ടുള്ളത്	1-1-7
9	വരവ് കണക്കുകൾക്ക് ആധാരമായ വിവരങ്ങൾ ലഭ്യമാക്കിയില്ല	1-1-8
10	തൊഴിൽരഹിത വേതനം ചെലവുകൾ അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-9
11	ഡിപ്രീസിയേഷൻ- ജേണൽ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ എന്നിവ സൂക്ഷിച്ചിട്ടില്ല	1-1-10
12	IDSMT പദ്ധതിയുടെ മിച്ചത്തുക വാർഷിക ധനകാര്യ പത്രികയുടെ ബി-4 ഷെഡ്യൂളിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല	1-1-11
13	ധനകാര്യകമ്മീഷൻ ഗ്രാന്റ്- വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല	1-1-12
14	ബജറ്റ്	1-2
15	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
16	ഫണ്ട് വിനിയോഗം (വാർഷിക ധനകാര്യ പത്രിക പ്രകാരം)	1-4
17	പദ്ധതി അവലോകനം	1-5
18	അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി	1-6
19	ക്ഷേമ പദ്ധതികൾ	1-7
20	ക്യാഷ് പരിശോധന സാക്ഷ്യപത്രം	1-8
21	ആഭ്യന്തര നിയന്ത്രണ സംവിധാനം	1-9
22	പദ്ധതി ചെലവ് 54 ശതമാനത്തിൽ താഴെ മാത്രം	1-9-1
23	വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത	1-10
24	വസ്തു നികുതി അടയ്ക്കാതെ നിരവധി കെട്ടിടങ്ങൾ നഗരസഭയിൽ പ്രവർത്തിക്കുന്നു	1-11
25	വസ്തു നികുതി ഇനത്തിലെ കുടിശ്ശിക കണക്കുകളിൽ പൊരുത്തക്കേട്	1-12
26	അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല	1-13
27	ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല	1-14
28	സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല	1-15
29	വാടക ഇനത്തിൽ 1168800 എന്ന ഭീമമായ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു	1-16
30	വസ്തു നികുതി പിരിവ് കാര്യക്ഷമമായില്ല - വികസന ഫണ്ടിൽ(ജനറൽ) നിന്നും തുക വെട്ടിക്കുറച്ചു	1-17
31	താലൂക്ക് ഓഫീസ് പ്രവർത്തിപ്പിക്കുന്ന ഇ.എം.എസ് കെട്ടിടത്തിന്റെ വാടക കുടിശ്ശിക-3638392	1-18
32	ഷോപ്പിംഗ് കോംപ്ലക്സുകളുടെ ശോച്യാവസ്ഥ- കെട്ടിടങ്ങൾ ജീർണ്ണാവസ്ഥയിലേക്ക്-വാടക വരുമാനം കുറയുന്നു	1-19
33	ചിൽഡ്രൻസ് പാർക്ക് നാമാവശേഷമാകുന്നു-തനത് വരുമാനം കുറയുന്നു	1-20
34	ടെൻഡറുകൾക്ക് പത്ര പരസ്യം - സർക്കാർ നിർദ്ദേശം പാലിച്ചില്ല	1-21
35	എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി - അപാകത	1-22

36	വെറ്ററിനറി ആശുപത്രിക്ക് ഡെസ്ക്ടോപ്പും ലാപ്ടോപ്പും വാങ്ങൽ	1-23
37	വെറ്ററിനറി ആശുപത്രിയിലെ ബയോ മെഡിക്കൽ മാലിന്യ സംസ്കരണം - അപാകത	1-24
38	വെള്ളക്കരം-കുടിശ്ശിക കണക്കുകൾ നഗരസഭയിൽ ലഭ്യമല്ല	1-25
39	തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് ഒടുക്കൽ, മെയിന്റനൻസ് വിവരങ്ങൾ- കണക്കുകൾ കാര്യക്ഷമമായി സൂക്ഷിക്കപ്പെടുന്നില്ല	1-26
40	കെ-സ്മാർട്ട് ആപ്ലിക്കേഷൻ - പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകളും ന്യൂനതകളും	1-27
41	വൃക്ക രോഗികൾക്ക് സർക്കാർ ആശുപത്രികളിൽ സൌജന്യ ഡയാലിസിസ് ചെയ്യുന്ന പദ്ധതി	1-28
42	ഫൈൻ ഈടാതെ പ്രവൃത്തികൾക്ക് എക്സ്റ്റൻഷൻ നല്കി-അപാകത	1-29
43	ഇൻഷുറൻസ് ഈടാതെ നടപ്പിലാക്കിയ പ്രവൃത്തി ഫൈനും ഈടാക്കിയില്ല	1-30
44	ലൈബ്രറി സെസ് 71.52 ലക്ഷം രൂപ അടവാക്കാൻ അവശേഷിക്കുന്നു	1-31
45	വയോമിത്രം പദ്ധതി- ചെലവ് വിശദാംശങ്ങൾ ഹാജരാക്കിയില്ല	1-32
46	കോക്ലിയാർ ഇംപ്ലാന്റ് മെയിന്റനൻസ് - കൈമാറിയ തുക പൂർണ്ണമായി വിനിയോഗിച്ചില്ല	1-33
47	ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ മുൻകൂർ ക്രമീകരിച്ചില്ല, അഡ്വാൻസ് രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തിയില്ല	1-34
48	പെൻഷൻ കോൺട്രിബ്യൂഷൻ, മറ്റ് റിക്കവറി തുകകൾ ബന്ധപ്പെട്ട ഹെഡിൽ ഒടുക്കിയില്ല - നഗരസഭയ്ക്ക് വൻ തുക ബാധ്യത	1-35
49	മഴക്കാല പൂർവ ശുചീകരണം - ചെലവ് രേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല	1-36
50	ആധുനിക അറവുശാല നിർമ്മാണത്തിനുള്ള 10036083 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു	1-37
51	വീട് മെയിന്റനൻസ് (ജനറൽ)-നാളിതുവരെ പണി പൂർത്തീകരിച്ചില്ല	1-38
52	വീട് മെയിന്റനൻസ് (എസ്.സി.പി.)-നാളിതുവരെ പണി പൂർത്തീകരിച്ചില്ല	1-39
53	ഹരിത സഹായ സ്ഥാപനത്തിന് തുക നൽകൽ - ജി.എസ്.റ്റി, ആദായനികുതി എന്നിവ ഉറവിടത്തിൽ കുറവ് ചെയ്തില്ല	1-40
54	ദിവസവേതനത്തിൽ നിയമിക്കപ്പെട്ട ഡേറ്റ എൻട്രി ഓപ്പറേറ്റർക്ക് അധിക വേതനം നൽകി	1-41
55	വാഹന പരിപാലനം - അപാകതകൾ	1-42
56	IDSMT പദ്ധതി- പലിശ ഉൾപ്പടെ 1,30,76,488 രൂപ നഗരസഭയ്ക്ക് തിരിച്ചടക്കാൻ ബാക്കി നിൽക്കുന്നു	1-43
57	ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും	1-44
58	നഗരസഭ പെൻഷൻ വിതരണം -അവലോകനം	1-45
	ഭാഗം **2**	
1	വസ്തു നികുതി നിർണയിച്ചതിലെ അപാകത	2-1
2	അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല	2-2
	ഭാഗം **3**	
	--- No Records Found ---	
	ഭാഗം **4**	
1	മെഡിസെപ് പ്രീമിയം - വിവരശേഖരണം	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ /വായ്പാതിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-9

10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സാക്ഷ്യപത്രം

I) മാവേലിക്കര നഗരസഭയുടെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട് എന്നിവയും 31.3.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 26.11.2025 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 30.11.2025 ൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൌണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷികധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൌണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടേയും, സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മാവേലിക്കര നഗരസഭയുടെ 2024-25 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2025-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025-ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

for സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

1-1-1 ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല

ഷെഡ്യൂൾ RP40(b), B-17 പ്രകാരം രേഖപ്പെടുത്തിയ നീക്കിയിരുപ്പ് തുകകളുടെ കൃത്യത പരിശോധിക്കുന്നതിനായി ചുവടെ ചേർക്കുന്ന ബാങ്ക് അക്കൌണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് / പാസ്സ് ബുക്ക്, ബാങ്ക് റീകൺസിലേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കിയില്ല.

ക്രമനം.	ബാങ്കിന്റെ പേര്	അക്കൗണ്ട് നമ്പർ	തുക
1	ഐ.ഡി.ബി.ഐ	1432104000076030	443992
2	കാനറ ബാങ്ക്	110169590168	2044110
3	കാനറ ബാങ്ക്	41072200015360	1997

1-1-2 നീക്കിയിരുപ്പിൽ വ്യത്യാസം നിലനിൽക്കുന്നു

ഐ.ഡി.ബി.ഐ ബാങ്ക് അക്കൗണ്ട് നമ്പർ 1432104000061056 - ൽ അക്കൗണ്ട്സ് പ്രകാരമുള്ള നീക്കിയിരുപ്പ് 6708435/- രൂപയാണ്. എന്നാൽ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരുപ്പ് 7011198/- രൂപയാണ്. തനതുഫണ്ട് അക്കൌണ്ടിന്റെ പൊരുത്തപ്പെടുത്തലിൽ അപാകം നിലനിൽക്കുന്നു. നഗരസഭ ഐ.ഡി.ബി.ഐ. ബാങ്കിൽ ആരംഭിച്ചിട്ടുള്ള തനതുഫണ്ട് അക്കൌണ്ടിന്റെ ബാങ്ക് ബുക്ക്, പാസ് ബുക്ക് പൊരുത്തപ്പെടുത്തൽ നടത്തിയതിൽ അൺക്യാഷ്ഡ് ചെക്കുകളിൽ നിശ്ചിത കാലാവധിയായ 3 മാസം കഴിഞ്ഞ ചെക്കുകൾ ഉൾപ്പെടുന്നുണ്ടെങ്കിൽ. കേരള മുനിസിപ്പാലിറ്റി അക്കൌണ്ട്സ് ചട്ടം 45 പ്രകാരം "കാലഹരണപ്പെട്ട ചെക്ക്" എന്ന ബാധ്യത ഹെഡിലേക്ക് കാലാവധി കഴിഞ്ഞ ചെക്കുകൾ മാറ്റി അക്കൌണ്ട് ചെയ്യേണ്ടതാണ്.
ബാങ്കുകൾ ഈ ചെക്കുകൾ സ്വീകരിച്ചിട്ടില്ലായെങ്കിൽ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങളിലെ ചട്ടങ്ങൾ 20(1), (4) പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിശദാംശം ലഭ്യമാക്കേണ്ടതാണ്.

1-1-3 ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമല്ല.

ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവിധ ഇനം ഡെപ്പോസിറ്റുകളുടെ സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ B7 പട്ടികയിൽ ഉൾപ്പെടുന്ന നഗരസഭയുടെ കൈവശമുള്ള ഡെപ്പോസിറ്റുകളുടെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല. ബി7 പട്ടിക പ്രകാരം ഒരു കോടിയിലധികം തുക സ്ഥാപനത്തിൽ മറ്റ് വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നുള്ള നിക്ഷേപമുണ്ട്. ബാധ്യതയുടെ കൃത്യത പരിശോധിച്ചുറപ്പാക്കാനായില്ല.

1-1-4 അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല, നീക്കിയിരിപ്പ് തുകയുടെ കൃത്യത നിർണ്ണയിക്കാനായില്ല

അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസീസ്, ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ് എന്നീ തുകകളുടെ കൃത്യത പരിശോധിച്ചുറപ്പാക്കാവുന്ന രീതിയിൽ അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ B-18 പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിച്ചുറപ്പാക്കാനായിട്ടില്ല.

1-1-5 ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

ഷെഡ്യൂൾ ബി-5 പ്രകാരം ലോൺ ഇനത്തിൽ ഹഡ്കോയ്ക്ക് 51,59,998 രൂപ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത തുക പരിശോധിച്ച് ഉറപ്പാക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

1-1-6 ഗുണഭോക്തൃവിഹിതത്തിന്റെ കൃത്യത വ്യക്തമാക്കിയില്ല

ഗുണഭോക്തൃവിഹിതമിനത്തിൽ അവശേഷിക്കുന്ന 4,08,560/- രൂപയുടെ കൃത്യത വ്യക്തമല്ല. ഗുണഭോക്തൃവിഹിതമിനത്തിൽ നഗരസഭയിൽ ബാധ്യതയായി തുടരുന്ന തുകയുടെ കൃത്യത പരിശോധിച്ചുറപ്പാക്കുന്നതിന് ആവശ്യമായ രേഖകൾ/രജിസ്റ്ററുകൾ ഹാജരാക്കേണ്ടതാണ്.

1-1-7 ലേല വരവുകൾ നിർദ്ദിഷ്ട ഹെഡ്ഡുകളിലല്ല രേഖപ്പെടുത്തിയിട്ടുള്ളത്

ലേല രജിസ്റ്റർ പ്രകാരം പ്രൈവറ്റ് സ്റ്റാൻഡ് ഫീ പിരിവ് ഇനത്തിൽ 2024-25 സാമ്പത്തികവർഷം ലഭിച്ചത് 6,90,000/- രൂപയാണ്. ഇക രസീത് പ്രകാരം വരവിലെടുത്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ഇക വാർഷിക ധനകാര്യപത്രികയിൽ ബന്ധപ്പെട്ട ഹെഡ്ഡിലല്ല ഉൾപ്പെടുത്തിയത്. വാർഷിക ധനകാര്യപത്രികയിൽ ടി ഇക അക്കൗണ്ട് ചെയ്തതിന്റെ വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭിച്ചില്ല.

1-1-8 വരവ് കണക്കുകൾക്ക് ആധാരമായ വിവരങ്ങൾ ലഭ്യമാക്കിയില്ല

റസീപ്റ്റ് ഓൺ എക്സസ് പേയ്മെന്റ് ആയി (R9 -Other Income) ഉൾപ്പെടുത്തിയ 39,22,380/- രൂപയുടെ വരവ് സംബന്ധിച്ച കണക്കുകൾ ബോധ്യപ്പെടുത്താൻ ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കിയില്ല.

1-1-9 തൊഴിൽരഹിത വേതനം ചെലവുകൾ അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടില്ല

തൊഴിൽരഹിത വേതനമിനത്തിൽ 18,000/-രൂപ ചെലവഴിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തലുകളുണ്ട്. എന്നാൽ ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ 1-6 ഷെഡ്യൂളിൽ പ്രസ്തുത ചെലവ് രേഖപ്പെടുത്തിയിട്ടില്ല.

1-1-10 ഡിപ്രീസിയേഷൻ- ജേണൽ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ എന്നിവ സൂക്ഷിച്ചിട്ടില്ല

ആസ്തികൾക്ക് തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജേണൽ വൗച്ചർ, ഡിപ്രീസിയേഷൻ കണക്കാക്കിയ വർക്ക് ഷീറ്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വാഹനങ്ങൾക്ക് നൽകിയ ഡിപ്രീസിയേഷൻ ആസ്തിമൂല്യത്തെ അധികരിക്കുന്ന സ്ഥിതിയുമുണ്ട്.

1-1-11 IDSMT പദ്ധതിയുടെ മിച്ചത്തുക വാർഷിക ധനകാര്യ പത്രികയുടെ ബി-4 ഷെഡ്യൂളിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല

കേരള ഗ്രാമീൺ ബാങ്കിന്റെ 40556101038125 അക്കൗണ്ട് നമ്പരിൽ മിച്ചം നിൽക്കുന്ന IDSMT പദ്ധതിയുടെ 1,30,76,488/- രൂപ (പലിശസഹിതം) 2024-25 സാമ്പത്തിക വർഷവും വാർഷിക ധനകാര്യ പത്രികയുടെ ക്ലോസിംഗ് ബാലൻസ് ഷെഡ്യൂളിൽ നിലനിൽക്കുന്നുണ്ട്. അവശേഷിക്കുന്ന ഈ ഇക തിരിച്ചടക്കുവാൻ സർക്കാരിൽ നിന്നും ആവർത്തിച്ചുള്ള നിർദ്ദേശമുണ്ടായിരുന്നു. നിർദ്ദിഷ്ട ഫണ്ട് 31.03.2007-നു ശേഷം കേന്ദ്രസർക്കാർ വിതരണം നിർത്തലാക്കിയിട്ടുള്ളതാണ്. പ്രസ്തുത ഇക തിരിച്ചടയ്ക്കാൻ നഗരസഭ നടപടി സ്വീകരിക്കണം. കൂടാതെ വാർഷിക ധനകാര്യ പത്രികയുടെ ബി-4 ഷെഡ്യൂളിൽ ഈ ബാധ്യത ഉൾപ്പെടുത്താതെയാണ് പത്രിക തയ്യാറാക്കിയിട്ടുള്ളത്. മേൽ വിഷയങ്ങൾക്ക് വിശദീകരണം ലഭ്യമാക്കിയില്ല.

1-1-12 ധനകാര്യകമ്മീഷൻ ഗ്രാന്റ്- വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യപത്രിക പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ ആകെ 1,24,95,518/- രൂപയുടെ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം 1,42,21,457/- രൂപയാണ് രേഖപ്പെടുത്തിയത്. കണക്കുകളിലെ വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല.

1-2 ബജറ്റ്

2024-25 വർഷത്തെ ബജറ്റ് 13.02.2024-ൽ പാസ്സാക്കിയിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് 27.03.2025-ലെ I(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

	വരവ്	ചെലവ്
ബജറ്റ് പ്രകാരം	21,76,88,819/-	17,80,46,799/-
വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം)	18,42,84,618/-	17,50,70,365/-

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	7,75,62,825
വരവ്	12,97,67,076
ആകെ	20,73,29,901
ചെലവ്	12,59,59,448
നീക്കിയിരിപ്പ്	8,13,70,453

1-4 ഫണ്ട് വിനിയോഗം (വാർഷിക ധനകാര്യ പത്രിക പ്രകാരം)

ഫണ്ടിനം	മുന്നിരുപ്പ്	അലോട്ട്മെന്റ് വരവ്	ആകെ	സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെയുള്ള ആകെ ചെലവ്	ലാപ്സായ തുക/ബാങ്ക്
വികസന ഫണ്ട്-പൊതുവിഭാഗം	0	20847555	20847555	13717645	7129910
വികസന ഫണ്ട്-എസ്.സി.പി	0	15728445	15728445	8099713	7628732
സംരക്ഷണ ഗ്രാന്റ്-റോഡ്	0	13518000	13518000	4260900	9257100
സംരക്ഷണ ഗ്രാന്റ്-നോൺ റോഡ്	0	5942000	5942000	3655179	2286821
സി.എഫ്.സി -ടൈഡ്	8458421	6322217	14780638	5538404	9242234
സി.എഫ്.സി -അൺ ടൈഡ്	7216747	3808052	11024799	6957114	4067685
സി ഹെൽത്ത് ഗ്രാന്റ്	2556277	1700000	4256277	1613896	2642381

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ചത്-ശതമാനം
254	126790076	136	48804329	118	53.54%

1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി	4,900	3799451	38,04,351	37,99,319	5,032

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	18000	26
കർഷകതൊഴിലാളി പെൻഷൻ	2458800	143
വിധവാ പെൻഷൻ	12234000	789
വാർദ്ധക്യകാല പെൻഷൻ	33111700	2124
വികലാംഗ പെൻഷൻ	3466300	220
അവിവാഹിത പെൻഷൻ	810400	50

1-8 ക്യാഷ് പരിശോധന സാക്ഷ്യപത്രം

മാവേലിക്കര നഗരസഭയുടെ 2024-25 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.01.2026-ൽ 03.10 പി.എം.ന് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 2,48,193/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

നഗരസഭയുടെ ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാകേണ്ടതുണ്ട്. ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്ന പ്രോജക്ടുകളുടെ 54 ശതമാനത്തിൽ താഴെമാത്രമാണ് തൻവർഷം നടപ്പാക്കപ്പെട്ടത്(പദ്ധതി നിർവ്വഹണ വിവരം ഖണ്ഡിക 1-9-1 ആയി പ്രത്യേകം ചേർത്തിരിക്കുന്നു) പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. വാർഷിക പദ്ധതി പ്രകാരമുള്ള പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതി കൃത്യമായ ഇടവേളകളിൽ അവലോകനത്തിന് വിധേയമാക്കുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റികളും, വർക്കിംഗ് ഗ്രൂപ്പുകളും തങ്ങൾക്ക് ചുമതലയുള്ള മേഖലകളിലെ പ്രോജക്ടുകളുടെ നിർവ്വഹണം ഫലപ്രദമായി മോണിട്ടറിംഗ് നടത്തുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

2) നികുതി/നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും, വരവ് തുകകൾ കൃത്യമായി പിരിച്ചെടുക്കുന്ന കാര്യത്തിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഫലപ്രദമായ ഇടപെടൽ നടത്തുന്നില്ല. ഓഡിറ്റ് പരിശോധനയിൽ, സുപ്രധാന സ്ഥാപനങ്ങൾ പ്രവർത്തിച്ച് വരുന്ന പല കെട്ടിടങ്ങൾക്കും നികുതി നിർണ്ണയം പോലും നടത്തപ്പെട്ടിരുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടു. വസ്തു നികുതി പിരിവ് കാര്യക്ഷമമല്ലാത്തത് നഗരസഭയ്ക്ക് ലഭ്യമാകേണ്ട ഗ്രാന്റുകളെയും ബാധിച്ചിട്ടുണ്ട് (ഖണ്ഡിക 1-17 കാണുക) കടമുറികളുടെ വാടക കൃത്യമായി പിരിച്ചെടുക്കുന്നതിലും, വാടകക്കാരുമായി നിയമാനുസൃതം കരാർ ചമയ്ക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ട്. വാടക പിരിവ് നടത്തുന്നതിന് ബൈലൊ നിലവിലില്ല.

3) നിരവധി ന്യൂനതകൾ വാർഷിക കണക്കുകളുമായി ബന്ധപ്പെട്ട് നിരീക്ഷിക്കപ്പെട്ടു. സുപ്രധാന രേഖകളായ അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, വായ്പ രജിസ്റ്റർ മുതലായവ നഗരസഭയിൽ ശരിയായ രീതിയിൽ എഴുതി പരിപാലിക്കുന്നില്ല (ഫെസ്റ്റിവൽ അഡ്വാൻസ് തുക ക്രമീകരിക്കാത്തത്

സംബന്ധിച്ച് ഖണ്ഡിക 1-34 കാണുക), കൂടാതെ തനത് വരുമാന ഇനങ്ങളുമായി ബന്ധപ്പെട്ട ലേല രജിസ്റ്റർ, ലൈസൻസ്, തൊഴിൽ നികുതി തുടങ്ങിയ രജിസ്റ്ററുകളിൽ സാമ്പത്തിക വർഷാവസാനം ഡി.സി.ബി തയ്യാറാക്കുകയും സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്ന നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല.

4)നഗരസഭാ വാഹനങ്ങളുടെ പരിപാലനത്തിൽ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും, പരിപാലനവും) ചട്ടങ്ങളിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നില്ല(ഖണ്ഡിക 1-42 കാണുക)

5) ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ, മറ്റ് നിർബന്ധിത ഡിഡക്ഷനുകൾ എന്നിവ ബന്ധപ്പെട്ട ഹെഡിൽ ഒടുക്കി നഗരസഭയുടെ ബാധ്യത കുറയ്ക്കാനാവശ്യമായ നടപടി സ്വീകരിക്കാത്തതിനാൽ വൻതുക ബാധ്യതയായി അവശേഷിക്കുന്നുണ്ട്(ഖണ്ഡിക 1-35കാണുക).

6)തെരുവു വിളക്കുകളുടെ എണ്ണം, ഇനം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ, പരാതി രജിസ്റ്റർ, ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നിക്ഷേപിക്കുന്ന തുകകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ എന്നിവ തയ്യാറാക്കുന്നില്ല. വെള്ളക്കരം ഭീമമായ തുക കുടിശ്ശികയായി വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസുകളിൽ ആവർത്തിച്ച് പരാമർശിക്കപ്പെടുമ്പോഴും നഗരസഭയിൽ നിന്ന് അടവാക്കിയ തുക സംബന്ധിച്ച് കൃത്യമായ സ്ഥിതിവിവരം രജിസ്റ്റർ ചെയ്യപ്പെട്ട് സൂക്ഷിക്കുന്നില്ല. നഗരസഭയുടെ വാർഷിക കണക്കിൽ ടി തുക ബാധ്യതയായി ഉൾപ്പെടുത്തുകയും ചെയ്ത് വരുന്നില്ല.

7)സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2018-19 വർഷം മുതൽ 2023-24 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് നഗരസഭയിൽ ലഭിച്ചെങ്കിലും ഇതേ വരെയും കൗൺസിലിൽ ചർച്ചയ്ക്ക് വെച്ച് പരിഹാര നടപടികൾ സ്വീകരിച്ചിട്ടില്ല.

8)നഗരസഭ സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകളുടെ കെ-സ്മാർട്ട് ഫയലുകൾ വർഷങ്ങൾ വേർതിരിച്ച് ലഭിക്കുന്നില്ല. ക്രോണോളജിക്കൽ ഓർഡർ പാലിക്കാതെയും, പേജ് നമ്പർ നല്കാതെയും, വ്യക്തമല്ലാത്ത വിധത്തിൽ സ്കാൻ ചെയ്തമാണ് ഫയലുകളിൽ ഏറെയും കെ-സ്മാർട്ടിൽ അപ്ലോഡ് ചെയ്തിട്ടുള്ളത്.

മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിലും മേൽ പറഞ്ഞ പല അപാകതകളും ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ആയത് പരിഹരിക്കുവാൻ യാതൊരു നടപടിയും നഗരസഭ കൈക്കൊണ്ടിട്ടില്ല. അഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പിഴവുകൾ പരിഹരിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-9-1 പദ്ധതി ചെലവ് 54 ശതമാനത്തിൽ താഴെ മാത്രം

മാവേലിക്കര നഗരസഭയുടെ 2024-25 സാമ്പത്തിക വർഷത്തിലെ പദ്ധതി ചെലവ് സംബന്ധിച്ച് പരിശോധിച്ചതിൽ, സൂലേഖ ചെലവ് പത്രിക പ്രകാരം, 12 നിർവ്വഹണോദ്യോഗസ്ഥരിലൂടെ നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്ന 254 പ്രോജക്ടുകളാണ് തൻ വർഷം ഉണ്ടായിരുന്നത്, എന്നാൽ ആകെ നടപ്പാക്കിയത് 136 പ്രോജക്ടുകൾ മാത്രം. ആകെ 54 ശതമാനത്തിൽ താഴെ അടങ്കൽ തുക മാത്രമാണ് വിനിയോഗിച്ചത് എന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. മുൻവർഷവും (2023-24) പദ്ധതി ചെലവ്, അടങ്കലിന്റെ 37.32 ശതമാനം മാത്രമാണ്. 2023-24 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-24-ൽ ഈ വിഷയം വിശദമായി പരാമർശിച്ചിട്ടുണ്ടെങ്കിലും തൻവർഷവും ചെലവ് ശതമാനം അല്പമാത്രമായാണ് മെച്ചപ്പെട്ടിട്ടുള്ളത്.

നഗരസഭ ലഭ്യമാക്കിയ കണക്കുകൾ(ചെലവ് പത്രിക) പ്രകാരം വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ	ഏറ്റെടുത്ത പ്രോജക്ടുകൾ	നടപ്പാക്കിയ പ്രോജക്ടുകൾ(പൂർണ്ണം/ ഭാഗികം)	ചെലവ് ശതമാനം

സെക്രട്ടറി, നഗരസഭ	37	27	72.97
മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	7	7	100
വ്യവസായ വികസന ഓഫീസർ	4	3	75
കൃഷി ഓഫീസർ	12	12	100
വെറ്ററിനറി സർജൻ	10	10	100
ഹെൽത്ത് സൂപ്പർവൈസർ നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ	18	10	55.55
ഹെൽത്ത് ഓഫീസർ	19	15	78.94
ഹെൽത്ത് സൂപ്പർവൈസർ	3	2	66.66
മെഡിക്കൽ ഓഫീസർ, ജില്ല ആശുപത്രി	6	6	100
പ്രിൻസിപ്പാൾ, ഗവ.എച്ച്.എസ്.എസ്.	4	2	50
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	11	10	90.90
മുനിസിപ്പൽ എൻജിനീയർ	123	32	26.01

മേൽപട്ടിക പരിശോധിച്ചാൽ മുനിസിപ്പൽ എൻജിനീയറുടെ പദ്ധതി നിർവ്വഹണം വളരെയേറെ ശുഷ്കമായിരുന്നു (26.01 ശതമാനം മാത്രം) എന്ന് കാണാം. മരാമത്തുമായി ബന്ധപ്പെട്ട പദ്ധതികൾ ഏറ്റെടുത്തവയിൽ ബഹുഭൂരിപക്ഷവും നിർവ്വഹണം നടത്താതെ വന്ന സാഹചര്യം പരിശോധിച്ച് തിരുത്തപ്പെടേണ്ടതുണ്ട്.

നിർവ്വഹണ സാദ്ധ്യത പരിശോധിച്ചശേഷം മാത്രം പ്രോജക്ടുകൾ ഏറ്റെടുക്കുവാനും ഏറ്റെടുത്തവ പൂർണ്ണമായും, സമയബന്ധിതമായി പൂർത്തിയാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. നടപ്പാക്കാനാവാത്ത പ്രോജക്ടുകൾ കണ്ടെത്തി ഒഴിവാക്കിക്കൊണ്ട് വാർഷിക പദ്ധതി യഥാകാലം പരിഷ്കരിക്കുന്നതിനും അധിക ഫണ്ട് അനുവദിക്കപ്പെട്ടിരിക്കുന്ന പ്രോജക്ടുകളിൽ നിന്ന് അവ കുറവ് ചെയ്ത് അവശ്യമായ പ്രോജക്ടുകളിലേക്ക് അധിക തുക വകകൊള്ളിച്ച് പരിഷ്കരിക്കുന്നതിനും നിർവ്വഹണോദ്യോഗസ്ഥരും സെക്രട്ടറിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഫണ്ട് ലാപ്സാകുന്നതൊഴിവാക്കാൻ ഭരണസമിതി ആവശ്യമായ മുൻകരുതൽ എടുക്കേണ്ടതാണ്. അതേപോലെ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ തൻവർഷം വന്നിട്ടുള്ള വീഴ്ച ആവർത്തിക്കാതെയിരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതാണ്.

1-10 വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത

വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) റോഡ് വിസ്തൃതിക്ക് ആനുപാതികമായി വസ്തുനികുതി ചുമത്തിയില്ല.

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിൽ അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ട ഇളവുകളും വർദ്ധനവുകളും വിശദമാക്കുന്നു. 5 മീറ്ററോ അതിൽ കൂടുതലോ പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 20 ശതമാനം വർദ്ധനവും 1.5 മീറ്ററിൽ താഴെയുള്ള വഴി സൌകര്യമുള്ള കെട്ടിടങ്ങൾക്കും പൊതുവായ വഴി സൌകര്യം ഇല്ലാത്ത കെട്ടിടങ്ങൾക്കും യഥാക്രമം 10, 20 ശതമാനം ഇളവുകളും നിർദ്ദേശിക്കുന്നുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്ററിൽ താഴെവരെ വഴി സൌകര്യത്തിന് ഇളവുകളോ വർദ്ധനവോ ഇല്ല.

ചുവടെ പട്ടികയിൽ ചേർക്കുന്ന എല്ലാ കെട്ടിടങ്ങൾക്കും 1.5 മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള വഴി സൌകര്യം എന്ന നിലക്കാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇവയ്ക്ക് 5 മീറ്ററിൽ അധികം വീതിയുള്ള വഴിസൌകര്യമുണ്ടെന്ന് കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാനിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ ഇതിൽ നിന്ന് വ്യത്യസ്തമായി സഞ്ചയയിൽ വഴി സൌകര്യം രേഖപ്പെടുത്തുന്നതിനാൽ നികുതി നിർണ്ണയിക്കുമ്പോൾ വരുത്തേണ്ട 20% വർദ്ധനവ് വരുത്തിയിട്ടില്ല. ഇതുമൂലം ഈടാക്കപ്പെടുന്ന വസ്തുനികുതിയിൽ കുറവുണ്ടായി.

ക്രമ നം.	കെട്ടിട നമ്പർ	ഉടമയുടെ പേര്	റോഡിന്റെ വിസ്തൃതി ബിൽഡിംഗ് കംപ്ലീഷൻ പ്ലാൻ പ്രകാരം	കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം	വസ്തു നികുതി നിരക്ക്	വഴി സൌകര്യത്തിനു ഈടാക്കേണ്ട വർദ്ധനവ് (20 %)
1	1/ 122	എ ബെഞ്ചമിൻ,ആലുമൂട്ടിൽ Dwellings For Own House, Home Stay,One Or Two Rooms For Home Stay Up To 300 Sqr. Mtr	11 മീ	49.26 ച.മീ	16.54	163
2	3/136	ഷെർലി കുരുവിള Dwellings For Own House, Home Stay,One Or Two Rooms For Home Stay Up To 300 Sqr. Mtr	7 മീ	244.14 ച.മീ	15.75	770
3	9/292/1	കുര്യൻ വർഗീസ് സ്വകാര്യ ഹോസ്റ്റൽ	5മീ മുനിസിപ്പൽ റോഡ്	717.14 ച.മീ	78.75	11295
4	9/292/2	കുര്യൻ വർഗീസ് സ്വകാര്യ ഹോസ്റ്റൽ	5മീ മുനിസിപ്പൽ റോഡ്	749.79 ച.മീ	78.75	11810
ആകെ						24,038 /-

ബി)2024-25 സാമ്പത്തിക വർഷം നികുതി നിർണ്ണയിച്ച ചുവടെ ചേർക്കുന്ന കെട്ടിടത്തിന്റെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയില്ല.തറയുടെ നിർമ്മിതി മേൽത്തരമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, വസ്തു നികുതി നിർണയിക്കുമ്പോൾ അതനുസരിച്ച് വരേണ്ട വർധനവ് പ്രതിഫലിച്ചിട്ടില്ല.

വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നിരക്ക്(₹/ച.മീ)	
100 ച.മീറ്റർ വരെയുള്ളവ	₹ 77.70/-
100 ച.മീറ്റർ മുതൽ 500 ച.മീറ്റർ വരെയുള്ളവ	₹ 99.75/-

500 ച.മീറ്ററിനു മുകളിൽ	₹ 105.00/-

ഉടമയുടെ പേര്, നികുതി നിർണയിച്ച തീയതി	കെട്ടിട നം., തറ വിസ്തീർണ്ണം(കെസ്മാർട്ട് പ്രകാരം)	2024-25 വർഷം കണക്കാക്കിയ വസ്തുനികുതി, കെസ്മാർട്ട് പ്രകാരം കണക്കാക്കിയ വസ്തു നികുതി നിരക്ക്	കണക്കാക്കേണ്ട വസ്തുനികുതി നിരക്ക്/ ഉപയോഗക്രമം	കുറവ്
	6/147/1 173.55 ച.മീ ഗ്രൗണ്ട് ഫ്ലോർ ഷോപ്പ് തറയുടെ തരം -മേൽത്തരം	173.55 X 105 = 18222.75/- റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്- 20%-3644.55/- എ.സി അടിസ്ഥാനത്തിൽ വർദ്ധനവ്-10%- 1822.275/- ആകെ- 23,690/-	173.55 X 105 = 18222.75 /- റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്- 20%-3644.55 /- തറയുടെ അടിസ്ഥാനത്തിൽ വർദ്ധനവ്-15%- 2733/- എ.സി അടിസ്ഥാനത്തിൽ വർദ്ധനവ്-10%- 1822.275/- ആകെ- 26,423/-	2,733
അജിത് പി മാത്യു 07.05.2024	6/147/2 349.6 ച.മീ 1st ബേസ്മെന്റ് ഷോപ്പ് തറയുടെ തരം -മേൽത്തരം	349.6 X 99.7 = 34855.12/- റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%- 6971.024/- ആകെ- 41827/-	349.6 X 105 = 36708/- റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%- 7341.6/- തറയുടെ അടിസ്ഥാനത്തിൽ വർദ്ധനവ്-15%- 5506.2/- ആകെ- 49556/-	7,729
	6/147/3 148.48 ച.മീ ഗ്രൗണ്ട് ഫ്ലോർ ഷോപ്പ് തറയുടെ തരം -മേൽത്തരം	173.55 X 105 = 18222.75/- റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%- 3644.55/- എ.സി അടിസ്ഥാനത്തിൽ വർദ്ധനവ്-10%-	173.55 X 105 = 18222.75/- റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%- 3644.55/- എ.സി അടിസ്ഥാനത്തിൽ വർദ്ധനവ്-10%-	2,733

	1822.275/- ആകെ- 23690/-	1822.275 /- തറയുടെ അടിസ്ഥാനത്തിൽ വർദ്ധനവ്-15%- 2733.4125/- ആകെ- 26423/-	
ആകെ			13,195/-

മേൽ രണ്ടു പട്ടികകൾ പ്രകാരം വസ്തു നികുതി നിർണ്ണയത്തിൽ ആകെ 37,233/- രൂപയുടെ കുറവ് വന്നു. അപാകത പരാമർശിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (4/24.01.2026), വസ്തു നികുതി റീ അസസ്സ് ചെയ്ത് ആയതിന്റെ ഫോം 6, പുതിയ ഡിമാന്റ് നോട്ടീസ് എന്നിവ ഉള്ളടക്കം ചെയ്ത് മറുപടി ലഭ്യമാക്കി. കുറവു വന്ന വസ്തു നികുതി ഈടാക്കി രസീതിന്റെ വിശദാംശം സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-11 വസ്തു നികുതി അടയ്ക്കാതെ നിരവധി കെട്ടിടങ്ങൾ നഗരസഭയിൽ പ്രവർത്തിക്കുന്നു

മാവേലിക്കര മുനിസിപ്പാലിറ്റിയിൽ നിരവധി വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ വസ്തു നികുതി അടയ്ക്കാതെയാണ് പ്രവർത്തിക്കുന്നത്. പട്ടികയിൽ ചേർത്തിട്ടുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വിശദാംശങ്ങൾ കെ-സ്മാർട്ട് ഡേറ്റാബേസ് സോഫ്റ്റ്വെയറിൽ ലഭ്യമല്ല. ആയതിനാൽ പട്ടികയിൽ പരാമർശിച്ചിരിക്കുന്ന 21 സ്ഥാപനങ്ങളിൽ സ്ഥല പരിശോധന നടത്തി സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം മരാമത്ത് വിഭാഗം മുഖേന (LID & EW) അളന്ന് തിട്ടപ്പെടുത്തുകയും, കൂടാതെ കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, കെട്ടിടത്തിന്റെ കാലപ്പഴക്കം, കടന്നുപോകുന്ന റോഡിന്റെ പേര്, വഴി വിസ്തീർണ്ണം, കേന്ദ്രീകൃത ശീതീകരണ സംവിധാനം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കി ഓഡിറ്റിൽ ലഭ്യമാക്കാൻ ഓഡിറ്റ് എൻകയറിയിലൂടെ (നം. 32/30.01.2026) ആവശ്യപ്പെട്ടു.

നം.	സ്ഥാപനത്തിന്റെ വിശദാംശം
1	ഐ.ഡി.ബി.ഐ ബാങ്ക് മാവേലിക്കര
2	സാന്ദ്ര / സന്തോഷ് തീയറ്റർ
3	കേരള മാട്ടിമോണി
4	ഇന്ത്യൻ ഓവർസീസ് ബാങ്ക്
5	മർത്തോമ ഓഡിറ്റോറിയം
6	കോ – ഓപ്പറേറ്റീവ് ഓഡിറ്റോറിയം
7	എച്ച്.ഡി.എഫ്.സി ബാങ്ക്, രേവതി കോംപ്ലക്സ്
8	എച്ച്.ഡി.എഫ്.സിബാങ്ക്(മണപ്പുള്ളിൽ ബിൽഡിംഗ്)
9	സാന്റാമോണിക്ക സ്റ്റഡി എബ്രോഡ്, പുതിയകാവ്
10	ഫെഡറൽ ബാങ്ക്

11	താജ് മാർബിൾസ്
12	മോർ സൂപ്പർമാർക്കറ്റ്
13	Icici Bank
14	ബി.ഹഡ് അക്കാഡമി
15	ധന ലക്ഷ്മി ബാങ്ക്
16	ഐ.സി.ഐ.സി.ഐ ബാങ്ക്
17	സൌത്ത് ഇന്ത്യൻ ബാങ്ക്
18	ബാങ്ക് ഓഫ് ബറോഡ എൻ.ആർ.ഐ ബ്രാഞ്ച്
19	മിൽക് സപ്ലൈസ് കോർപ്പറേഷൻ സൊസൈറ്റി
20	ഇന്ത്യൻ ഓവർസീസ് ബാങ്ക് മറ്റം, മാവേലിക്കര
21	വി.എസ്.എം ഹോസ്പിറ്റൽ

ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ 6 കെട്ടിടങ്ങളുടെ വിസ്തൃതി അളന്ന് രേഖകൾ ലഭ്യമാക്കി. കെട്ടിടങ്ങളുടെ വസ്തു നികുതി തിട്ടപ്പെടുത്തി ലഭ്യമാക്കിയത് ചുവടെ പട്ടികയിൽ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ വിശദാംശം	സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വിസ്തൃതി (ച.മീ)	അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീ)	വസ്തു നികുതി
1	താജ് മാർബിൾസ്	547.41	105	57478.05
2	ഐ.ഡി.ബി.ഐ ബാങ്ക്	143.60	99.75	14324.1
3	ബാങ്ക് ഓഫ് ബറോഡ	230	99.75	22942.5
4	സാന്റാ മോണിക്ക	328.48	99.75	32765.88
5	ഐ.സി.ഐ.സി.ഐ ബാങ്ക്	263.80	99.75	26314.05
6	ഫെഡറൽ ബാങ്ക്	340.80	99.75	33994.8
ആകെ				187819.38

വിസ്തൃതി അളന്ന് കെട്ടിടങ്ങളുടെ വസ്തു നികുതി തിട്ടപ്പെടുത്തിയപ്പോൾ, പ്രതിവർഷം അടിസ്ഥാന വസ്തുനികുതിയിൽ 187820 /- രൂപയുടെ നികുതി ചോർച്ചയുണ്ടാകുന്നുണ്ട്. പട്ടികയിൽ ചേർത്തിട്ടുള്ള മറ്റു കെട്ടിങ്ങളുടേയും വിസ്തൃതി അളന്ന് ഫോം 6, പുതിയ ഡിമാന്റ് നോട്ടീസ്, തുടങ്ങി നികുതി നിർണ്ണയിച്ചതും നികുതി ഒടുക്കിയതുമായ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. നികുതി ചുമത്താൻ വിട്ടുപോയിട്ടുള്ള മറ്റു കെട്ടിടങ്ങളെയും കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 വസ്തു നികുതി ഇനത്തിലെ കുടിശ്ശിക കണക്കുകളിൽ പൊരുത്തക്കേട്

മാവേലിക്കര മുനിസിപ്പാലിറ്റിയിൽ വസ്തുനികുതി ഇനത്തിൽ തൻവർഷാരംഭം കുടിശ്ശിക ഡിമാന്റായി ഉൾപ്പെടുത്തിയിട്ടുള്ള തുകയിൽ നിന്നും തൻവർഷത്തെ അരിയർ കളക്ഷൻ തുക ഒഴിവാക്കുമ്പോൾ ബാക്കി വരേണ്ട തുകയുമായി ഈ ഇനത്തിൽ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള തുക പൊരുത്തപ്പെടുന്നില്ല. Receivables For Property Taxes (Arrears) എന്ന ലഡ്ജറിന്റെ പരിശോധനയിൽ Prior Period Income ഹെഡിൽ ഉൾപ്പെടുത്തി ജേണൽ വൗച്ചറുകൾ മുഖേന 3058663 രൂപ കുടിശ്ശിക വസ്തുനികുതി ഒഴിവാക്കിയിട്ടുണ്ട്.

2024-25 വർഷം വസ്തു നികുതി ഇനത്തിൽ ഒഴിവാക്കി നല്കിയ തുകയുടെ ആധികാരികത പരിശോധിക്കാൻ രേഖകൾ ആവശ്യപ്പെട്ടത് പ്രകാരം (ഓഡിറ്റ് എൻകൃയറി നം. 38/03.02.2026) ലഭ്യമാക്കിയ മറുപടിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	ഇനം	തുക
1	ഡേറ്റാ പ്യൂരിഫിക്കേഷൻ മുഖേന നടത്തിയ ഒഴിവാക്കൽ	4,48,852
2	റവന്യൂ റിക്കവറി നടപടികൾ ഉള്ളതിനാൽ ഒഴിവാക്കിയത്	1,33,66,020
3	ഡിമോളിഷൻ	8,16,967
4	അർഹതപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കൽ നല്കൽ (വിമുക്ത ഭടന്മാർക്ക് ലഭിക്കുന്ന ഒഴിവ്)	6,41,103
5	അർഹതപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കൽ നല്കൽ(യൂ ആർ)	9,384
6	അർഹതപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കൽ നല്കൽ (60 ച.മീ)	2,59,830
7	മുൻവർഷങ്ങളിൽ വസ്തു നികുതി ഒടുക്കിയിട്ടുള്ള കെട്ടിടങ്ങളുടെ രസീത് യഥാസമയം സഞ്ചയയിൽ പോസ്റ്റ് ചെയ്യാതിരുന്നതിനാൽ വന്നിട്ടുള്ള കുടിശ്ശിക	കെ സ്മാർട്ടിൽ വിവരം ലഭ്യമല്ല
	ആകെ	1,55,42,156

കുടിശ്ശിക ഇനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ട തുക കൃത്യമായി അക്കൌണ്ട് ചെയ്യപ്പെടുന്നുണ്ടെന്നതും 1999 ലെ മുനിസിപ്പാലിറ്റി (വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതി തള്ളൽ) ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്നതും ഉറപ്പാക്കേണ്ടതാണ്.

1-13 അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല

27.06.2024 തീയതിയിലെ സ.ഉ.(സാധാ)നം.1149/2024/LSGD നമ്പർ ഉത്തരവ് പ്രകാരം പരിഷ്കരിച്ച സ്ലാബിനനുസൃതമായി 2024-25 സാമ്പത്തിക വർഷത്തെ രണ്ടാം അർദ്ധവർഷം മുതൽ തൊഴിൽ നികുതി പുതുക്കിയ നിരക്കിലാണ് ഈടാക്കേണ്ടത്.

എന്നാൽ നഗരസഭയുടെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററും ഫയലുകളും പരിശോധിച്ചതിൽ രണ്ടാം അർദ്ധവർഷം പുതുക്കിയ നിരക്കിന് അനുസൃതമായി അയ്യപ്പാസ് മാവേലിക്കര എന്ന സ്ഥാപനത്തിൽ നിന്നും മേൽ സൂചിപ്പിച്ചിരിക്കുന്ന ഉത്തരവ് പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല (രസീത് നം. R2-M040200-24015902/07.03.2025). വിശദാംശം ചുവടെ ചേർക്കുന്നു.

ജീവനക്കാരന്റെ പേര്	അർദ്ധവാർഷിക വരുമാനം	ഈടാക്കിയ നികുതി	ഈടാക്കേണ്ട നികുതി	നഷ്ടം
അയ്യപ്പൻ.എസ്	72000	600	750	150
സുബ്രഹ്മണ്യൻ.വി	72000	600	750	150
ജവഹർ.ജി	72000	600	750	150
ബാല	72000	600	750	150

സുബ്രഹ്മണ്യൻ				
സജി കെ	57000	450	750	300
ശ്രീകുമാർ.ടി	57000	450	750	300
ശാന്തിയാഹ ജെബാസ്റ്റ്യൻ	57000	450	750	300
തങ്കരാജ്	57000	450	750	300
അനിൽകുമാർ	57000	450	750	300
ചിത്താരണ്ടി	57000	450	750	300
സുന്ദര് രാജ്	57000	450	750	300
ഗണപതി ഈശ്വരൻ	57000	450	750	300
ലക്ഷ്മണരവികുമാർ	57000	450	750	300
മുത്തുസാമി	57000	450	750	300
ഫിലിപ്പ്	57000	450	750	300
തങ്കമാരി	57000	450	750	300
മാരിയപ്പൻ പി	57000	450	750	300
സഞ്ജീവൻ	57000	450	750	300
മദൻ രാജ്	57000	450	750	300
ശ്രീനിവാസൻ എസ്	57000	450	750	300
സെൽവ രാജ്	57000	450	750	300
മാടസാമി	57000	450	750	300
സുബ്രമണ്യൻ.ആർ	57000	450	750	300
എൻ.പണ്ടാരം	57000	450	750	300
മൂർത്തി	57000	450	750	300
ബിരാമനായഗം	57000	450	750	300
സുബ്രഹ്മണ്യൻ ആർ	57000	450	750	300
മാരിയപ്പൻ.എസ്	57000	450	750	300
മുരുഗൻ കെ	57000	450	750	300
അയ്യപ്പൻ.ഇ	57000	450	750	300
ആനന്ദ കുമാർ	57000	450	750	300
മരുതയ്യഃ	57000	450	750	300
ഗണപതി എ	57000	450	750	300
കണ്ണൻ	57000	450	750	300
മൈക്കൽ ജഗദേശ്	57000	450	750	300
സുനിൽ	57000	450	750	300
കറുപ്പസാമി	57000	450	750	300
രാധാ കൃഷ്ണൻ	57000	450	750	300
മാരിയപ്പൻ എസ്	57000	450	750	300

അയ്യപ്പൻ ടി	42000	300	600	300
കാസി വിശ്വനാഥൻ	42000	300	600	300
അബ്ദുൾ കലാം	42000	300	600	300
വീര ബാലസുബ്രഹ്മണ്യൻ	42000	300	600	300
രമേഷ് ബാബു	42000	300	600	300
മഹാരാജാ	42000	300	600	300
നാഗരാജ്	42000	300	600	300
വസിം ബാരി	42000	300	600	300
വിജയൻ ആർ	42000	300	600	300
വേലായുധം	42000	300	600	300
നവനീതൻ	42000	300	600	300
മോഹൻ ദാസ്	42000	300	600	300
ശ്രീനിവാസൻ സി	42000	300	600	300
വർഗീസ് പി പി	57000	450	600	150
ഉഷാ കുമാരി	57000	450	600	150
പ്രസന്ന കുമാരി	57000	450	600	150
വസന്ത കെ	57000	450	600	150
അമ്പിളി	57000	450	600	150
വിശ്വലക്ഷ്മി	57000	450	600	150
സുലേഖ	42000	300	600	300
ബിന്ദു	42000	300	600	300
ബീന	42000	300	600	300
ദീപ	42000	300	600	300
വത്സല കുമാരി	42000	300	600	300
ജലജ	42000	300	600	300
ശാലിനി	42000	300	600	300
ബിന്ദു സതീഷ്	42000	300	600	300
ശ്രീ ലേഖ	42000	300	600	300
അനിത	42000	300	600	300
ലക്ഷ്മി	42000	300	600	300
പ്രിയ	42000	300	600	300
	ആകെ നഷ്ടം			19,500/-

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/29.01.2026) കുറവു വന്ന തൊഴിൽ നികുതി ഈടാക്കുന്നതിനായി അറിയിപ്പ് നൽകുന്നതാണെന്ന് മറുപടി ലഭ്യമാക്കി. മേൽ പരാമർശിച്ച സ്ഥാപനത്തിൽ നിന്നും കുറവ് വന്ന തൊഴിൽ നികുതി 19,500/- രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-14 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല

നഗരസഭയുടെ തൊഴിൽ നികുതി രജിസ്റ്റർ, 2024-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി റിട്ടേൺ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അർദ്ധവർഷ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

ക്രമ നം.	സ്ഥാപനത്തിന്റെ വിശദാംശം	തൊഴിൽനികുതി ഈടാക്കുവാനുള്ള അർദ്ധവർഷം
1	റിലയൻസ് റീടെയിൽ ട്രന്റ്സ്	II
2	പരിമൾ സെയിൽസ് സർവീസ് പ്രൈ. ലി	I & II
3	മലയ ഡിസ്പെൻസറി, എംവികെ	II
4	ടിയുവി റൈൻലാൻഡ് എൻഐഎഫ്ഇ അക്കാദമി	I & II
5	മെൽക്കർ ഫിനാൻസ് & ലീസിംഗ് പ്രൈവറ്റ് ലിമിറ്റഡ്	I & II
6	ഐ.ഡി.ബി.ഐ ബാങ്ക് മാവേലിക്കര	II
7	അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി കല്ലുമല	II
8	മാവേലിക്കര മുനിസിപ്പാലിറ്റി എൽ.ഐ.ഡി ആന്റ് ഇഡബ്ല്യു വിംഗ്	II
9	A O M M LPS - മാവേലിക്കര	II
10	Reginonal Artificial Insemination Center	II
11	സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്	II
12	അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ് 1	II
13	താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്	II
14	ശ്രീ ഗോകുലം മോട്ടോഴ്സ് ആൻഡ് സർവീസസ് പ്രൈവറ്റ് ലിമിറ്റഡ്	II
15	വിക്രം സാരാഭായ് പ്രൈവറ്റ് ലിമിറ്റഡ്	I
16	സ്വതന്ത്ര മൈക്രോ ഫിനാൻസ്	I & II
17	ലക്ഷ്മി കഫേ	I & II
18	Y Not Botique	I & II
19	നെടിയത്ത് പുനരധിവാസ കേന്ദ്രം	I & II
20	രത്നം ഹോട്ടൽ	I
21	അപരിജിത	I
22	വയലാടി റെസ്റ്റോറന്റ്	I
23	കേകീൻ ഹോട്ടൽ	I
24	പ്രീമിയർ ട്രേഡ് ലിങ്ക്	I
25	പ്രീമിയർ ട്രേഡേഴ്സ് പുതിയകാവ്	I
26	Menethu ഓട്ടോ കെയർ	I
27	മനോജ് ഹോട്ടൽ	I
28	എസ്എംസി ഫിനാൻസ് ലിമിറ്റഡ്	II

29	എബിഎസ് സ്മാർട്ട് കെയർ	II
30	ലൈഫ് കെയർ	II
31	അശ്വതി ട്രേഡ് ലിങ്ക്സ്	II
32	ഇൻഡസ് ലാന്റ്	II
33	മലയാള മനോരമ മാർക്കറ്റിംഗ് അസിസ്റ്റന്റ്	II
34	പുലിമൂട്ടിൽ Fuels	I
35	സിൻഡ്രെല്ല ഫാമിലി ബ്യൂട്ടി സ്പാ	I
36	ക്യാൻ അപ്രൂവ് കൺസൾട്ടൻസി	I & II
37	ബാസ്കര സൂപ്പർമാർക്കറ്റ്	I & II
38	കേണൽസ് അക്കാഡമി ഫോർ യൂ	I & II
39	റോമായി ഇലക്ട്രിക്കൽ സ്റ്റോർ	I & II
40	റിലയൻസ് പെട്രോൾ പമ്പ്(V)	I & II
41	മാധുര്യ കേറ്ററിംഗ്	I & II
42	എബി മാർട്ട്	I & II
43	എബി സ്റ്റീൽസ്	I & II
44	CEEBEES Bike Store	I & II
45	മീനാക്ഷി വിഷൻ കെയർ ആന്റ് ഐ ക്ലിനിക്ക്	I & II
44	റിയന്റ് ക്രഡിക്ട്സ്	I & II
45	ജോർജിയൻ ഫിനാൻസ്	I & II
46	ശ്രീ ആയുർവേദ ക്ലിനിക്ക്	I & II
47	സ്റ്റാർ ഇലക്ട്രിക്ക് സർവീസ്	I & II
48	ബെർലിനർ ഓവർസീസ് എഡ്യൂക്കേഷണൽ കൺസൾട്ടൻസി	I & II
49	ന്യൂ ഉദയാ മോട്ടോഴ്സ്	I & II
50	അനിൽ കുമാർ ഡി(3 സ്റ്റാർ ഹോട്ടൽ, വാർഡ്-6)	I & II
51	രേവതി മാർബിൾസ്	I & II
52	Ashot എഡ്യൂക്കേഷൻ ആന്റ് കൺസൾട്ടൻസി പ്രൈ. ലി.	I & II
53	പോപ്പുലർ വെഹിക്കിൾസ്	I & II
54	ജെമിനി ടി.വി സെന്റർ	I & II
55	ബ്രദേഴ്സ് ഡ്രൈവിംഗ് സ്കൂൾ	I & II
56	വി.എസ്.എം ഹോസ്പ്പിറ്റൽ ക്യാന്റീൻ	I & II
57	വൈജഡി ഇലക്ട്രിക് സ്റ്റേഴ്സ്	I & II
58	ഗ്രേസി ഉമ്മൻ, ന്യൂ ഷോർ സ്റ്റഡി എബ്രോഡ്	I & II
59	അനിയൻ കാറ്ററിംഗ് സർവീസ്	I & II
60	മറീന കാറ്ററിംഗ് സർവീസ്	I & II

61	സ്കൈ നെറ്റ് ജന സേവന കേന്ദ്രം	I & II
62	ന്യൂ ഷോർ സ്റ്റഡി എബ്രോഡ്	I & II
63	വെള്ളക്കാട്ടിൽ തീയറ്റർ	I & II
64	നാഷണൽ കോളേജ് മാവേലിക്കര	I & II
65	ടെസ്‌ല എൻട്രൻസ് അക്കാഡമി, പുതിയകാവ്	I & II
66	ബാറ്റ ഷോറൂം	I & II
67	സാന്ദ്ര തിയറ്റർ (വാർഡ് 10)	I & II
68	എം.ഇ.സി.എസ് കോ-ഓപ്പറേറ്റീവ് കോളേജ്	I & II
69	ശ്രീ ഭദ്ര ഫ്യൂവൽസ് (വാർഡ് 10)	I & II
70	CAAD Center	I & II
71	ജിയോ ജിത്ത് ഫിനാൻഷ്യൽ സർവീസസ്	I & II
72	പള്ളത്ത് ഗ്യാസ് ഏജൻസീസ്	I & II
73	കോ-ഓപ്പറേറ്റീവ് ബാങ്ക് (വാർഡ് – 24)	I & II
74	കോറൽ ഗ്യാസ് ഏജൻസി (വാർഡ് -10)	I & II
75	ക്ലറിയോൺ മ്യൂസിക്ക്	I & II
76	ലുമിനീസ് ഇൻസ്റ്റിട്ട്യൂട്ട് ഓഫ് സ്കിൽ ആന്റ് ടെയിനിംഗ്	I & II
77	NRJM ഫിനാൻഷ്യൽ സർവീസ്	I & II
78	വിന്നേഴ്സ് അക്കാഡമി	I & II
79	എം.ആർ. ഫ്യൂവൽസ്	I & II
80	പവിത്ര സ്കൂൾ ഓഫ് ഡാൻസ്	I & II
81	ലോറൽ ബിൽഡേഴ്സ്	I & II
82	സിബിസ് ബാഡ്മിന്റൺ അക്കാഡമി	I & II
83	ആനന്ദ ബാങ്ക്	I & II
84	മോട്ടോർ വെൽഫയർ സൊസൈറ്റി, വാർഡ് - 24	I & II
85	എഡ്യൂമേറ്റ് സ്റ്റഡി സെന്റർ	I & II
86	നോർമ വെൽഫയർ സൊസൈറ്റി	I & II
87	താജ് മാർബിൾസ്	I & II
88	കേരള മാടിമോണി	I & II
89	ഇന്ത്യൻ ഓവർസീസ് ബാങ്ക് മറ്റം	I & II
90	മർത്തോമ ഓഡിറ്റോറിയം	I & II
91	വടക്കേവീട്ടിൽ ഫിനാൻസ്	I & II
92	ലിറ്റിൽ കിംഗ്ഡം പ്ലേ സ്കൂൾ	I & II
93	ഡാറ്റാ ടെക്ക് അക്കാഡമി	I & II
94	ബ്രൈറ്റ് വേ എഡ്യൂക്കേഷൻ, വാർഡ് – 23	I & II
95	ക്രാഫ്റ്റിയോ മീഡിയ	I & II

96	മാസ്റ്റേഴ്സ് ടാലി അക്കാഡമി	I & II
97	ചെങ്ങന്നൂർ നിധി ലീ	I & II
98	ബാലാജി ഡ്രൈവിംഗ് സ്കൂൾ	I & II
99	ശാന്തിഗിരി ആയുർവേദ,വാർഡ് -3	I & II
100	എച്ച്.പി.ഫ്യൂവൽസ്(മോഹൻ കമാർ വാർഡ് -4)	I & II
101	കടവിൽ ഫ്യൂവൽസ്	I & II
102	ഇംപീരിയൽ കോളേജ്	I & II
103	ജെ.സി.ജെ.സി.ജെ ബാങ്ക്	I & II
104	കെ.എഫ്.സി മാവേലിക്കര	I & II
105	IHRD അപ്ലൈഡ് സയൻസ് കോളേജ് തഴക്കര	I & II
106	IHRD അപ്ലൈഡ് സയൻസ് കോളേജ് മാവേലിക്കര	I & II
107	കോ – ഓപ്പറേറ്റിവ് ഓഡിറ്റോറിയം	I & II
106	എച്ച്.ഡി.എഫ്.സി ബാങ്ക്, രേവതി കോംപ്ലക്സ്	I & II
107	എച്ച്.ഡി.എഫ്.സി ബാങ്ക്(മണപ്പള്ളിൽ ബിൽഡിംഗ്)	I & II
108	സാന്റാമോണിക്ക സ്റ്റഡി എബ്രോഡ്, പുതിയകാവ്	I & II
109	GEEBEE എഡ്യൂക്കേഷൻ	I & II
110	സാൽവേ മരിയ സ്റ്റഡി എബ്രോഡ്	I & II
111	കേരള ഹൌസിംഗ് ഫിനാൻസ് ലി.	I & II
112	ബെർലീനർ ഓവർ സീസ്	I & II
113	ഹോട്ടൽ സിക്സർ	I & II
114	AERO ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്ക്നോളജി	I & II
115	പ്ലേ സോൺ ബാഡ്മിന്റൺ ടർഫ്	I & II
116	മിത്ര സ്കൂൾ ഓഫ് മെഡിക്കൽ സ്ക്രൈബിംഗ്	I & II
117	കൊമ്പശ്ശേരിൽ ജ്വവലേഴ്സ്	I & II
118	ദാക്ഷിം ഫിനാൻസ്(നെഡ്സ്റ്റാറിനു സമീപം)	I & II
119	മാവേലിക്കര ഗവ.സർവ്വെന്റ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി	I & II
120	മാവേലിക്കര KSRTC എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി	I & II
121	മാവേലിക്കര Electricityഎംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി	I & II
122	S.S ഹ്യൂണ്ടായി യൂസ്ഡ് കാർ	I & II

123	ആലപ്പി ജ്യൂവലേഴ്സ്	I & II
124	Begora കമ്പനി പ്രൈ. ലിമിറ്റഡ്	I & II
125	SC/ST കോ-ഓപ്പറേറ്റീവ് സൊസൈറ്റി, മാവേലിക്കര	I & II
126	സ്പെഷ്യൽ ഗ്രേഡ് സബ് ഗ്രൂപ്പ് ഓഫീസ്, കണ്ടിയൂർ ദേവസ്വം	I & II
127	സബ് ഗ്രൂപ്പ് ഓഫീസ്, തട്ടാരമ്പലം ദേവസ്വം	I & II
128	സബ് ഗ്രൂപ്പ് ഓഫീസ്, മാവേലിക്കര	I & II
129	AVJ ജ്വവലേഴ്സ്	I & II
130	ഹോട്ടൽ വന്ദനം ഇന്റർനാഷണൽ	I & II
131	പ്രസിഡാസ് ഇവാഞ്ഞാലിക്കൽമിഷൻ ജോയ് വില്ല (12/145,146,148) സ്കൂൾ	I & II
132	കല്ലുമല ദൈവസഭ സ്കൂൾ(12/146(1))	I & II
133	ഗോപകുമാർ ഗോകുലം സ്കൂൾ(25/69,71,72(2),72)	I & II

ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം മറുപടി ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻകൃയറിക്കു (നം.24/29.01.2026)) തൊഴിൽ നികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-15 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 245 പ്രകാരം നഗരസഭ പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ്. പട്ടികയിൽ ചേർത്തിട്ടുള്ള സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധവർഷം
1	കടവിൽ ടയേഴ്സ്	I & II
2	മേമന ഫിനാൻസ്	I & II
3	മുത്തൂറ്റ് മെർക്കന്റൈൽ ലി.	I & II
4	ഡി പ്ലസ് ഫാർമസി	I & II
5	സുരഭ് ട്രേഡേഴ്സ്	I & II
6	മാവേലി കെമിക്കൽസ്	I & II
7	എം.ഇ.സി.എസ് കോ – ഓപ്പറേറ്റീവ് കോളേജ്	I & II
8	ഐ.സി.എൽ ഫിൻ കോർപ്പ്(വാർഡ്-10)	I & II
9	എച്ച്.ഡി.എഫ്.സി ബാങ്ക്(വാർഡ്-10)	I & II
10	കോറൽ ഗ്യാസ് ഏജൻസി (വാർഡ് -10)	II

11	ബക്കറ്റ് ലിസ്റ്റ് ഹോളി ഡേയ്സ്	I & II
12	NRJM ഫിനാൻഷ്യൽ സർവീസ്, വാർഡ് - 11	I & II
13	എഡ്യുമേറ്റ് സ്റ്റഡി സെന്റർ	I & II
14	എം.വി.കെ എയിഡഡ് സ്കൂൾ സൊസൈറ്റി	I & II
15	താജ് മാർബിൾസ്	I & II
16	ഐ.ഡി.ബി.ഐ ബാങ്ക്	I & II
17	കോ ഓപ്പറേറ്റീവ് ബാങ്ക് (വാർഡ് – 24)	I & II
18	ഫിൻലോർഡ് ഇൻവെസ്റ്റ്മെന്റ്സ്	I & II
19	നോർമ വെൽഫയർ സൊസൈറ്റി -	I & II
20	കേരള മാട്രിമോണി	I & II
21	മാട്രിമോണി.കോം ലീ	I & II
22	റിലയൻസ് നിപ്പോൺ ലൈഫ് ഇൻഷുറൻസ്	I & II
22	സ്വതന്ത്ര മൈക്രോ ഫിൻ	I & II
23	ക്രാഫ്റ്റിയോ മീഡിയ	I & II
24	റാപ്പിഡ് ലോൺസ് പ്രൈവറ്റ് ലീ	I & II
25	ഫിൻസോൺ ഫിനാൻഷ്യൽ സൊല്യൂഷൻസ്	I & II
26	ഇൻഡസ് ഇൻഡ് ബാങ്ക്	I & II
27	കുറ്റിതെക്കേതിൽ ഫിനാൻസ് , വാർഡ് -28	II
28	നാഷണൽ ഇൻഷുറൻസ്	I & II
29	നെടുംമ്പറമ്പിൽ ക്രെഡിറ്റ് സിൻഡിക്കേറ്റ്	I & II
30	വി ഡി ലോൺസ്	I & II
31	ഏഷ്യാനെറ്റ് കമ്മ്യൂണിക്കേഷൻ ലി.	I
32	ബാലാജി ഡ്രൈവിംഗ് സ്കൂൾ	I & II
33	ഡിഡിആർസി,(തട്ടാരമ്പലം,മാവേലിക്കര)	I & II
34	ഏഷ്യാനെറ്റ് ഡിജിറ്റൽ നെറ്റ്വർക്ക്	I
35	ടിജ്ജസ് അക്കാഡമി, വാർഡ്-27	I & II
36	ശാന്തിഗിരി ആയുർവേദ, വാർഡ് -3	I & II
37	എച്ച്.പി.ഫ്യൂവൽസ്(മോഹൻ കമാർ വാർഡ് -4)	I & II
38	ബി.ഹഡ് അക്കാഡമി	I & II
39	കടവിൽ ഫ്യൂവൽസ്	I & II
40	ഇംപീരിയൽ കോളേജ്	I & II
41	ജെ.സി.ജെ.സി.ജെ ബാങ്ക്	I & II
42	ധനലക്ഷ്മി ബാങ്ക്	I & II
43	പി.എൻ.ബി	I & II
44	സുന്ദരം ഫിനാൻസ്	I & II
45	ഐ.സി.ഐ.സി.ഐ. ബാങ്ക്	I & II
46	സൌത്ത് ഇന്ത്യൻ ബാങ്ക്	I & II
47	അഗ്രികൾച്ചറൽ കോ – ഓപ്പറേറ്റീവ് ബാങ്ക്	I & II

48	ബാങ്ക് ഓഫ് ബറോഡ എൻ.ആർ.ഐ ബ്രാഞ്ച്	I & II
49	മിൽക് സപ്ലൈസ് കോർപ്പറേഷൻ സൊസൈറ്റി	I & II
50	ഇന്റൽ മണി ലി.	I & II
51	ബജാജ് ഫിനാൻസ്	I & II
52	ഇന്ത്യൻ ഓവർസീസ് ബാങ്ക് മറ്റം	I & II
53	മർത്തോമ ഓഡിറ്റോറിയം	I & II
54	കോ – ഓപ്പറേറ്റീവ് ഓഡിറ്റോറിയം	I & II
55	പോപ്പുലർ ഫിനാൻസ്	I & II
56	C & M ഫിനാൻഷ്യൽ സർവീസസ്	I & II
57	കേരള ഹൌസിംഗ് ഫിനാൻസ് ലി.	I & II
58	മിത്രു സ്കൂൾ ഓഫ് മെഡിക്കൽ സ്ക്രൈബിംഗ്	I & II
59	ദാക്ഷ്മിൻ ഫിനാൻസ്(നെഡ്സ്റ്റാറിനു സമീപം)	I & II
60	മാവേലിക്കര ഗവ.സർവ്വന്റ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി	I & II
61	മാവേലിക്കര KSRTC എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി	I & II
62	മാവേലിക്കര Electricityഎംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി	I & II
63	S.S ഹ്യൂണ്ടായി യൂസ്ഡ് കാർ	I & II
64	ആലപ്പി ജ്യൂവലേഴ്സ്	I & II
65	Begora കമ്പനി പ്രൈ. ലിമിറ്റഡ്	I & II
66	SC/ST കോ-ഓപ്പറേറ്റീവ് സൊസൈറ്റി, മാവേലിക്കര	I & II
67	മാക്സ് വാല്യു ക്രഡിറ്റ്സ്	I & II
68	സ്നേഹ ഫിനാൻസ്(പുന്നമൂട് ഷോപ്പിംഗ് കോംപ്ലക്സിനു സമീപം)	I & II
69	സന്ധ്യ ഫിനാൻസ്	I & II
70	ആനന്ദ ഫിനാൻസ്	I & II
71	എക്സ്പ്രെസ് ഗോൾഡ് ലോൺ	I & II
72	ശാരദ ഫിനാൻസ്	I & II
73	രാജലക്ഷ്മി ഫിനാൻസ്	I & II

സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം മറുപടി ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25/29.01.2026) സ്ഥാപന തൊഴിൽ നികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. സ്ഥാപന തൊഴിൽ നികുതി ഈടാക്കി രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കേണ്ടതാണ്.

1-16 വാടക ഇനത്തിൽ 1168800 എന്ന ഭീമമായ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു

2024-25 സാമ്പത്തിക വർഷം വാടക ഇനത്തിൽ ഭീമമായ തുക ഈടാക്കാൻ അവശേഷിക്കുന്നുണ്ടെന്ന് വാടക രജിസ്റ്റർ പരിശോധനയിൽ കാണുന്നു. കുടിശ്ശിക തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

പുന്നമൂട് ഷോപ്പിങ്ങ് കോംപ്ലക്സ്

ക്രമ നമ്പർ	വാടകക്കാരന്റെ വിലാസം	കെട്ടിട നമ്പർ	പ്രതിമാസ വാടക	കുടിശ്ശിക
1	ലിജി മോൾ.കെ.ആർ കണിയാരിക്കൽ ഹൗസ്, ളാഹശ്ശേരി	റൂം നമ്പർ -7	1367	16604
2	ഹോമചന്ദ്രൻ പുത്തൻ പുരയിൽ, പുന്നമൂട്	റൂം നമ്പർ-8	715	2145
3	സുനിൽ കുമാർ കുറവൻ പറമ്പിൽ, പുന്നമൂട്	റൂം നമ്പർ-17/159	638	7656

പുന്നമൂട് പുതിയ ഷോപ്പിങ്ങ് കോംപ്ലക്സ്

4	സൂസമ്മ. എ.കെ കരുവേലിൽ കിഴക്കേതിൽ ഉമ്പർനാട്	റൂം നമ്പർ-01(40)	1848	22176
5	സൂസമ്മ. എ.കെ, കരുവേലിൽ കിഴക്കേതിൽ ഉമ്പർനാട്	റൂം നമ്പർ-02(41)	1848	22176
6	സത്യദാസ്, പരുമലശ്ശേരിൽ, പുന്നമൂട്	റൂം നമ്പർ-33	1902	22824
7	സതീശൻ, സുധീഷ് ഭവൻ, പുന്നമൂട്	റൂം നമ്പർ-35	1760	21120

മുൻസിപ്പൽ ബസ്സ് സ്റ്റാൻഡ് ഷോപ്പിങ്ങ് കോംപ്ലക്സ്

8	ബിന്ദു.എ.ആർ, രാജ് നികേത്, പൊന്നാരംതോട്ടം	റൂം നമ്പർ-06	4283	51396
9	വി.മോഹനൻ, വി.ഒ.വിഹാർ, കൊയ്പ്പള്ളിക്കാരാഴ്മ	റൂം നമ്പർ-07	4283	8566
10	കെ.രാജൻ, കോയിക്കൽമേട്, ചെട്ടികുളങ്ങര	റൂം നമ്പർ-12	4454	17816
11	അജയൻ, തൈപ്പറമ്പിൽ, മണക്കാട്	റൂം നമ്പർ-13	2251	20259

മുൻസിപ്പൽ ബസ്സ് സ്റ്റാൻഡ് വനിത വിപണനകേന്ദ്രം

12	സുജ.വി, പുളിമൂട്ടിൽ, മറ്റംതെക്ക്.	റൂം നമ്പർ-V/27 പുതിയ നമ്പർ- 4/348(3)	5431	48879

മുൻസിപ്പൽ ബസ്സ് സ്റ്റാൻഡ് പുതിയ ഷോപ്പിങ്ങ് കോംപ്ലക്സ്

13	സുനിൽ കുമാർ ഇളയിടത്ത്, പത്തിയൂർതോട്ടം	റും നമ്പർ-11 പുതിയ നമ്പർ- 4/348(14)	3104	37248
14	സുനിൽ കുമാർ ഇളയിടത്ത്, പത്തിയൂർതോട്ടം	റൂം നമ്പർ-12 പുതിയ നമ്പർ- 4/348(15)	3104	37248
15	സുനിൽ കുമാർ ഇളയിടത്ത്, പത്തിയൂർതോട്ടം	റൂം നമ്പർ-13 പുതിയ നമ്പർ- 4/348(16)	3104	37248
16	സുനിൽ കുമാർ ഇളയിടത്ത്, പത്തിയൂർതോട്ടം	റൂം നമ്പർ-12 പുതിയ നമ്പർ- 4/348(17)	3104	37248

പുതിയകാവ് ഷോപിങ്ങ് കോംപ്ലക്സ്(എൽ.ഐ.സി. ബിൽഡിംഗ്)

17	ഗ്രേസൻ കെ ജോയ്, വി.എം.ഹൗസ്, പള്ളിക്കൽ ഈസ്റ്റ്	റൂം നമ്പർ-2	5166	61992
18	പ്രകാശ് രാംദാസ്, അഞ്ചൽകാരന്റെ തെക്കേതിൽ, കോറ്റാർകാവ്	റൂം നമ്പർ-4	4691	56292
19	സുരേഷ്.പി, അമ്പിളി ഭവനം, കടവൂർ, കരിപ്പുഴ	റൂം നമ്പർ-7	2312	9248
20	പ്രഭകുമാർ, പേരാത്തേരിൽ, ചിറയിൽ, കൊറ്റാർകാവ്	റൂം നമ്പർ-10	1958	19580
21	മൂക്കമ്മ, വിജയരാജ ഹൗസ്,കൊറ്റാർകാവ്	റൂം നമ്പർ-3(146C)	5150	15450
22	അഷ്റഫ്, ചരുവിൽ ഹൗസ്, കോടതി ജംഗ്ഷൻ	റൂം നമ്പർ-4(146D)	6422	12844
23	ഷാജിത, മാമൂട്ടിൽഹൗസ്, പായിക്കുഴി, ഓച്ചിറ	റൂം നമ്പർ-5(146E)	3594	43128
24	രമേശൻ, രമേശ് ഭവനം, മണക്കാട്	റൂം നമ്പർ-6(146F)	6422	77064
25	അബ്ദുൾ അസീസ്, കാവിലിൽ കൊട്ടാരം,	റൂം നമ്പർ-1	3138	6276
26	പി.കെ.അമ്മിണി, കാട്ടുവള്ളിൽ കിഴക്കേതിൽ (സിഗ്മാ നിവാസ്)	റൂം നമ്പർ-2	4255	51060
27	മുഹമ്മദ് അസ്ലം, ഇരുമ്പടത്ത്, കായംകുളം	റൂം നമ്പർ-3	2113	25356
28	ഹസ്സൻകോയ, ഹസ്ന മൻസിൽ, മറ്റം	റൂം നമ്പർ-4	3749	44988
29	കെ.എം.മുഹമ്മദ് കുഞ്ഞ്, വലിയത്തുകുറ്റി പറമ്പിൽ	റൂം നമ്പർ-7	5259	63108

കണ്ടിയൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ കടമുറികൾ

30	ബാഹുലേയൻ ആരണ്യനിവാസ്, ഭരണിക്കാവ്	റൂം നമ്പർ-15/207B	1680	3360
31	ആൻസി ജോസഫ് കുറ്റിശ്ശേരിൽ ഹൗസ്, പുതിയകാവ്	റൂം നമ്പർ-15/207E	1937	1937
32	പ്രദീപ് കുമാർ, തെക്കേടത്ത് തറയിൽ, മറ്റം തെക്ക്	റൂം നമ്പർ-15/207F	1935	23220
33	ഷീബ, രാജിഭവനം, അറന്നൂറ്റിമംഗലം	റൂം നമ്പർ-15/207G	3776	45312

കണ്ടിയൂർ ലൈബ്രറി കെട്ടിടം

34	സജിത് കുമാർ, കിളിയമ്മൻ തറയിൽ, കണ്ടിയൂർ	റൂം നമ്പർ-1	2140	25680
35	സോമൻ, കിളിയമ്മൻ തറയിൽ, കണ്ടിയൂർ	റൂം നമ്പർ-2	2140	25680

കണ്ടിയൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ കടമുറികൾ (എസ്.സി/എസ്.ടി)

36	രാജേഷ് കുമാർ, കണിയാന്റയ്യത്ത്, മറ്റം തെക്ക്	റൂം നമ്പർ-1	4722	56664
37	ശ്രീജയൻ.എസ്.ഡി വേളങ്ങാട്ട് കിഴക്കേതിൽ, മറ്റംതെക്ക്	റൂം നമ്പർ-4	4083	48996

സെക്രട്ടറി ക്വാർട്ടേഴ്സ്

38	നേതി അഭിലാഷ്, സഹോദര ഈരേഴ വടക്ക്	റൂം നമ്പർ-1	3413	40956

വാടക കുടിശ്ശിക വരുത്തിയവർക്കുതന്നെ കുടിശ്ശിക തുക ഈടാക്കാതെ തുടർന്നും കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയിരിക്കുകയാണ്. ദീർഘ നാളായി വാടക കുടിശ്ശിക വരുത്തിയിട്ടുള്ള കുത്തകക്കാരുടെ കുത്തകാവകാശം ഒഴിപ്പിച്ച് പുനർ ലേലം നടത്തുന്നതിൽ നഗരസഭാധികൃതർ വീഴ്ച വരുത്തിയിരിക്കുന്നു. നഗരസഭയിൽ വാടക കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. നഗരസഭയുടെ വരുമാനം പിരിച്ചെടുക്കുന്നതിൽ ഗുരുതരമായ കൃത്യവിലോപം ഉണ്ടാകുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/ 27.01.2026) വാടക കുടിശ്ശിക ഈടാക്കുവാൻ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. 11,68,800 രൂപ വാടക കുടിശ്ശിക ബന്ധപ്പെട്ട നികുതികളുൾപ്പെടെ അടിയന്തിരമായി ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം തേടി യുക്തമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-17 വസ്തു നികുതി പിരിവ് കാര്യക്ഷമമായില്ല - വികസന ഫണ്ടിൽ(ജനറൽ) നിന്നും തുക വെട്ടിക്കുറച്ചു

നഗരസഭയുടെ ഏറ്റവും പ്രധാന വരുമാന മാർഗ്ഗമാണ് വസ്തുനികുതി. 2023-24 വർഷം ഈയിനത്തിൽ പിരിവ് 90% ലും താഴെയായതിനെ തുടർന്ന് 2024-25 വർഷം സ.ഉ(സാധാ) നം. 1625/ധന/20.02.2025 പ്രകാരം അനുവദിക്കപ്പെട്ട വികസന ഫണ്ടിന്റെ(ജനറൽ) മൂന്നാം ഗഡുവിൽ നിന്ന് 1% തുക സ.ഉ(കൈ) നം.179/2022/ധന/18.10.2022 ന്റെ അടിസ്ഥാനത്തിൽ ഉറവിടത്തിൽ തന്നെ കുറവ് ചെയ്യപ്പെട്ടു. ഇപ്രകാരം 2024-25 ൽ മാവേലിക്കര നഗരസഭയ്ക്ക് ലഭിക്കേണ്ടിയിരുന്ന 2,16,720/- രൂപ വികസന ഫണ്ടിൽ(ജനറൽ) നിന്നും നഷ്ടപ്പെടുകയുണ്ടായി. അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്ക് ഉപകരിക്കാമായിരുന്ന സർക്കാർ ഫണ്ട് ഇപ്രകാരം നഷ്ടപ്പെടുത്തുന്നത് അഭിലഷണീയമല്ല. ഓഡിറ്റ് വർഷവും വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല. 2024-25 വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ വർഷാന്ത്യം ഗണ്യമായ കുടിശ്ശിക നിലനിൽക്കുന്നതായി കാണുന്നു. വാർഷിക കണക്ക് പ്രകാരം തൻവർഷ കുടിശ്ശിക 42.25 ലക്ഷവും മുൻവർഷ അരിയർ കുടിശ്ശിക 75.37 ലക്ഷവും ഉൾപ്പെടെ ആകെ 1.18 കോടി രൂപ 31.03.2025 ൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി കാണുന്നു. വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കി സർക്കാർ ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-18 താലൂക്ക് ഓഫീസ് പ്രവർത്തിപ്പിക്കുന്ന ഇ.എം.എസ് കെട്ടിടത്തിന്റെ വാടക കുടിശ്ശിക-3638392

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര താലൂക്ക് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാൽ താലൂക്ക് ഓഫീസിന്റെ പ്രവർത്തനം മാറ്റുന്നതിന് വേണ്ടി നഗരസഭയുടെ ഉടമസ്ഥതതയിലുള്ള E.M.S. സ്മാരക ഷോപ്പിംങ്ങ് കോംപ്ലക്സ് വാടകയ്ക്ക് നൽകുന്നതിന് മാവേലിക്കര തഹസിൽദാരുടെ 23.07.2022- തീയതിയിലെ കത്ത്

പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് നഗരസഭയുടെ 20.10.2020 ലെ 4-ാം നമ്പർ തീരുമാനപ്രകാരം ഡെപ്പോസിറ്റ് ഒഴിവാക്കി പി.ഡബ്ല്യു.ഡി. നിശ്ചയിക്കുന്ന വാടക ഈടാക്കി മാവേലിക്കര തഹസിൽദാർക്ക് അനുവദിക്കുന്നതിന് തീരുമാനിക്കുകയും പി.ഡബ്ല്യു.ഡി. ചീഫ് എൻജീനിയറുടെ 20.08.2023 ലെ CEPWDALP/51/2023-A1(W)-BL നമ്പർ ഉത്തരവ് പ്രകാരം 08.11.2022 മുതൽ പ്രതിമാസം 84116 രൂപ വാടകയ്ക്ക് തഹസിൽദാർക്ക് ഷോപ്പിംങ്ങ് കോംപ്ലക്സ് കൈമാറ്റം ചെയ്യുകയും ചെയ്തു. എന്നാൽ എഗ്രിമെന്റ് വെയ്ക്കുകയോ വാടക ഒടുക്കുവരുത്തുകയോ ചെയ്യാത്തതിനാൽ പലതവണ തഹസിൽദാർക്ക് കത്ത് നൽകിയിരുന്നു. കത്തിന്റെ അടിസ്ഥാനത്തിൽ 17.02.2025 ൽ തഹസിൽദാർ മുൻസിപ്പാലിറ്റിയുമായി വാടകക്കരാറിൽ ഏർപ്പെടുകയുണ്ടായി. എന്നാൽ നാളിതുവരെ വാടകത്തുക നൽകിയിട്ടില്ല. വാടകത്തുക അനുവദിക്കുന്നതിന് ഗവൺമെന്റ് സെക്രട്ടറിയേറ്റിൽ പ്രൊപ്പോസൽ നൽകിയിട്ടുണ്ടെന്നും ഫയൽ പെന്റിംഗായി നിലനിൽക്കുന്നുവെന്നും 03.03.3025 തീയതിയിലെ TOMVL-298/2023-Ad നമ്പർ കത്ത് പ്രകാരം തഹസിൽദാർ അറിയിച്ചിട്ടുണ്ട്. നിലവിൽ 2026 ജനുവരി വരെ വാടക കുടിശ്ശിക ഇനത്തിൽ 3638392 രൂപ ലഭിക്കാനുണ്ട്.

കുടിശ്ശിക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

വർഷം	മാസം	വാടക	പലിശ	ആകെ
2022	നവംബർ	84116	1682	85798
2022	ഡിസംബർ	84116	1682	85798
2023	ജനുവരി	84116	1682	85798
2023	ഫെബ്രുവരി	84116	1682	85798
2023	മാർച്ച്	84116	1682	85798
2023	ഏപ്രിൽ	88322	1766	90088
2023	മേയ്	88322	1766	90088
2023	ജൂൺ	88322	1766	90088
2023	ജൂലായ്	88322	1766	90088
2023	ആഗസ്റ്റ്	88322	1766	90088
2023	സെപ്റ്റംബർ	88322	1766	90088
2023	ഒക്ടോബർ	88322	1766	90088
2023	നവംബർ	88322	1766	90088
2023	ഡിസംബർ	88322	1766	90088
2024	ജനുവരി	88322	1766	90088
2024	ഫെബ്രുവരി	88322	1766	90088
2024	മാർച്ച്	88322	1766	90088
2024	ഏപ്രിൽ	92738	1855	94593
2024	മേയ്	92738	1855	94593
2024	ജൂൺ	92738	1855	94593
2024	ജൂലായ്	92738	1855	94593
2024	ആഗസ്റ്റ്	92738	1855	94593
2024	സെപ്റ്റംബർ	92738	1855	94593
2024	ഒക്ടോബർ	92738	1855	94593
2024	നവംബർ	92738	1855	94593
2024	ഡിസംബർ	92738	1855	94593

2025	ജനുവരി	92738	1855	94593
2025	ഫെബ്രുവരി	92738	1855	94593
2025	മാർച്ച്	92738	1855	94593
2025	ഏപ്രിൽ	97375	1948	99323
2025	മേയ്	97375	1948	99323
2025	ജൂൺ	97375	1948	99323
2025	ജൂലായ്	97375	1948	99323
2025	ആഗസ്റ്റ്	97375	1948	99323
2025	സെപ്റ്റംബർ	97375	1948	99323
2025	ഒക്ടോബർ	97375	1948	99323
2025	നവംബർ	97375	1948	99323
2025	ഡിസംബർ	97375	1948	99323
2026	ജനുവരി	97375	1948	99323
	ആകെ	3567050	71342	3638392

കുടിശ്ശികയായി നിലനിൽക്കുന്ന വാടക തുക പൂർണ്ണമായും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-19 ഷോപ്പിംഗ് കോംപ്ലക്സുകളുടെ ശോച്യാവസ്ഥ- കെട്ടിടങ്ങൾ ജീർണ്ണാവസ്ഥയിലേക്ക്-വാടക വരുമാനം കുറയുന്നു

നഗരസഭയ്ക്ക് 6 ഷോപ്പിംഗ് കെട്ടിടങ്ങളാണ് നിലവിലുള്ളത്. ഷോപ്പിംഗ് കോംപ്ലക്സുകളിൽ പലതും ജീർണ്ണിച്ചതും അത്യാവശ്യമായ അറ്റകുറ്റപ്പണി നടത്തേണ്ടതും ആകയാൽ ധാരാളം കടമുറികൾ വാടകയ്ക്ക് എടുക്കാൻ വാടകക്കാരില്ലാതെ അവശേഷിക്കുന്നു. നഗരസഭയുടെ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1)പുന്നമൂട് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം
2)പുന്നമൂട് പുതിയ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം
3)മുൻസിപ്പൽ ബസ് സ്റ്റാന്റ് പുതിയ കെട്ടിടം
4)മുൻസിപ്പൽ സ്റ്റാന്റ് വനിത വിപണന കേന്ദ്രം
5) പുതിയകാവ് ഷോപ്പിംഗ് കോംപ്ലക്സ്(എൽ.ഐ.സി.കെട്ടിടം)
6) കണ്ടിയൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കെട്ടിടം

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ ഒഴിഞ്ഞു കിടക്കുന്നു

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ ഒഴിഞ്ഞുകിടക്കുകയാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഷോപ്പിംഗ് കോംപ്ലക്സിന്റെ പേര്	റൂം നമ്പർ
1	പുതിയ കാവ് LIC ഷോപ്പിംഗ് കോംപ്ലക്സ്	റൂം നമ്പർ-6, റൂം നമ്പർ-13,
2	പുന്നമൂട് പഴയ ഷോപ്പിംഗ് കോംപ്ലക്സ്	3, 11,12.
3	പുന്നമൂട് പുതിയ ഷോപ്പിംഗ് കോംപ്ലക്സ്	17/159(31), 17/159(32),17 /159(37),

		17/159(39) റൂം നമ്പർ-34
4	മുൻസിപ്പൽ പ്രൈവറ്റ് സ്റ്റാന്റ് പുതിയ ഷോപ്പിംഗ് കോംപ്ലക്സ്	4/348(7), 4/348(11), 4/348(12),
5	കണ്ടിയൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഷോപ്പിംഗ് കോംപ്ലക്സ് (എസ്.സി./എസ്റ്റി.)	റൂംനമ്പർ-2, റൂംനമ്പർ-3
6	പുതിയ കാവ് LIC ഷോപ്പിംഗ് കോംപ്ലക്സ്	റൂം നമ്പർ-6, റൂം നമ്പർ-13,



മെയിന്റനൻസ് സമയബന്ധിതമായി പൂർത്തീകരിക്കാത്തത് മൂലം നഗരസഭയ്ക്ക് വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയുണ്ട്. ഉദാഹരണമായി പുന്നമൂട് ഷോപ്പിംഗ് കോംപ്ലക്സ് ഫിറ്റ്നസ് ഇല്ലാതെ കടമുറികൾ പ്രവർത്തിക്കുന്ന കെട്ടിടമാണ്. കെട്ടിടത്തിന്റെ പിറകുവശത്തെ കടമുറികളുടെ ഷട്ടറുകൾ തകർന്ന് കിടക്കുന്നത് കാരണം ആരും വാടകയ്ക്ക് എടുക്കുന്നില്ല. കെട്ടിടത്തിന്റെ രണ്ടാം നിലയിലേക്ക് പ്രവേശിക്കുക സാധ്യമല്ല. സ്റ്റെയർ റൂം ഉൾപ്പെടെയുള്ള മുറികളുടെ ഷട്ടറുകൾ തകർന്നത് കാരണം മുകളിലെ നിലയിലെ ഹാളിൽ പ്രവേശിക്കാൻ സാധിക്കാത്ത അവസ്ഥയാണ്. കെട്ടിടത്തെ പൂർണ്ണമായും പൊളിച്ചശേഷം പുനർ നിർമ്മാണം നടത്തുക എന്നതു മാത്രമാണ് പോംവഴി. കൃത്യ സമയത്ത് മെയിന്റനൻസ് നടത്തിയിരുന്നുവെങ്കിൽ കടമുറികൾ വാടകയ്ക്ക് നൽകുന്നതിന് സാധ്യമാകുമായിരുന്നു. അധികൃതരുടെ അലംഭാവം ഇതിൽ നിന്നും വ്യക്തമാണ്. മെയിന്റനൻസ് യഥാസമയം നടത്തുന്നില്ല എന്ന കാരണം കാട്ടി നഗരസഭയുടെ അനുമതി കൂടാതെ ലൈസൻസികൾ സ്വന്തം നിലയ്ക്ക് കടമുറിയ്ക്ക് മാറ്റങ്ങൾ വരുത്തുന്നു എന്ന് ഭൌതിക പരിശോധനയിൽ ബോധ്യപ്പെട്ടു. പുതിയ കാവ് LIC ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിലെ താഴത്തെ നിലയിൽ വാട്ടർ കണക്ഷൻ ലഭിച്ചിട്ടില്ല. തന്മൂലം നിലവിൽ രണ്ട് മുറികൾ വാടകക്കാരില്ലാതെ ഒഴിഞ്ഞു കിടക്കുന്നു. ശുചി മുറികൾ ഉണ്ടെങ്കിലും വെള്ളം ലഭ്യമാകാത്തതിനാൽ വാടക കടമുറികളിൽ ജോലി ചെയ്യുന്ന ജീവനക്കാർ ബുദ്ധിമുട്ട് അനുഭവിയ്ക്കുന്നു. കന്നാസുകളിലും മറ്റ് പാത്രങ്ങളിലും ജലം

ശേഖരിച്ചാണ് ഇതിന് പരിഹാരം കാണുന്നത്. സൗകര്യങ്ങളോടുകൂടിയ മറ്റ് സ്വകാര്യ വ്യക്തികളുടെ കെട്ടിടങ്ങൾ ലഭ്യമായാൽ അവർ ഇത് ഒഴിവാക്കിപ്പോകാം. തന്മൂലവും നഗരസഭയ്ക്ക് വരുമാന നഷ്ടമുണ്ടാകാനാണ് സാധ്യത. മുറികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കിയും മറ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കിയും ഒഴിഞ്ഞുകിടക്കുന്ന കടമുറികൾ വാടകയ്ക്ക് നൽകിയും നഗരസഭയ്ക്കുണ്ടാകുന്ന വരുമാനച്ചോർച്ച പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-20 ചിൽഡ്രൻസ് പാർക്ക് നാമാവശേഷമാകുന്നു-തനത് വരുമാനം കുറയുന്നു

നഗരസഭയുടെ ഹൃദയഭാഗത്ത് പ്രവർത്തിച്ചുവരുന്ന, 'കുട്ടികളുടെ പാർക്ക്' കുടുംബത്തിനും കുട്ടികൾക്കും വിശ്രമത്തിനും വിനോദത്തിനുമായി ഉപയോഗിച്ചുവരുന്നു. എന്നാൽ ഇപ്പോൾ ഈ പാർക്ക് ജീർണ്ണാവസ്ഥയിൽ എത്തിച്ചേർന്നിരിക്കുകയാണ്. ആവശ്യമായ പരിപാലനക്കുറവ് കാരണം പാർക്കിന്റെ സൗകര്യങ്ങൾ ഏറെ മോശമായി മാറിയിരിക്കുന്നു. പാർക്കിലെ സ്ലൈഡുകൾ, സീസോ തുടങ്ങിയ കളിയുപകരണങ്ങൾ തകർന്നും പഴകിയും ഉപയോഗ ശൂന്യമായ നിലയിലാണ്. ഇത്തരം ഉപകരണങ്ങൾ കുട്ടികളുടെ സുരക്ഷയ്ക്ക് ഭീഷണിയാകുന്നു. പാർക്കിലെ നടപ്പാതകളും ഇരിപ്പിടങ്ങളും കേടുപാടുകൾ നേരിടുന്നുണ്ട്. പല സ്ഥലങ്ങളും പുല്ലും വള്ളിപ്പടർപ്പുകളും വളർന്ന് കാടുപിടിച്ച് കിടക്കുന്നുണ്ട്. ഇത് പാർക്കിനെ അധികൃതർ എത്രത്തോളം അവഗണിക്കുന്നു എന്നത് വ്യക്തമാക്കുന്നു.



ശുചിത്വത്തിന്റെ കാര്യത്തിലും പാർക്ക് വളരെ പിന്നിലാണ്, ശരിയായി പരിപാലിക്കാത്തതിനാൽ എത്തുന്നവർക്ക് അസ്വസ്ഥത ഉണ്ടാക്കുന്ന തരത്തിലാണ്. കുടിവെള്ള സൗകര്യം, രാത്രിയിൽ ലൈറ്റ് സൗകര്യങ്ങൾ ഇവ പര്യാപ്തമായ നിലയിലല്ല.

നഗരസഭ പാർക്കിന്റെ നവീകരണം അടിയന്തിരമായി നടപ്പിലാക്കേണ്ടത് അനിവാര്യം തന്നെയാണ്. പുതിയ കളിയുപകരണങ്ങൾ സ്ഥാപിക്കുകയും പരിസ്ഥിതി സൌഹൃദമായി പാർക്ക് വികസിപ്പിച്ചെടുക്കുകയും ചെയ്താൽ നഗരവാസികൾക്ക് പ്രിയപ്പെട്ട വിനോദ കേന്ദ്രമായി മാറുകയും അതു മൂലം നഗരസഭയ്ക്ക് വലിയ തരത്തിൽ പാർക്കിൽ നിന്നും പ്രവേശന ടിക്കറ്റിനത്തിൽ നിലവിലെ വരുമാനത്തേക്കാൾ കൂടുതൽ തുക നേടിയെടുക്കുകയും ചെയ്യാമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

1-21 ടെൻഡറുകൾക്ക് പത്ര പരസ്യം - സർക്കാർ നിർദ്ദേശം പാലിച്ചില്ല

പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേൻസ് -ഡി) വകുപ്പിന്റെ 7441/ഡി-1/04 ഐ ആന്റ് പി ആർ. 21.06.04-ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" (24 ച.സെ.മീ.വലിപ്പം) രൂപത്തിലായിരിക്കണമെന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2024-25 സാമ്പത്തിക വർഷം തനത് ഫണ്ട് ചെലവഴിച്ച് ടെൻഡർ പരസ്യങ്ങൾക്കായി പത്ര പരസ്യം നൽകിയതിൽ മേൽ സർക്കാർ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

ചെക്ക് നം.208219/19.11.2024

വൗച്ചർ നം.P-M040200-24000364/19.11.2024

ക്രമ നം.	പത്രത്തിന്റെ പേര്/ ഇൻവോയ്സ് നം.	പരസ്യത്തിന്റെ വലിപ്പം (CM2)	പരസ്യ നിരക്ക്	ആകെ അനുവദിച്ച് നൽകിയ തുക	അനുവദനീയമായ തുക	അധികം നൽകിയ തുക
01	ദേശാഭിമാനി ALP/21-22/ 0353/2.07.2021	8x4=32	180	(32x180-15% Dis) + 5% GST= 5141	24x180 - 15% Dis) + 5% GST =3856	5141-3856 = 1285
02	ദേശാഭിമാനി ALP/21-22 /0470/3.08.2021	8x4=32	180	(32x180-15% Dis) + 5% GST= 5141	24x180 - 15% Dis) + 5% GST =3856	5141-3856 = 1285
03	ദേശാഭിമാനി ALP/23-24 /2002/29.1.2024	8x4=32	265	(32x265-15% Dis) + 5% GST= 7568	24x265-15% Dis) + 5% GST =5676	7568-5676 = 1892
	ആകെ					**4462/-**

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.33/31.01.2026) മറുപടി ഹാജരാക്കിയില്ല. സർക്കാർ നിർദ്ദേശം പാലിച്ച് ദർഘാസ് പരസ്യത്തിന് തുക ചെലവഴിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-22 എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി - അപാകത

പ്രോജക്ട് നം.	S0053/25
പ്രോജക്ടിന്റെ പേര്	എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി
നിർവഹണ ഉദ്യോഗസ്ഥൻ	ഹെൽത്ത് ഓഫീസർ, മാവേലിക്കര നഗരസഭ
അടങ്കൽ, ഫണ്ട്	₹1000000 (വികസന ഫണ്ട്-എസ്.സി.പി.)
ചെലവ്	ആകെ-₹50000 BRN 2407044700220131020 5 Dated 11/2/25,₹50000

സ.ഉ.(സാധാ)നമ്പർ 1877/2023/LSGD Dated 21/9/23 അനുസരിച്ച് എഗ്രിമെന്റ് വെച്ച ശേഷം ₹30000 മുൻകൂറായി നൽകാമെന്നും, പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ₹60000 (ബേസ്മെന്റ് പൂർത്തിയായ ശേഷം),₹80000 (മേൽക്കൂര പൂർത്തിയായ ശേഷം),₹30000 (പ്ലാസ്റ്ററിംഗ്, വെറ്റ് വാഷിനു

ശേഷം) എന്നിങ്ങനെ പഠനമുറിയുടെ ഗഡുക്കൾ നൽകാമെന്നും പറയുന്നു. മേൽ പ്രോജക്ടിൽ അഞ്ച് പേർക്ക് ആനുകൂല്യം നൽകാമെന്ന് വിഭാവന ചെയ്തിട്ടുണ്ടെങ്കിലും ഒരാൾ മാത്രമേ ഗുണഭോക്താവായുള്ളൂ.

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്, വീട്ടു പേര്	കൈപ്പറ്റിയ ഗഡുക്കൾ
1	അനഘ ശ്യാംലാൽ, D/O ശ്യാംലാൽ, വലിയ വിളയിൽ	1 (₹50000)

മുകളിൽ ചേർത്ത ഗുണഭോക്താവ് പഠനമുറി പൂർത്തിയാക്കുകയോ, വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ ചെയ്തിട്ടില്ല. എ.ഇ. മൂല്യ നിർണ്ണയം ചെയ്തിട്ടില്ല. ഗുണഭോക്താവ് അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ടവരാണെങ്കിൽ രേഖ ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി (നമ്പർ 9/27-01-26)-ക്ക് മറുപടി നൽകിയത്, ഈ ഗുണഭോക്താവ് പഠനമുറി പണി തുടങ്ങിയിട്ടില്ല എന്നും പലിശ സഹിതം വാങ്ങിയ തുക തിരികെ നൽകുവാൻ നോട്ടീസ് നൽകിയെന്നുമാണ്. ആയതിനാൽ കൈപ്പറ്റിയ തുക തിരിച്ചടക്കുവാൻ നിർദ്ദേശം നൽകേണ്ടതാണ്. സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-23 വെറ്ററിനറി ആശുപത്രിക്ക് ഡെസ്ക്ടോപ്പും ലാപ്ടോപ്പും വാങ്ങൽ

പ്രോജക്ട് നമ്പർ	S0226/25
പ്രോജക്ടിന്റെ പേര്	വെറ്ററിനറി പോളി ക്ലിനിക്കിന് ഡെസ്ക്ടോപ്പും ലാപ്ടോപ്പും വാങ്ങൽ
നിർവ്വഹണ ഉദ്യോഗസ്ഥ	വെറ്ററിനറി സർജ്ജൻ, മാവേലിക്കര
അടങ്കൽ	₹120000 (മെയിൻറനൻസ് ഫണ്ട്(റോഡിതരം)
ചെലവ്	₹113160
ബിൽ നമ്പർ	BRN 240704470012016452 42 DATED 22/03/25

വെറ്ററിനറി പോളി ക്ലിനിക്കിന് ഡെസ്ക്ടോപ്പും ലാപ്ടോപ്പും വാങ്ങി നൽകുന്നതാണ് പ്രോജക്ട്. ആൻടികോം സിസ്റ്റംസ് (റാന്നി, പത്തനംതിട്ട)-യുടെ ഇൻവോയ്സ് (നമ്പർ ACS/12888/23-24 Dtd 20/03/25- ₹55170,ACS/12887/23-24 Dtd 20/03/25-₹57990) പ്രകാരം ഒരു ലാപ്ടോപ്പും ഒരു ഡെസ്ക്ടോപ്പും വാങ്ങിയിട്ടുണ്ട്. പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1.വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതു മേഖലാ സ്ഥാപനങ്ങൾ സാധാരണയായി ഉപയോഗിക്കുന്ന സാധനങ്ങളുടേയും സേവനങ്ങളുടേയും സമാഹരണത്തിനുള്ള കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ സമാഹരണ പദ്ധതിയാണ് GeM. കേരളത്തിൽ GeM മുഖേനയുള്ള വാങ്ങൽ നടപ്പാക്കുന്നതിനായി ജി.ഒ.(പി) നമ്പർ 02/2018/SPD തീയതി 28-04-2018 പ്രകാരം 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിൽ അധ്യായം 19 കൂട്ടിച്ചേർത്തു. ജി.ഒ.(പി) നമ്പർ 7/19/SPD തീയതി 26/4/19 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും ₹25000 മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേന സമാഹരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിരിക്കുന്നു. എന്നാൽ ജെം മുഖേനയോ/ടെണ്ടർ /ക്വട്ടേഷൻ മുഖേനയോ അല്ല ലാപ് ടോപ്പ് വാങ്ങിയത്.

2.ഇൻവോയ്സിൽ ലാപ്ടോപ്പിന്റേയോ ഡെസ്ക്ടോപ്പിന്റേയോ സ്പെസിഫിക്കേഷൻ വ്യക്തമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് മറുപടി നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി (നമ്പർ 7/27-01-26) ക്ക് മറുപടി നൽകിയിട്ടില്ല. അപാകതയിന്മേൽ വിശദീകരണം നല്കേണ്ടതും സാധനങ്ങളുടേയും സേവനങ്ങളുടേയും സമാഹരണത്തിന് കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ സമാഹരണ പദ്ധതി GeM അവലംബിക്കേണ്ടതുമാണ്.

1-24 വെറ്ററിനറി ആശുപത്രിയിലെ ബയോ മെഡിക്കൽ മാലിന്യ സംസ്കരണം - അപാകത

പ്രോജക്ടിന്റെ പേര്	വെറ്ററിനറി ആശുപത്രിയിലെ ബയോ മെഡിക്കൽ

	മാലിന്യ സംസ്കരണം
പ്രോജക്ട് നമ്പർ	S0086/25
നിർവ്വഹണ ഉദ്യോഗസ്ഥ	വെറ്ററിനറി സർജ്ജൻ, മാവേലിക്കര നഗരസഭ
അടങ്കൽ	₹25000(ധനകാര്യ കമ്മീഷൻ അവാർഡ്)
ചെലവ്	₹12012
ബിൽ നമ്പർ	സാങ്ഷൻ നമ്പർ 58 Dtd 12/9/24,₹5544 സാങ്ഷൻ നമ്പർ 227 Dtd 12/3/25,₹6468

വെറ്ററിനറി ആശുപത്രിയിലെ ബയോ മെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുവാൻ ഇമേജ് എന്ന സ്ഥാപനത്തിന് മാസം തോറും തുക നൽകുന്നതാണ് മേൽ പ്രോജക്ട്.

എന്നാൽ ബയോ മെഡിക്കൽ മാലിന്യങ്ങൾ ശേഖരിച്ചതിന്റേയോ, സംസ്കരിച്ചതിന്റേയോ രേഖ ഫയൽ പരിശോധനയിൽ ലഭ്യമായില്ല. മാത്രമല്ല, ഈ പ്രോജക്ടിന് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അംഗീകാരം വാങ്ങേണ്ടതായി നിഷ്കർഷിക്കുന്നു. അപ്രകാരം അംഗീകാരം വാങ്ങിയതായി ഫയൽ പരിശോധനയിൽ വിവരം ലഭ്യമായില്ല. ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നമ്പർ 8/27-01-26) മറുപടിയും ലഭ്യമായില്ല. മറുപടി ലഭ്യമാകും വരെ ₹12012 തടസ്സത്തിൽ വെക്കുന്നു.

1-25 വെള്ളക്കരം-കുടിശ്ശിക കണക്കുകൾ നഗരസഭയിൽ ലഭ്യമല്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം നല്കൽ (S0005/25) എന്ന പ്രോജക്ടിലുൾപ്പെടുത്തി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 289776/- രൂപ ചെലവഴിച്ചിട്ടുണ്ട്(19.03.2025 ലെ ബിൽ നം.266).

പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നതിനായി 2024-25 വർഷം ലഭ്യമായ (07.03.2025) ഡിമാന്റ് നോട്ടീസ് പ്രകാരം കുടിവെള്ള കുടിശ്ശിക 82383713/-രൂപയായിരുന്നു. 441 ടാപ്പുകൾക്കാണ് ഈ തുക ഡിമാന്റ് ചെയ്യപ്പെട്ടത്. എന്നാൽ 12/2024-ൽ നടത്തിയ സംയുക്തപരിശോധനയിൽ 285 ടാപ്പുകൾ മാത്രമാണ് പ്രവർത്തന സജ്ജം എന്ന് കണ്ടെത്തിയതായി ഫയലിൽ പരാമർശമുണ്ട്. 2025 നവംബർ 5 -ന് വന്ന ഡിമാന്റ് നോട്ടീസിലും 441 ടാപ്പുകൾ ഉള്ളതായി കാണിച്ച് ആകെ 11758388/-രൂപ ഡിമാന്റ് ചെയ്തിട്ടുണ്ട്. ഒടുക്കിയ തുക സംബന്ധിച്ച വിവരം വാട്ടർ അതോറിറ്റിയുടെ ബില്ലുകളിൽ ഉൾപ്പെട്ടതായി കെ-സ്മാർട്ടിൽ ഉൾപ്പെടുത്തിയ രേഖകളുടെ പരിശോധനയിൽ കാണുകയുണ്ടായില്ല. സ്രോതസ്സിൽ നിന്ന് കിഴിവ് വരുത്തിയിട്ടുള്ള തുക സംബന്ധിച്ച കണക്കുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ല.

പൊതുടാപ്പുകൾ സംയുക്ത പരിശോധന നടത്തി, ഉപയോഗക്ഷമമല്ലാത്ത പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കുന്നത് സംബന്ധിച്ച് കത്ത് നല്കിയെങ്കിലും, വാട്ടർ അതോറിറ്റി ആയത് അംഗീകരിച്ച് കത്ത് നല്കിയിട്ടില്ല. 2023 മുതൽ അമൃത് പദ്ധതി നടപ്പാക്കിത്തുടങ്ങിയ സാഹചര്യത്തിൽ പൊതുടാപ്പുകൾ കട്ട് ചെയ്യുന്നത് സംബന്ധിച്ച് നടപടി സ്വീകരിച്ചിട്ടുള്ളതായും കാണുന്നില്ല.

വെള്ളക്കരം കുടിശ്ശിക ഭീമമായ തുക ഉണ്ടായിരിക്കെ, നഗരസഭയുടെ വാർഷിക കണക്കിൽ ഇത് ബാധ്യതയായി ചേർത്തുവരുന്നില്ലെന്ന് കാണുന്നു. 2025-26 വർഷം ഇതുമായി ബന്ധപ്പെട്ട് പ്രോജക്ടുകൾ ഏറ്റെടുക്കുകയും ചെയ്തിട്ടില്ല. അപാകതകൾ വർഷങ്ങളായി ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാട്ടിയിട്ടുള്ളതാണെങ്കിലും അവ ആവർത്തിക്കുന്ന സാഹചര്യം ഭരണസമിതിയുടെ പ്രത്യേക പരിഗണന അർഹിക്കുന്നു.

1-26 തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് ഒടുക്കൽ, മെയിന്റനൻസ് വിവരങ്ങൾ- കണക്കുകൾ

കാര്യക്ഷമമായി സൂക്ഷിക്കപ്പെടുന്നില്ല

എ)തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് കണക്കുകൾ കാര്യക്ഷമമായി സൂക്ഷിക്കപ്പെടുന്നില്ല

സെക്രട്ടറി നിർവ്വഹിച്ച പ്രോജക്ട് നം.S0007/25 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് നല്കൽ പ്രോജക്ടിൽ 1137789/-രൂപയും പ്രോജക്ട് നം.S0238/25 തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് ഒടുക്കൽ പ്രോജക്ടിൽ 218242/- രൂപയും(രണ്ട് പ്രോജക്ടും ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്ന്) ചെലവഴിച്ചതും ഇതിന് പുറമേ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചതും ഉൾപ്പെടെ 19,77,993/-രൂപ തൻവർഷം തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് ഇനത്തിൽ ചെലവഴിച്ചിട്ടുള്ളതായി വാർഷിക കണക്കുകൾ (പി3 ഷെഡ്യൂൾ) പ്രകാരം കാണുന്നു.

മാവേലിക്കര, തട്ടാരമ്പലം കെ.എസ്.ഇ.ബി സെക്ഷനുകളിലായി (156+52) നഗരസഭയിലെ ആകെ തെരുവ് വിളക്കുകളുടെ എണ്ണം 208 ആണ്. തെരുവ് വിളക്കുകളിൽ മീറ്ററിംഗ് 08.02.2023-ൽ പൂർത്തീകരിച്ചതായാണ് കാണുന്നത്. മീറ്ററിംഗ് നടപ്പാക്കുന്നതിന് മുമ്പ് ഇത് രണ്ട് സെക്ഷനുകളിലായി 2 കൺസ്യൂമർ നമ്പരുകളിലായിരുന്നു കണക്കാക്കിയിരുന്നത്. മീറ്ററിംഗിന് ശേഷം വൈദ്യുതി ചാർജ്ജിനത്തിൽ ഗണ്യമായ കുറവുണ്ട്.

വൈദ്യുതി ചാർജ്ജിനത്തിൽ 2021 ജൂലൈ മുതൽ 2023 മെയ് മാസം വരെ ആകെ 10237551/-രൂപ കുടിശ്ശികയുള്ളതായി (പലിശ ഇതിന് പുറമേ) അറിയിച്ച് കെ.എസ്.ഇ.ബി-യിൽ നിന്ന് നഗരകാര്യ ഡയറക്ടർക്ക് അയച്ച കത്ത് ഫയലിൽ കാണുന്നുണ്ട് (നം.BB/MVK/2023-24/05.05.2023). ഇതിന് ശേഷമുള്ള കുടിശ്ശിക സംബന്ധിച്ച് ഫയലിൽ വ്യക്തതയില്ല. നഗരസഭയ്ക്ക് ഇത് സംബന്ധിച്ച് കണക്കുകൾ ഇല്ലെന്നാണ് മനസ്സിലാക്കുന്നത്. 2024-25 വർഷം 19,77,993/-രൂപ ആണ് ഒടുക്കിയിട്ടുള്ളത്. എന്നാൽ കുടിശ്ശിക ഒടുക്കി തീർക്കുന്നത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുമ്പോൾ തന്നെ, പ്രോജക്ട് പ്രകാരവും തനത് ഫണ്ടിൽ നിന്നും അടവാക്കിയ തുക സംബന്ധിച്ച കൃത്യമായ രജിസ്റ്ററുകളോ രേഖകളോ സൂക്ഷിക്കപ്പെടാതെ വരുന്നത് നഗരസഭയുടെ ഉത്തമ താത്പര്യത്തിന് വിരുദ്ധമാണ്.

ബി)തെരുവ് വിളക്ക് മെയിന്റനൻസ്-രേഖകൾ സൂക്ഷിക്കപ്പെടുന്നില്ല

എം.ഇ നിർവ്വഹിച്ച തെരുവ് വിളക്കുകളുടെ മെയിന്റനൻസ് (നം.69/25) പ്രോജക്ടിൽ ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്ന് 833700/-രൂപ ചെലവായിട്ടുണ്ട്. രണ്ട് ഗഡുവായി എ.എം.സി തുക അനുവദിച്ചതായാണ് കാണുന്നത്.

1. തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിച്ചത് സംബന്ധിച്ച് പുതിയ തെരുവ് വിളക്കുകൾ ഇട്ടിട്ടുണ്ട് എന്ന് മാത്രമാണ് കൌൺസിലർമാർ രേഖപ്പെടുത്തിയിട്ടുള്ളത്. പോസ്റ്റ് നമ്പരോ മറ്റ് വിശദാംശങ്ങളോ ഇല്ല, വിശദാംശങ്ങൾ ലഭ്യമാക്കണം.
2. റിപ്പയർ പ്രവൃത്തിയിൽ ഏർപ്പെട്ട ജീവനക്കാരുടെ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.
3. റിപ്പയർ പ്രവൃത്തിക്കായി ബന്ധപ്പെട്ട കെ.എസ്.ഇ.ബി. ഡിവിഷനുകളിൽ കത്ത് നൽകിയതിന്റെയും സൂപ്പർവിഷൻ ചാർജ്ജ് ഒടുക്കിയതിന്റെയും വിവരങ്ങൾ ലഭ്യമല്ല.
4. തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട റിപ്പയർ രജിസ്റ്റർ, പരാതി രജിസ്റ്റർ, രജിസ്റ്റർ ഓഫ് അൺയൂസബിൾസ് എന്നിവയും ഓഡിറ്റിൽ ലഭ്യമാക്കിയില്ല.

ഭീമമായ തുക ചെലവാക്കപ്പെടുന്ന ഒരു ആവർത്തന ചെലവ് എന്ന നിലയ്ക്ക് തെരുവ് വിളക്കുകളെ സംബന്ധിച്ച രജിസ്റ്ററുകളും അവയുടെ മെയിന്റനൻസ് സംബന്ധിച്ച രേഖകളും കാര്യക്ഷമമായി

സൂക്ഷിക്കപ്പെടേണ്ടത് നഗരസഭയുടെ താല്പര്യത്തിന് അനിവാര്യമാണ്. ടി വിഷയത്തിൽ ഭരണ സമിതിയുടെ മേൽനോട്ടം ഉണ്ടാകേണ്ടതാണ്.

1-27 കെ-സ്മാർട്ട് ആപ്ലിക്കേഷൻ - പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകളും ന്യൂനതകളും

നഗരസഭയിൽ നിലവിൽ ഫയലുകൾ കെ-സ്മാർട്ട് സംവിധാനം മുഖേനയാണ് കൈകാര്യം ചെയ്യുന്നത്. കെ-സ്മാർട്ട് സോഫ്റ്റ്വെയറിലൂടെയുള്ള ഓഡിറ്റ് പരിശോധനയിൽ നിരവധി പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്നുണ്ട്.

എ)01.01.2024 മുതൽ വസ്തു നികുതി നിർണ്ണയം, ഡിമാൻഡ്, കളക്ഷൻ തുടങ്ങിയ ഫയലുകൾ കൈകാര്യം ചെയ്യപ്പെടുന്നത് കെ സ്മാർട്ട് വെബ് പോർട്ടൽ മുഖേനയാണ്. ഒരു സ്ഥാപനത്തിന്റെ സമഗ്ര വിവരങ്ങളും പരിശോധിക്കാനാവശ്യമായ 'Reports' ആധാരമായ ഓഡിറ്റർ ലോഗിന് പകരം താൽക്കാലികമായി തയ്യാറാക്കിയ ഓഡിറ്റർ എന്ന 'എംപ്ലോയീസ് ലോഗിൻ' ഉപയോഗിച്ചാണ് പരിശോധന നടത്തുന്നത്. പ്രസ്തുത എപ്ലോയീസ് ലോഗിനിൽ വിവിധ സെക്ഷനുകളുടെ ഫയൽ നീക്കവും (ഉദാ. നോട്ട് ഫയൽ, അപ്രൂവ്ഡ്, ക്ലോസ്ഡ്, റിട്ടേൺ) കുറെ രജിസ്റ്ററുകളും (പേഴ്സണൽ രജിസ്റ്റർ, ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ, സർട്ടിഫിക്കറ്റ്...) മാത്രമാണ് നിരീക്ഷിക്കാൻ സാധിക്കുന്നത്. വസ്തുനികുതി സംബന്ധിച്ച സപ്ലിമെന്ററി അസസ്സ്മെന്റ് രജിസ്റ്റർ, മറ്റ് അനുബന്ധ രേഖകൾ ഇവയൊന്നും പരിശോധനയ്ക്ക് ലഭ്യമല്ല. ലൈസൻസ് മോഡ്യൂളിലും പെർമിറ്റിലും ഓഡിറ്റിന് പരിശോധിക്കാൻ സാധിക്കുന്ന സമഗ്ര വിവരങ്ങൾ ഉൾപ്പെട്ട 'Reports' ലഭ്യമല്ല.

ബി)വൗച്ചർ ട്രേസിംഗിന് ആവശ്യമായ ബിൽ രജിസ്റ്റർ, 'Voucher Reports' എന്നിവ ലഭ്യമല്ല. ഏതെങ്കിലും കീ-വേഡ് ഉപയോഗിച്ച് (ഉദാ. ചെക്ക് നമ്പർ, വൗച്ചർ നമ്പർ) ലഭിക്കുന്ന പേയ്മെന്റ് റിപ്പോർട്ടിലെ 'വ്യൂ' മെനുവിൽ ക്ലിക്ക് ചെയ്താൽ ഓഡിറ്റിന് ആവശ്യമായ വൗച്ചറിന് പകരം നാളിതുവരെയുള്ള വിവിധ തീയതികളിലെ വൗച്ചറുകളും അറ്റാച്ച്മെന്റും മുഴുവനായാണ് ലഭ്യമാകുന്നത്. സമാനസ്വഭാവമുള്ള പെയ്മെന്റുകളാണെങ്കിൽ (ഉദാ.കറണ്ട് ചാർജ്ജ്, സാലറി, വേതനം....) നൂറിലധികം പേജുകളുള്ള വൗച്ചറുകളും ഓഫീസ് നോട്ടുകളുമാണ് ലഭ്യമാകുന്നത്. ക്രൊണോളജിക്കൽ ഓർഡറിലല്ലാത്തതിനാൽ ഈ നൂറ് കണക്കിന് പേജുകൾക്കിടയിൽ നിന്നും ഓഡിറ്റർക്കാവശ്യമായ വൗച്ചറുകളും സബ് വൗച്ചറുകളും കണ്ടെത്തി പരിശോധന നടത്താൻ വളരെയധികം സമയനഷ്ടമുണ്ടാകുന്നു. കൂടാതെ ഒരു വൗച്ചറിൽ നിന്ന് അടുത്തതിലേക്ക് പോകുന്ന 'Next' ടാബ് ഒഴിവാക്കിയതിനാൽ ഓരോ വൗച്ചറിന്റേയും ഏതെങ്കിലും കീ-വേഡ് (ഉദാ. വൗച്ചർ നമ്പർ) ഉപയോഗിച്ച് പ്രത്യേകം പ്രത്യേകം തിരയൽ നടത്തിയാൽ മാത്രമേ വൗച്ചർ ലഭ്യമാകൂ. ഓഡിറ്റർക്ക് ആവശ്യമായ വൗച്ചറും അനുബന്ധ രേഖകളും മാത്രം പരിശോധിക്കാൻ സഹായകരമായ രീതിയിൽ കെ-സ്മാർട്ട് കൂടുതൽ പരിശോധനാ സൗഹൃദ സോഫ്റ്റ്വെയറാകേണ്ടതുണ്ട്.

സി)ഫയലുകളുടെ ഓഫീസ് നോട്ടുകൾ ഫുൾസ്ക്രീനിൽ വ്യക്തമായി ലഭിക്കുന്നുണ്ടെങ്കിലും കറന്റ് ഫയലുകൾ അഥവാ പ്രധാനമായും ഓഡിറ്റ് പരിശോധനയ്ക്കാവശ്യമായ അറ്റാച്ച്മെന്റ്സ് ഫുൾസ്ക്രീൻ വിഷനിൽ ലഭിക്കുന്നത് വായിക്കാൻ പര്യാപ്തമായ രീതിയിലല്ല. പലതും അവ്യക്തമായാണ് സ്കാൻ ചെയ്ത് കയറ്റിയിട്ടുള്ളത്. ശരിയായി കാണണമെങ്കിൽ ഇവ ഡൌൺലോഡ് ചെയ്ത് സൂം ചെയ്യേണ്ടതുണ്ട്. പക്ഷേ, ഒരു ഫയലിനൊപ്പമുള്ള വിവിധ ഡോക്യുമെന്റ്സ് ഒരുമിച്ച് ഡൌൺലോഡ് ചെയ്യാൻ സാധിക്കുന്നില്ല. 26 മുതൽ 46 വരെയൊക്കെ അറ്റാച്ച്മെന്റ്സ് ഉള്ളപ്പോൾ ഒരു ഫയലിലെ അറ്റാച്ച്മെന്റ്സ് മുഴുവൻ കാണാനായി 46 തവണ വരെ ഡൌൺലോഡ് ചെയ്യേണ്ടി വരുന്നു. സുഗമമായി കാണാനാകാത്ത ഫയലുകൾ പരിശോധനയ്ക്ക് വെല്ലുവിളിയുണ്ടാക്കുന്നു. കൂടാതെ, ഡോക്യുമെന്റ്സ് ക്രൊണോളജിക്കൽ ഓർഡറിൽ അല്ല അറ്റാച്ച് ചെയ്തിട്ടുള്ളത്. ഡോക്യുമെന്റ്സിന് നമ്പർ തുടർച്ചയായി നല്കിയിട്ടില്ല. ഇതെല്ലാം ഓഡിറ്റ് പരിശോധനയ്ക്ക് ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ട്.

ഡി)ഫയലുകൾ സാമ്പത്തിക വർഷത്തേക്കുള്ളത് മാത്രമായി പരിശോധിക്കാനാകുന്ന വിധത്തിലല്ല കെ-

സ്മാർട്ടിൽ ഉള്ളത്. കൂടാതെ അവ ക്രൊണോളജിക്കൽ ഓർഡർ പാലിക്കുകയും ചെയ്യാത്ത സാഹചര്യത്തിൽ പരിശോധന ദുഷ്കരമാകുന്നു.

ii)ബിൽഡിംഗ് പെർമിറ്റും നികുതി നിർണ്ണയവും വ്യത്യസ്ത അപേക്ഷകളിലൂടെ സ്വീകരിക്കുന്നതിനാൽ, പെർമിറ്റ് ലഭിച്ച കെട്ടിടങ്ങൾക്ക് നികുതി നിർണയം നടത്തിയിട്ടുണ്ടോ എന്ന് സ്ഥിരീകരിക്കാൻ കഴിഞ്ഞിട്ടില്ല. ബിൽഡിംഗ് പെർമിറ്റ് ഫയൽ നമ്പർ അടിസ്ഥാനമാക്കി കെട്ടിട നമ്പറും നികുതി നിർണയ നിലയും പരിശോധിക്കാൻ സാധ്യമല്ല.

എഫ്)കെ-സ്മാർട്ടും ഇ-ഗ്രാം സ്വരാജും തമ്മിൽ ഇന്റഗ്രേഷൻ നടക്കാത്തതിനാൽ ഇ-ഗ്രാം സ്വരാജ് മുഖേന മാറിയ ബില്ലുകളുടെ പേയ്മെന്റ് വിശദാംശങ്ങളടങ്ങിയ പി.എഫ്.എം.എസ് സ്റ്റേറ്റ്മെന്റും (ബിൽ നം./വൗച്ചർ നം., തീയതി, തുക ക്രമത്തിൽ) അനുബന്ധ രേഖകളും കെ-സ്മാർട്ടിൽ പരിശോധിക്കാൻ സംവിധാനമില്ല.

1-28 വൃക്ക രോഗികൾക്ക് സർക്കാർ ആശുപത്രികളിൽ സൌജന്യ ഡയാലിസിസ് ചെയ്യുന്ന പദ്ധതി

പ്രോജക്ട് നമ്പർ	S0217/25
പ്രോജക്ടിന്റെ പേര്	വൃക്ക രോഗികൾക്ക് സർക്കാർ ആശുപത്രികളിൽ സൌജന്യ ഡയാലിസിസ് ചെയ്യുന്ന പദ്ധതി
നിർവ്വഹണ ഉദ്യോഗസ്ഥൻ	M.O.ജില്ലാ ആശുപത്രി
അടങ്കൽ	₹200000 (വികസന ഫണ്ട് (പൊതു വിഭാഗം))
ചെലവ്	₹200000
ബിൽ നമ്പർ, തീയതി	BRN 24070447001301719435 Dated 26/03/25

മേൽ പ്രോജക്ട് പ്രകാരം മാവേലിക്കര ജില്ലാ ആശുപത്രിയുടെ അക്കൌണ്ട് നമ്പർ 10410200007507 ലേക്ക് ₹200000 26/03/25' ൽ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ഇതു സംബന്ധമായി യാതൊരുവിധ പ്രവർത്തനങ്ങളും നടന്നിട്ടില്ലെന്ന് ഫയൽ പരിശോധനയിൽ കാണുന്നു.

ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 21/28-01-26) നല്കിയ മറുപടിയിൽ നിലവിൽ വൃക്ക രോഗികൾ ഇല്ലാത്തതിനാൽ തുക ആശുപത്രി വികസന സമിതിയുടെ പേരിൽ പ്രത്യേകമായ അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ് എന്ന് അറിയിച്ചു. തുക പിൻവലിച്ച് ഏത് ഹെഡിൽ നിന്നാണോ പിൻവലിച്ചത് അതേ ഹെഡിൽ തിരിച്ചടക്കേണ്ടതാണ്.

1-29 ഫൈൻ കൂടാതെ പ്രവൃത്തികൾക്ക് എക്സ്റ്റൻഷൻ നല്കി-അപാകത

ജി.ഒ. (പി)13/2012/PWD/01-02-2012 (പൊതുമരാമത്ത് മാന്വൽ 2012) ലെ സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ Higher Authority-യുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല.

ജി.ഒ(എം.എസ്)നം.21/2024/പി.ഡബ്ല്യു.ഡി/02.04.2024 സർക്കാർ ഉത്തരവ് പ്രകാരം നല്കിയ സ്പഷ്ടീകരണമനുസരിച്ച്, കരാർ പ്രകാരമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരിക്കുന്ന സാഹചര്യത്തിൽ, 2012 ലെ പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2116-1 ൽ അനുശാസിക്കുന്ന വിധം കാലതാമസം വരുത്തിയ ഓരോ ആഴ്ചയ്ക്കും കരാർ തുകയുടെ 0.1% നിരക്കിൽ ലിക്വിഡേറ്റഡ് ഡാമേജ്

(കോമ്പൻസേഷൻ) ഈടാക്കേണ്ടിയിരുന്നു. 02.04.2024 തീയതി മുതലുള്ള എക്സ്റ്റൻഷനുകൾക്ക് ഈ ഉത്തരവ് ബാധകമാണെന്ന് ജി.ഒ(എം.എസ്)നം.169/2024/ഫിൻ/20.12.2024 പ്രകാരം സ്പഷ്ടീകരണവും ലഭിച്ചിട്ടുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പാക്കിയ പ്രവൃത്തികളുടെ ഫയലുകളും നോട്ട് ഫയലുകളും പരിശോധിച്ചതിൽ 02.04.2024-ന് ശേഷമുള്ള തീയതികളിൽ ഫൈനോട് കൂടി എക്സ്റ്റൻഷൻ അനുവദിച്ചിട്ടും നിർദ്ദിഷ്ട നിരക്കിൽ ഫൈൻ കുറവ് വരുത്താത്തതായി/ഫൈൻ ഈടാക്കാത്തതായി കാണുന്നു.

ക്രമ നം.	പ്രോജക്ട്/ പേര്	കരാറുകാരന്റെ പേര്, പി.എ.സി, സൈറ്റ് ഹാന്റ് ഓവർ ചെയ്ത തീയതി	കരാർ പ്രകാരം പൂർത്തിയാക്കേണ്ട മാസം/ തീയതി	പൂർത്തിയാക്കിയ തീയതി/ ഈടാക്കിയ ഫൈൻ	കാലതാമസം വന്ന ആഴ്ചകൾ/ ഈടാക്കേണ്ട ഫൈൻ (ലിക്വിഡേറ്റഡ് ഡാമേജ് + ഇൻഷുറൻസ് ഇല്ലാത്തതിനുള്ള ഫൈൻ)	ഫൈൻ ഇനത്തിൽ വന്ന കുറവ്	ബിൽ നം, തീയതി, തുക
1	S0116/25 കാട്ടികുളം താച്ചയിൽ രാജീവ് ഗാന്ധി റോഡ് പുനരുദ്ധാരണം, വാർഡ് 6	അരുൺ സോമൻ 448120/- 21.03.24	6മാസം 20.09.24	18.02.25 5337/-	21 ആഴ്ച 10307/- (9411+896)	4970	24070447001601533976/ 14.03.25 308694/-
2	S0121/25 കണ്ടിയൂർ കീർത്തിപുരം വായനശാലാ റോഡ് മെയിന്റനൻസ് വാർഡ്3	രമേഷ് എസ് 440240/- 05.03.24	6മാസം 04.09.24	20.01.25 881/-	21 ആഴ്ച 10126/- (9245+881)	9245	24070447001601309941/ 11.02.25 489700/-
3	S0133/25 പടിപ്പുരക്കൽ റോഡ് ഇൻറർലോക്കിംഗ് വാർഡ്28	ബിനോയ് വർഗ്ഗീസ് 289137/- 26.03.24	6മാസം 25.09.24	25.03.25 578/-	25 ആഴ്ച 7806/- (7228+578)	7228	സി.എഫ്.സി
4	S0136/25 റീത്ത് പള്ളി മുതൽ ഈസ്റ്റേൺ ഐ.ടി.സി വരെ റോഡ് പുനരുദ്ധാരണം, വാർഡ്9	രമേഷ് എസ് 665038/- 22.03.24	6മാസം 21.09.24	21.03.25 1330/-	25 ആഴ്ച 17956/- (16626+1330)	16626	24070447001601665219/ 24.03.25 731532/-
5	S0160/25 ശാരദ മന്ദിരം കൊച്ചകടക്കേത്ത് സ്റ്റൌട്ട്സ് ആന്റ് ഗൈഡ്സ് റോഡ് പുനരുദ്ധാരണം വാർഡ്24	രമേഷ് എസ് 434073/- 22.03.24	6മാസം 21.09.24	27.12.24 979/-	13 ആഴ്ച 6511/- (5643+868)	5532	24070447001601203484/ 21.01.25 420455/-
6	S0140/25 കാട്ടുകുളം നവീകരണം	സുരേഷ്ബാബു.ഡി 2727679/- 13.02.23	6മാസം 12.08.23	19.03.25 5621/-	83 ആഴ്ച 231852/- (226397+5455)	226231	സി.എഫ്.സി

	വാർഡ്22						
7	S0297/25 കൊമ്പശ്ശേരി ഉമ്പർനാട് എസ്.സി കോളനി റോഡ് മെയിന്റനൻസ് എസ്.സി.പി വാർഡ്13	അരുൺ സോമൻ 596579/- 28.11.23	6മാസം 27.05.23	20.06.04 7440/-	55 ആഴ്ച 34005/- (32812+1193)	26565	സി.എഫ്.സി
8	S0144/25 എസ്.ബി.ഐ ബാങ്കിന് വടക്ക് വശത്തുള്ള പി.എം.ഹോസ്പിറ്റൽ റോഡ് പുനരുദ്ധാരണം വാർഡ്4	സുജിത് മാമൻ ജേക്കബ്ബ് 337538/- 27.10.23	6മാസം 26.04.24	21.03.25 7425/-	47 ആഴ്ച 16539/- (15864+675)	9114	24070447001601684914/ 25.03.25 353297/-
9	S0127/25 കണ്ടിയൂർ പള്ളിവേട്ട ആൽത്തറ ഓട നിർമ്മാണം വാർഡ്3	രമേഷ് എസ് 450695/- 25.03.24	6മാസം 24.09.24	11.03.25 5408/-	24 ആഴ്ച 11718/- (10817+901)	6310	14.03.25 476995/-
10	S0168/25 നമ്പൂതിരി മഠം റോഡ് പുനരുദ്ധാരണം വാർഡ്23	അരുൺ സോമൻ 372965/- 31.12.23	6 മാസം 01.06.24	17.03.25 8205/-	41 ആഴ്ച 16038/- (15292+746)	7833	19.03.25 429798/-
11	S0172/25 എസ്.എൻ.ഡി.പി മന്ദിരം പനയ്ക്കൽ റോഡ് പുനരുദ്ധാരണം വാർഡ് 19	രമേഷ് എസ് 439998/- 23.03.24	6 മാസം 22.09.24	03.01.25 979/-	14 ആഴ്ച 7040/- (6160+880)	6061	24070447001601181394/ 16.01.25 489700/-
					ആകെ	325715/-	

ടി പ്രവൃത്തികൾക്ക് ഫൈൻ കൂടാതെ എക്സ്റ്റൻഷൻ അനുവദിക്കപ്പെട്ടിട്ടുള്ള പക്ഷം ആയതിന്റെ വിവരങ്ങൾ, തീരുമാനം, സപ്ലിമെന്ററി എഗ്രിമെന്റ് മുതലായവ ലഭ്യമാക്കണം. മേൽ പ്രോജക്ടുകളെല്ലാം ഇൻഷുറൻസ് ഇല്ലാത്ത പ്രവൃത്തികളെന്ന നിലയ്ക്ക് എഗ്രീഡ് പി.എ.സി-യുടെ 0.2ശതമാനം തുക ബില്ലിൽ കിഴിവ് വരുത്തി ക്രമീകരിച്ചുവരികയാണ് എന്നും കാണുന്നു. ഇൻഷുറൻസ് കൂടാതെ പ്രവൃത്തികൾ നടത്തപ്പെടുന്നു എന്ന അപാകതയും നിലനിൽക്കുന്നു. **എൻക്വയറി നം.3/24.01.26**

1-30 ഇൻഷുറൻസ് കൂടാതെ നടപ്പിലാക്കിയ പ്രവൃത്തി ഫൈനും ഈടാക്കിയില്ല

ചുവടെ ചേർക്കുന്ന പ്രോജക്ടിൽ പ്രവൃത്തിക്ക് ആവശ്യമായ ഇൻഷുറൻസ് എടുത്തിട്ടില്ലെന്ന് കാണുന്നു. ഇൻഷുറൻസിന്റെ അഭാവത്തിൽ പി.എ.സി-യുടെ 0.2 ശതമാനം നിരക്കിൽ ഫൈൻ ഇനത്തിൽ 496/-രൂപ ബില്ലിൽ നിന്ന് കുറവ് വരുത്തേണ്ടിയിരുന്നുവെങ്കിലും ആയത് ചെയ്തിട്ടില്ലെന്നും കാണുന്നു. ഫൈൻ ഇനത്തിൽ തുക നഷ്ടമായതിന് പുറമേ, ടി വർക്കിന് ലഭ്യമാകേണ്ടിയിരുന്ന ഇൻഷുറൻസ് പരിരക്ഷ നഷ്ടമായി.

പ്രോജക്ട്/ പേര്	കരാറുകാരന്റെ പേര്	ഫണ്ടിനം	പി.എ.സി	ഫൈൻ ഈടാക്കേണ്ട തുക	തുക തിയതി

S0315/25 അർബൻ വെൽനെസ് സെന്റർ നിർമ്മാണം	വർഗ്ഗീസ് ആന്റണി	ഹെൽത്ത് ഗ്രാന്റ്	248234	496	298999/- 11.03.25

ടി വിഷയത്തിലുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം.5/24.01.26) മറുപടി ലഭ്യമാക്കിയിട്ടില്ല. ഫൈൻ ഇനത്തിൽ നഷ്ടമായ തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്ന് ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-31 ലൈബ്രറി സെസ് 71.52 ലക്ഷം രൂപ അടവാക്കാൻ അവശേഷിക്കുന്നു

കേരള പബ്ലിക് ലൈബ്രറീസ് (ഗ്രന്ഥശാലാ സംഘം) ആക്ട്, വകുപ്പ്-48 പ്രകാരം, നഗരസഭ ചുമത്തുന്ന വസ്തുനികുതിയുടെ 5% നിരക്കിലുള്ള തുക ലൈബ്രറി സെസ് ആയി ഈടാക്കി, സംസ്ഥാന ലൈബ്രറി കൗൺസിലിന് നൽകേണ്ടതാണ്. എന്നാൽ വസ്തുനികുതിയോടൊപ്പം പിരിക്കുന്ന ലൈബ്രറി സെസ് തുക നഗരസഭ യഥാസമയം സംസ്ഥാന ലൈബ്രറി കൗൺസിലിൽ ഒടുക്കുന്നില്ലെന്ന് ലൈബ്രറി സെസ് സംബന്ധിച്ച ഫയൽ വ്യക്തമാക്കുന്നു. 2024-25 സാമ്പത്തിക വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ നഗരസഭയുടെ ബാധ്യത 71,52,661 രൂപയാണെന്ന് വാർഷിക ധനകാര്യപത്രികയിലെ ഷെഡ്യൂൾ ബി-8 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക രണ്ടു ഗഡുക്കളായി സംസ്ഥാന ലൈബ്രറി കൗൺസിലിലേയ്ക്ക് ഒടുക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.36/31.01.2026) മറുപടി ലഭ്യമാക്കിയില്ല. ലൈബ്രറി സെസ് ഇനത്തിൽ അടവാക്കാനുള്ള തുകയുടെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കേണ്ടതുമാണ്.

1-32 വയോമിത്രം പദ്ധതി- ചെലവ് വിശദാംശങ്ങൾ ഹാജരാക്കിയില്ല

പ്രോജക്ട് നം.	S0022/25
പ്രോജക്ടിന്റെ പേര്	വയോമിത്രം പദ്ധതി
അടങ്കൽ തുക	500000/- (വികസന ഫണ്ട്-ജനറൽ)
ചെലവ്	500000/- (വികസന ഫണ്ട്-ജനറൽ)
ബിൽ നം.	24070447001400910243/15.11.24
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ

സംസ്ഥാനത്ത് വയോജന നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണ പരിപാലനത്തിന് പ്രത്യേക ശ്രദ്ധ നൽകി കൊണ്ട് ആരംഭിച്ച നൂതന പദ്ധതിയാണ് വയോമിത്രം. പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി (മുനിസിപ്പാലിറ്റി/കോർപ്പറേഷൻ) ചേർന്ന് ഒരു സംയുക്ത പദ്ധതിയായിട്ടാണ് വയോമിത്രം പദ്ധതി നടപ്പിലാക്കി വരുന്നത്. പദ്ധതി നടപ്പാക്കുന്ന പ്രദേശത്തെ വയോജനങ്ങളുടെ മാനസിക ഉല്ലാസത്തിനു വേണ്ടിയുള്ള വിവിധ പരിപാടികളും വയോജനക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് പ്രത്യേക കരുതൽ നൽകുന്ന തരത്തിലുള്ള വിവിധ പരിപാടികളും പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കേണ്ടതുമാണ്. കേരള സാമൂഹ്യസുരക്ഷാ മിഷനും മാവേലിക്കര നഗരസഭയും സംയുക്തമായി നടത്തിവരുന്ന ടി പദ്ധതിയ്ക്കായി 5,00,000/- രൂപ കേരള സാമൂഹ്യസുരക്ഷാമിഷന് നൽകിയിട്ടുണ്ട്.

ടി തുക ചെലവഴിച്ചിട്ടുണ്ടെന്നുള്ള ഒറ്റവരി ധനവിനിയോഗപത്രം (A2/97/22/KSSM/19.05.25) ഹാജരാക്കിയിട്ടുണ്ടെങ്കിലും ടി തുക എന്തെല്ലാം ആവശ്യങ്ങൾക്കാണ് ചെലവഴിച്ചിട്ടുള്ളത് എന്നത് സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. മരുന്ന് വാങ്ങലിനായാണ് തുക പൂർണ്ണമായും ചെലവഴിച്ചതെന്ന് അറിയിച്ചുവെങ്കിലും ആയത് സംബന്ധിച്ച രേഖകളും മരുന്ന് ബന്ധപ്പെട്ട

ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയതിന്റെ വിശദാംശങ്ങളും ഹാജരാക്കിയിട്ടില്ല. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.31/30.01.2026) വിശദമായ ചെലവ് വിവരങ്ങൾ നൽകാനാവശ്യപ്പെട്ട് കേരള സാമൂഹ്യസുരക്ഷാമിഷന് കത്ത് നൽകിയതായി അറിയിച്ചു. ചെലവ് വിശദാംശങ്ങൾ ഹാജരാക്കുന്നതുവരെ ചെലവ് തുക (5,00,000/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-33 കോക്ലിയാർ ഇംപ്ലാന്റ് മെയിന്റനൻസ് - കൈമാറിയ തുക പൂർണ്ണമായി വിനിയോഗിച്ചില്ല

പ്രോജക്ട് നം. S0337/25, കോക്ലിയാർ ഇംപ്ലാന്റ് മെയിന്റനൻസ്-സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയ്ക്ക് തുക നൽകൽ

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ - 50000/- (സി.എഫ്.സി)

ചെലവ് - 50000/- (സി.എഫ്.സി)

ബിൽ നം. - 245/16.03.2025

പ്രസ്തുത പ്രോജക്ടിൽ മാവേലിക്കര നഗരസഭാ പരിധിയിലെ ഏക ഗുണഭോക്താവായ ശ്രീ.അശ്വിൻ.എം എന്ന ഗുണഭോക്താവിന്റെ ചികിത്സയ്ക്കായി 50000/- രൂപ മുൻകൂറായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയ്ക്ക് നൽകിയിട്ടുണ്ട്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ നിന്നും ഹാജരാക്കിയ വിനിയോഗ സാക്ഷ്യപത്ര പ്രകാരം ഇതിൽ 39659/- രൂപ മാത്രമാണ് നാളിതുവരെ ചെലവഴിച്ചിട്ടുള്ളത്. 10341/- രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നു. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.31/30.01.2026) ചെലവ് തുക പൂർണ്ണമായി ചെലവഴിച്ച് വിനിയോഗസാക്ഷ്യപത്രം നൽകാനാവശ്യപ്പെട്ട് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയ്ക്ക് കത്ത് നൽകിയതായി നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. ചെലവ് തുക പ്രസ്തുത ആവശ്യത്തിന് പൂർണ്ണമായി ചെലവഴിച്ച് രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതുവരെ ചെലവഴിക്കാൻ അവശേഷിക്കുന്ന 10341/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-34 ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ മുൻകൂർ ക്രമീകരിച്ചില്ല, അഡ്വാൻസ് രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തിയില്ല

വാർഷിക ധനകാര്യ പത്രിക (B-18 ഷെഡ്യൂൾ) പരിശോധിച്ചതിൽ നഗരസഭയിൽ 2024-25 സാമ്പത്തിക വർഷാന്ത്യം ഫെസ്റ്റിവൽ അഡ്വാൻസിനത്തിൽ 158000/- രൂപ തിരികെ ലഭിക്കാൻ അവശേഷിക്കുന്നു. ഇതിൽ 146000/- രൂപ മുൻവർഷങ്ങളിൽ നൽകിയതും 12000/- രൂപ തൻവർഷം നൽകിയതുമാണ്. മുൻകൂർ യഥാസമയം ക്രമീകരിക്കാത്തപക്ഷം നിയമപ്രകാരമുള്ള പലിശ സഹിതം തിരികെ ഈടാക്കണമെന്ന് 4/10/11-ലെ ജി.ഒ(പി)419/11/ഫിൻ നമ്പർ ഉത്തരവിൽ നിർദ്ദേശമുണ്ട്. അഡ്വാൻസ് രജിസ്റ്ററിലും ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. രേഖപ്പെടുത്തലുകളുടെ അഭാവത്തിൽ ഏതെല്ലാം ജീവനക്കാർക്ക് നാളിതുവരെ അനുവദിക്കപ്പെട്ട മുൻകൂറുകളാണ് തിരികെ ഒടുക്കാൻ അവശേഷിക്കുന്നത് എന്ന് വ്യക്തമല്ല. മുൻകൂർ യഥാസമയം തിരികെ ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (37/02.02.2026) തൻ വർഷം നൽകിയ അഡ്വാൻസിൽ തിരികെ ലഭിക്കാനുള്ള 4000/- രൂപ ബന്ധപ്പെട്ട ബിൽ കളക്ടർമാരിൽ നിന്നും (അഞ്ജന ശശി, ഉമ.കെ) തിരികെ ലഭിക്കാൻ കത്തയച്ചതായി മാത്രമാണ് മറുപടി ഹാജരാക്കിയിട്ടുള്ളത്. ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ തിരികെ ലഭിക്കാനുള്ള 158000/- രൂപ തിരികെ ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-35 പെൻഷൻ കോൺട്രിബ്യൂഷൻ, മറ്റ് റിക്കവറി തുകകൾ ബന്ധപ്പെട്ട ഹെഡിൽ ഒടുക്കിയില്ല - നഗരസഭയ്ക്ക് വൻ തുക ബാധ്യത

വാർഷിക ധനകാര്യ പത്രിക (B-8 ഷെഡ്യൂൾ, Other Liabilities) പരിശോധിച്ചതിൽ നഗരസഭ ഒടുക്കേണ്ട

താഴെപ്പറയുന്ന ഇനങ്ങളിലെ തുകകൾ യഥാസമയം ഒടുക്കാത്തതിനാൽ വൻ തുക ബാധ്യത നിലനിൽക്കുന്നതായി കാണുന്നു.

ക്രമ നം.	അക്കൗണ്ട് ഹെഡ്	ഇനം	ഒടുക്കേണ്ട തുക
1.	3501106	Contribution To Central Pension Fund Payable	3898208
2.	3501107	Contribution To Other Pension Fund Payable	386289
3.	3503013	Government And Other Dues Payable - Others Payable	22928947
4.	3501116	Pension Contribution Payable	2615895
5.	3501303	Employers Liabilities - Pension Contribution	1476620

മേൽ പട്ടിക പരിശോധിച്ചതിൽ സ്ഥാപനം ഒടുക്കാൻ ബാദ്ധ്യസ്ഥമായ തുക യഥാസമയം ഒടുക്കുന്നതായി കാണുന്നില്ല. സ്ഥാപനത്തിന്റെ പെൻഷൻ കോൺട്രിബ്യൂഷൻ (Employers Pension Contribution) മറ്റ് റിക്കവറി തുകകൾ എന്നിവ യഥാസമയം ബന്ധപ്പെട്ട ഹെഡിൽ ഒടുക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (37/02.02.2026) മറുപടി ഹാജരാക്കിയില്ല. ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ, മറ്റ് നിർബന്ധിത ഡിഡക്ഷനുകൾ എന്നിവ ബന്ധപ്പെട്ട ഹെഡിൽ ഒടുക്കി നഗരസഭയുടെ ബാധ്യത കുറയ്ക്കാനാവശ്യമായ നടപടി സ്വീകരിച്ച് രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയത്തിൽ നഗരസഭാ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-36 മഴക്കാല പൂർവ ശുചീകരണം - ചെലവ് രേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല

നഗരസഭയുടെ 28 വാർഡുകളിലെ മഴക്കാല പൂർവ ശുചീകരണത്തിന്റെ ചെലവുകൾക്കായി ശുചിത്വമിഷനിൽ നിന്നും ലഭിച്ച 280000/- രൂപ സെക്രട്ടറിയുടെ പേരിൽ പഞ്ചാബ് നാഷണൽ ബാങ്കിൽ നിലവിലുള്ള അക്കൗണ്ടിൽ (A/Cനം.4314000100065217) നിക്ഷേപിക്കുകയും ചെക്ക്നം.198990/ 31.05.2024 പ്രകാരം 10000/- രൂപ വീതം മുഴുവൻ വാർഡുകൾക്കും കൈമാറിയിട്ടുണ്ട്. മുഴുവൻ വാർഡുകളുടേയും ചെലവ് രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.26/30.01.2026) വാർഡ് 8, വാർഡ് 24 എന്നിവ ഒഴികെയുള്ള എല്ലാ വാർഡുകളുടേയും ചെലവ് രേഖകൾ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ വാർഡ് 8, വാർഡ് 24 എന്നീ വാർഡുകൾക്ക് നൽകിയ തുകകളുടെ ചെലവ് രേഖകളും ബാങ്ക് പാസ് ബുക്കും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ ടി വാർഡുകൾക്ക് നൽകിയ 20000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-37 ആധുനിക അറവുശാല നിർമ്മാണത്തിനുള്ള 10036083 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു

നഗരസഭയുടെ വികസനമാതൃകയായി നിലനിൽക്കേണ്ട "ടൈനി മോഡേൺ സ്ലോട്ടർ ഹൗസ്" എന്ന പദ്ധതി ആരംഭിക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. ശുചിത്വമിഷൻ ഫണ്ടും നഗരസഭാ ഫണ്ടും ഉൾപ്പെടുത്തി ആസൂത്രണം ചെയ്ത പദ്ധതിക്ക് മിഷനിൽ നിന്നും എസ്റ്റിമേറ്റിനനുസൃതമായ ഫണ്ട് ലഭിച്ചിട്ടും സാങ്കേതിക തടസ്സങ്ങൾ കാരണം പദ്ധതി തുടങ്ങിവെക്കാൻ പോലും കഴിയാതെ 10036083 രൂപ (പലിശ ഉൾപ്പടെ) പഞ്ചാബ് നാഷണൽ ബാങ്കിലെ നഗരസഭയുടെ നം.53595 അക്കൗണ്ടിൽ (ശുചിത്വ മിഷൻ) 31.03.2025 ൽ ബാധ്യതയായി നിൽക്കുന്നു.

പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, 2010-ൽ 9,50,000/-രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം, ആധുനിക അറവുശാലയാക്കി മാറ്റുവാനാണ് ശുചിത്വ മിഷനിൽ നഗരസഭ എസ്റ്റിമേറ്റ്

സമർപ്പിച്ചിരുന്നത്. 28.40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ശുചിത്വമിഷനിൽ നിന്ന് അംഗീകാരം, സാങ്കേതിക അനുമതി എന്നിവ വാങ്ങി, 14.20 ലക്ഷം രൂപ (എസ്റ്റിമേറ്റ് തുകയുടെ 50%) മിഷനിൽ നിന്ന് അനുവദിക്കുകയും ടി തുക നഗരസഭയുടെ പേരിലുള്ള പഞ്ചാബ് നാഷണൽ ബാങ്കിന്റെ അക്കൌണ്ടിൽ (നം.4314001000535 95) 12-01-2011 ൽ ക്രഡിറ്റ് ചെയ്തു. ബാലൻസ് ഫണ്ട് കണ്ടെത്താൻ നഗരസഭയ്ക്ക് കഴിയാത്തതിനാൽ പ്രവൃത്തി ആരംഭിച്ചില്ല.

തുടർന്ന് 30-09-2015 ൽ നഗരസഭ നൽകിയ 60,00,000/-രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ശുചിത്വമിഷൻ അംഗീകരിച്ച് 31-12-2015 ലെ 25-ാം നം.കൗൺസിൽ തീരുമാനപ്രകാരം ടെണ്ടർ ക്ഷണിച്ച് എസ്റ്റിമേറ്റിലും 9.99% കുറഞ്ഞ നിരക്കിലുള്ള ശ്രീ.എൻ.വിജയൻ, കല്ലുമല എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ച് 9-12-2016 ൽ എഗ്രിമെന്റും വെച്ചു (68/ME/LSGD/MVK/MLTY). എന്നാൽ നിലവിലുള്ള കെട്ടിടം ശുചിത്വമിഷൻ മാനദണ്ഡമനുസരിച്ച് പുതുക്കിപണിയാൻ കഴിയുമോ എന്ന കാര്യത്തിൽ സാങ്കേതിക ഉപദേശം ലഭിക്കുന്നതിനായി 20-05-2017 ൽ ശുചിത്വമിഷനെ സമീപിക്കുകയും പരിശോധനയിൽ അറവുശാലകളുടെ നിലവിലുള്ള നിയമങ്ങൾ പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിന്റെ അംഗീകാരം ലഭിക്കണമെങ്കിൽ കെട്ടിടത്തിന്റെ 90 മീറ്റർ ചുറ്റളവിൽ വാസഗൃഹങ്ങൾ പാടില്ലെന്നും ഹസാർഡസ് ഒക്യുപ്പൻസി ആയതിനാൽ KMBR ചട്ടങ്ങൾ പാലിക്കേണ്ടതാണെന്നും അറിയിച്ചു. 25 മീറ്റർ പരിധിയിൽ വാസഗൃഹങ്ങൾ ഉള്ളതിനാലും KMBR59 (3), 59(4) ചട്ടങ്ങൾ പാലിക്കുന്നില്ലായെന്നുമുള്ള കണ്ടെത്തലിനെയും തുടർന്ന് ടി സ്ഥലത്ത് നിർമ്മാണം അനുയോജ്യമല്ലെന്നും ആധുനിക രീതിയിലുള്ള അറവുശാല പണിയുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് കൌൺസിൽ തീരുമാനിച്ചു (28-03-2018 ലെ 8ാം നം.തീരുമാനം). പദ്ധതിയുടെ ആരംഭഘട്ടത്തിലും 90 മീറ്റർ ചുറ്റളവിൽ വാസഗൃഹങ്ങൾ പാടില്ലായെന്നുള്ള നിബന്ധന/കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവ ബാധകമായിരുന്നില്ലേ, നഗര വികസനവുമായി ബന്ധപ്പെട്ട് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ, അനുയോജ്യമായ സ്ഥലം കണ്ടെത്തി പ്രോജക്ട് വെക്കുന്നതിനും നഗരസഭയുടെ ബാധ്യത സംബന്ധിച്ചും കൌൺസിൽ ചർച്ച ചെയ്തിട്ടുള്ളതിന്റെ വിവരങ്ങൾ? നഗരസഭ മേൽ വിഷയവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി എന്നിവ അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(നം.35/2024-25/31.01.26)** മറുപടി ലഭ്യമാക്കിയില്ല.

പഞ്ചാബ് നാഷണൽ ബാങ്കിന്റെ അക്കൌണ്ട് നം.4314001000535 95 -ൽ ശുചിത്വമിഷനിൽ നിന്ന് ലഭിച്ച 74,20,000/-രൂപയും നാളിതുവരെയുള്ള പലിശ 2616083/-രൂപയും ഉൾപ്പടെ 10036083/- രൂപ 31-03-2025 ൽ നിഷ്ക്രിയമായി തുടരുന്നു. ഭാവിയിൽ പലിശ ഉൾപ്പടെ വലിയ തുകയാണ് നഗരസഭയ്ക്ക് ബാധ്യതയായി മാറുന്നത്. ആകയാൽ ആധുനിക അറവുശാലക്കായി എത്രയും വേഗം സ്ഥലം കണ്ടെത്തി ഫണ്ട് ഉപയോഗപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുകയോ തുക പലിശ സഹിതം മിഷനിൽ തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്. ടി കെട്ടിടത്തിന്റെ ഒരു ഭാഗം ഇപ്പോൾ പകൽ വീടിനായി മാറ്റം വരുത്തിയിട്ടുണ്ടെങ്കിലും നിലവിലും നിഷ്ക്രിയ ആസ്തിയായി നിലനിൽക്കുന്നു.

1-38 വീട് മെയിന്റനൻസ് (ജനറൽ)-നാളിതുവരെ പണി പൂർത്തീകരിച്ചില്ല

പ്രോജക്ടിന്റെ നമ്പർ	S0025/25
പ്രോജക്ടിന്റെ പേര്	വീട് മെയിന്റനൻസ് (ജനറൽ)
നിർവ്വഹണ ഉദ്യോഗസ്ഥ	ഹെൽത്ത് ഓഫീസർ
അടങ്കൽ	ആകെ-₹1400000 ---------- വികസന ഫണ്ട് (ജനറൽ)
ചെലവ്	ആകെ-₹228000

	---------- വികസന ഫണ്ട് (ജനറൽ)
ബിൽ നമ്പർ	1.ബിൽ നമ്പർ 24070447002201587304 Dated 19/3/25,₹84000 2.ബിൽ നമ്പർ 24070447002201674291 Dated 24/3/25,₹72000 3.ബിൽ നമ്പർ 24070447002201703274 Dated 25/3/25,₹24000 4.ബിൽ നമ്പർ 24070447002201721786 Dated 26/3/25,₹24000 5.ബിൽ നമ്പർ 24070447002201699382 Dated 25/3/25,₹24000

ചുവടെയുള്ള ഗുണഭോക്താക്കൾ വീട് മെയിന്റനൻസ് ആദ്യ ഗഡു കൈപ്പറ്റിയെങ്കിലും നാളിതു വരെ പണി പൂർത്തിയാക്കുകയോ ആയതിന് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ അവസാന ഗഡു കൈപ്പറ്റുകയോ ചെയ്തിട്ടില്ല.

ഗുണഭോക്താവിന്റെ പേര്,മേൽവിലാസം	കൈപ്പറ്റിയ ആനുകൂല്യം	റിമാർക്സ്
അജിത്ത് കുമാർ, ബിന്ദു ഭവനം (വാർഡ് -21)	₹12000	പണി പൂർത്തിയാക്കുകയോ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ ചെയ്തില്ല
സരസ്വതി,പാവക്കാപറമ്പിൽ(വാർഡ്-3)	₹12000	പണി പൂർത്തിയാക്കുകയോ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ ചെയ്തില്ല
ഗീതാ സുരേഷ്,പടിഞ്ഞാറേ കുഴിപറമ്പിൽ(വാർഡ്- 7)	₹12000	പണി പൂർത്തിയാക്കുകയോ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ ചെയ്തില്ല
റെയ്ച്ചൽ, കണ്ണങ്കര താഴെ പുരയിൽ (വാർഡ് -7)	₹12000	പണി പൂർത്തിയാക്കുകയോ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ

		ചെയ്തില്ല

ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 10/27-01-26), പണി പൂർത്തിയാക്കി മുഴുവൻ തുക നല്കുന്നതിന്, അല്ലാത്ത പക്ഷം വാങ്ങിയ തുക പലിശ സഹിതം അടക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതാണെന്ന് മറുപടിയിൽ അറിയിച്ചു. മറുപടിയിൽ അറിയിച്ച പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-39 വീട് മെയിന്റനൻസ് (എസ്.സി.പി.)-നാളിതുവരെ പണി പൂർത്തീകരിച്ചില്ല

പ്രോജക്ടിന്റെ നമ്പർ	S0090/25
പ്രോജക്ടിന്റെ പേര്	വീട് മെയിന്റനൻസ് (എസ്.സി.)
നിർവ്വഹണ ഉദ്യോഗസ്ഥ	ഹെൽത്ത് ഓഫീസർ
അടങ്കൽ	ആകെ-₹2100000 ---------- വികസന ഫണ്ട് (എസ്.സി.പി.)
ചെലവ്	ആകെ-₹325000 ---------- വികസന ഫണ്ട് (എസ്.സി.പി.)
ബിൽ നമ്പർ	1.BRN 24070447002201587333 Dated 19/3/25,₹175000 2.BRN 24070447002201674284 Dated 24/3/25,₹75000 3.BRN 24070447002201720353 Dated 26/3/25,₹75000

ചുവടെയുള്ള ഗുണഭോക്താക്കൾ വീട് മെയിന്റനൻസ്സ് ആദ്യ ഗഡു കൈപ്പറ്റി നാളിതു വരെ പണി ആരംഭിച്ചിട്ടില്ല.

ഗുണഭോക്താവിന്റെ പേര്,മേൽ വിലാസം	കൈപ്പറ്റിയ ആനുകൂല്യം	റിമാർക്സ്
സുധ രാജീവ്, കാവിന്റെ കിഴക്കതിൽ (വാർഡ് -9)	₹25000	പണി ആരംഭിച്ചിട്ടില്ല.
ഓമന രാജു ,മണലേൽ ചിറയിൽ(വാർഡ്- 5)	₹25000	പണി ആരംഭിച്ചിട്ടില്ല.
കെ.സുനിത,തീർഥം (തോപ്പിൽ) (വാർഡ്- 19)	₹25000	പണി ആരംഭിച്ചിട്ടില്ല.
രാധാമണി,ശിവഗുരുനാഥൻ പുരയിടം(വാർഡ് -7)	₹25000	പണി ആരംഭിച്ചിട്ടില്ല.

ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 11/27-01-26)- ക്ക് പണി പൂർത്തിയാക്കി മുഴുവൻ തുക വാങ്ങിക്കുകയോ അല്ലാത്ത പക്ഷം വാങ്ങിയ തുക പലിശ സഹിതം അടക്കുകയോ ചെയ്യുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതാണെന്ന് മറുപടിയിൽ അറിയിച്ചു. സ്വീകരിക്കുന്ന തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-40 ഹരിത സഹായ സ്ഥാപനത്തിന് തുക നൽകൽ - ജി.എസ്.റ്റി, ആദായനികുതി എന്നിവ ഉറവിടത്തിൽ കുറവ് ചെയ്തില്ല

പ്രോജക്ട് നം.S0068/25, ഹരിത സഹായ സ്ഥാപനത്തിന് തുക നൽകൽ

നിർവഹണം - ഹെൽത്ത് സൂപ്പർവൈസർ

അടങ്കൽ - 1000000/- (സി.എഫ്.സി ടൈഡ്)

ചെലവ്- 666042/- (സി.എഫ്.സി ടൈഡ്)

ബിൽ നം.61/20.09.2024 - 204936/-

ബിൽ നം.272/21.03.2025 - 461106/-

ഹരിത സഹായ സ്ഥാപനം നൽകിയ പ്രവർത്തന റിപ്പോർട്ടിന്റേയും ജി.എസ്.റ്റി ബില്ലിന്റേയും അടിസ്ഥാനത്തിൽ തുക കൈമാറിയിട്ടുണ്ട്. സാംഖ്യ ബിൽ പരിശോധിച്ചതിൽ ജി.എസ്.റ്റി ഒഴികെയുള്ള ആകെ പ്രവൃത്തി മൂല്യം 647598/- രൂപയാണ്. ജി.എസ്.ടി നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ അതിന് മുകളിലോ മൂല്യം വരുന്ന വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരനിൽ നിന്ന് (ജി.എസ്.ടി കഴിച്ചിട്ടുള്ള തുകയുടെ) 2% തുക ജി.എസ്.ടി.യുടെ TDS ഇനത്തിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത് വകുപ്പിലടക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. ഇപ്രകാരം 12952/- രൂപ ഉറവിടത്തിൽ കുറവ് ചെയ്യേണ്ടിയിരുന്നെങ്കിലും 9222/- രൂപ മാത്രമാണ് കുറവ് ചെയ്തിട്ടുള്ളത്.

കൂടാതെ 1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30000/- രൂപയ്ക്ക് മേലുള്ള കരാർ പ്രവൃത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. എന്നാൽ ടി സ്ഥാപനത്തിൽ നിന്നും ഇപ്രകാരം 12952/- രൂപയ്ക്ക് പകരം 9222/- രൂപ മാത്രമാണ് കുറവ് ചെയ്തിട്ടുള്ളത്.

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/27.01.2026) ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ഈടാക്കി അറിയിക്കുമെന്ന് മറുപടി ലഭിച്ചു. ജി.എസ്.റ്റി, ആദായനികുതിയിനങ്ങളിൽ കുറവ് വന്ന ഈടാക്കേണ്ട തുക (3730/- രൂപ വീതം ആകെ 7460/-രൂപ) ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

1-41 ദിവസവേതനത്തിൽ നിയമിക്കപ്പെട്ട ഡേറ്റ എൻട്രി ഓപറേറ്റർക്ക് അധിക വേതനം നൽകി

മാവേലിക്കര നഗരസഭയിൽ ദിവസവേതനത്തിൽ നിയമിക്കപ്പെട്ട ഡേറ്റ എൻട്രി ഓപ്പറേറ്ററായ ശ്രീമതി സുനിത.കെ- യ്ക്ക് 2024 ഫെബ്രുവരി മാസത്തെ വേതനം നൽകിയതിൽ (ചെക്ക് നം.199062/1.08.2024) അധിക തുക നൽകിയതായി കാണുന്നു. പ്രസ്തുത മാസത്തെ മസ്റ്റർ റോൾ പ്രകാരം ടി ജീവനക്കാരി 24 ദിവസം മാത്രമാണ് പ്രവർത്തിച്ചിട്ടുള്ളത്. എന്നാൽ 25 ദിവസത്തെ തുകയായ 25x755=18875/- രൂപ വേതനം നൽകിയിട്ടുണ്ട്. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.26/30.01.2026) മറുപടി ഹാജരാക്കിയില്ല. അധികമായി നൽകിയ 755/- രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

1-42 വാഹന പരിപാലനം - അപാകതകൾ

1)വാഹന പരിപാലനം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

നഗരസഭയിലെ പ്രവർത്തനക്ഷമമായ വാഹനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ഇനം	രജിസ്ട്രേഷൻ നം.
1	Force Ambulance	KL 04-AT 4259
2	Mac Auto Electric	KL-31S -2904
3	Tata Lorry	KL-31R -3621
4	**Pick Up Mahindra**	**KL-31N 1842**
5	**TATA Yodha**	**KL -31S 1324**

6	**Maruthi Ertiga**	**KL -31S 3434**
7	**Mahindra Bolero**	**KL – 31 F 3013**
8	Ford Ecosport	KL – 31N 696

മേൽ പട്ടികയിൽ ക്രമ നം.1, 2, 3, 8 എന്നീ വാഹനങ്ങളുടെ ലോഗ്ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും സംബന്ധിച്ച് ജി.ഒ(പി) നം.803/70/ഫിൻ തീയതി.13.11.1970 ലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കുന്നതായി കാണുന്നില്ല. കെ.എഫ്.സി വാല്യം II ചട്ടം 48എ പ്രകാരം എല്ലാ മാസാന്ത്യവും തുടക്കത്തിലെ കിലോമീറ്റർ റീഡിംഗ്, അവസാന റീഡിംഗ്, ആ മാസം ആകെ ഓടിയ ദൂരം, ഇന്ധനം വാങ്ങൽ, ഇന്ധന ഉപഭോഗം, ഇന്ധന ബാലൻസ് തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന ഒരു സംക്ഷിപ്തം ലോഗ് ബുക്കിൽ രേഖപ്പെടുത്തണമെന്ന് നിർദ്ദേശിക്കുന്നു. ടി നിർദ്ദേശം പാലിച്ചിട്ടില്ല.

ഓഡിറ്റ് വർഷം നഗരസഭയുടെ മേൽപ്പറഞ്ഞ വാഹനങ്ങളുടെ ഇന്ധന ക്ഷമതാ ടെസ്റ്റ് നടത്തി സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിച്ചിട്ടില്ല. കൂടാതെ വാഹനങ്ങളുടെ അറ്റകുറ്റപ്പണിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ ഒരു റിപ്പയർ രജിസ്റ്റർ, സ്പെയർ പാർട്സ് സ്റ്റോക്ക് രജിസ്റ്റർ, ഇന്ധന ഓർഡർ ബുക്ക്, ഫ്യൂവൽ രജിസ്റ്റർ തുടങ്ങിയ രേഖകളും സൂക്ഷിച്ചിട്ടില്ല. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.27/30.01.2026) വാഹനങ്ങളുടെ ഇന്ധനക്ഷമത പരിശോധിക്കാൻ പി.ഡബ്ല്യു.ഡി മെക്കാനിക്കൽ ഡിവിഷനിലേക്ക് 16.01.2025 ൽ തുക ഒടുക്കിയെങ്കിലും നാളിതുവരെ ഒരു വാഹനത്തിന്റേയും ഇന്ധനക്ഷമതാ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ലെന്ന് അറിയിച്ചു. പ്രവർത്തനക്ഷമമായ എല്ലാ വാഹനങ്ങളുടേയും ലോഗ് ബുക്ക് ഉൾപ്പെടെ ആവശ്യമായ എല്ലാ രജിസ്റ്ററുകളും പരിപാലിക്കേണ്ടതും ഇന്ധനക്ഷമതാ പരിശോധന നടത്തി സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിക്കേണ്ടതുമാണ്.

2)ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾ ലേലം ചെയ്തില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ളതും ഉപയോഗക്ഷമമമല്ലാത്തതുമായ വാഹനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ഇനം	രജിസ്ട്രേഷൻ നം.
1	Mlni Lorry	KL 01-AJ 5706
2	Mlni Lorry (Cargo 709)	KL-04 F -1950
3	Eicher Mlni	KL-31A -8804
4	Tractor	KL-Q 452

ടി വാഹനങ്ങൾ അറ്റകുറ്റപ്പണി നടത്തി ഉപയോഗയോഗ്യമാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ആയത് മൂല്യനിർണ്ണയം നടത്തി കണ്ടം ചെയ്യാവുന്നതാണെന്ന് പി.ഡബ്ല്യു.ഡി മെക്കാനിക്കൽ വിഭാഗം പരിശോധിച്ച് സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല. ടി വാഹനങ്ങളുടെ ലേലം സംബന്ധിച്ച് നിലവിലെ സ്ഥിതി അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.27/30.01.2026) ഉപയോഗശൂന്യമായ വാഹനങ്ങൾ ലേലം ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കാൻ നഗരസഭാ കൗൺസിൽ തീരുമാനിച്ചതായി അറിയിച്ചു. വാഹന പരിപാലനം സംബന്ധിച്ച് സർക്കാർ മാർഗ്ഗ നിർദ്ദേശം കൃത്യമായി പാലിക്കേണ്ടതും ആവശ്യമായ രേഖകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്. കൂടാതെ ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾ നടപടിക്രമം പാലിച്ച് സമയബന്ധിതമായി ലേലം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-43 IDSMT പദ്ധതി- പലിശ ഉൾപ്പടെ 1,30,76,488 രൂപ നഗരസഭയ്ക്ക് തിരിച്ചടക്കാൻ ബാക്കി നിൽക്കുന്നു

ചെറുകിട, ഇടത്തരം പട്ടണങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായുള്ള ഈ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയ 10 പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി കേന്ദ്രവിഹിതം ഇനത്തിൽ

90,00,000/-രൂപയും, സംസ്ഥാന വിഹിതമായി 56,52,000/-രൂപയും ഉൾപ്പെടെ 146.52 ലക്ഷം 03/2004 മുതൽ 3/2007 വരെ വർഷങ്ങളിലായി നഗരസഭയ്ക്ക് ലഭിച്ചിരുന്നു. ലഭിച്ച തുകയിൽ നിന്നും 78,74,585/-രൂപ വിവിധ പദ്ധതികൾക്കായി നഗരസഭ വിനിയോഗിച്ചിട്ടുണ്ട്. IDSMT പദ്ധതി 31.03.2007 നുശേഷം കേന്ദ്രസർക്കാർ നിർത്തലാക്കിയതിനെ തുടർന്ന് കേന്ദ്രവിഹിതമിനത്തിൽ മിച്ചം നിൽക്കുന്ന 1,30,76,488 രൂപ പലിശസഹിതം തിരിച്ചടക്കുവാൻ സർക്കാരിൽ നിന്നും ആവർത്തിച്ചുള്ള നിർദ്ദേശമുണ്ടായിരുന്നിട്ടും നഗരസഭ തുകയൊന്നും തിരിച്ചടച്ചിട്ടില്ല. ഏറ്റവും ഒടുവിലായി 31.03.17 ലും ഇതുസംബന്ധമായി ചീഫ് ടൗൺ പ്ലാനറുടെ നിർദ്ദേശം നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട്. 22.03.2019 ൽ കേരള ഗ്രാമീണ ബാങ്കിൽ പുതുതായി അക്കൌണ്ട് തുടങ്ങുകയും (അക്കൌണ്ട് നം.8125) അതിലേക്ക് തുക പൂർണ്ണമായും ട്രാൻസ്ഫർ ചെയ്യുകയും ചെയ്തു. സംസ്ഥാന വിഹിതമിനത്തിൽ ലഭിച്ച തുക പൂർണ്ണമായും, കേന്ദ്രവിഹിതമിനത്തിൽ മിച്ചമുള്ള 11.26 ലക്ഷം രൂപയും, പലിശയും ഉൾപ്പെടെ മിച്ചം നിൽക്കുന്ന 1,30,76,488-രൂപ പദ്ധതി നിർത്തലാക്കിയ സാഹചര്യത്തിൽ ആവർത്തിച്ചുള്ള നിർദ്ദേശമുണ്ടായിട്ടും തിരിച്ചടക്കാതെ ബാങ്ക് നിക്ഷേപമായി തുടരുന്നത് ക്രമവിരുദ്ധമാണ്. തുക തിരിച്ചടക്കാതിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.34 തീയതി 31.01.2026) മറുപടി ലഭ്യമാക്കിയിരുന്നു. പ്രസ്തുത തുക ബഹു. സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതിന് 10.02.2023 ലെ 2-ാം നമ്പർ തീരുമാനപ്രകാരം കൗൺസിൽ തീരുമാനമെടുത്തിരുന്നു. രണ്ടാം ഗ്രേഡ് നഗരസഭയായ മാവേലിക്കര നഗരസഭ വരുമാനത്തിൽ പിന്നോക്കം നിൽക്കുന്നതും നഗരസഭയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും പെൻഷനും മറ്റും നൽകുന്നതിനുള്ള സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന സ്ഥിതി വിശേഷം നിലനിൽക്കുന്നതിനാലും വെള്ളക്കരം, കറണ്ട് ചാർജ്ജ് ഇനത്തിൽ വലിയ തുക നൽകാൻ അവശേഷിക്കുന്നതിനാലും ബുദ്ധിമുട്ട് പരിഗണിച്ച് നഗരസഭാ സെക്രട്ടറിയുടെ ഉടസ്ഥതയിലുള്ള പ്രസ്തുത അക്കൗണ്ടിൽ നിന്നും പലിശ ഇനത്തിൽ ലഭിച്ച തുക ഒഴിവാക്കി ബാക്കി തുക അടയ്ക്കുന്നതിനുള്ള അനുവാദം തേടി സർക്കാരിലേക്ക് 12.01.2024 തീയതി EI-9778/02 പ്രകാരം കത്ത് നൽകിയിട്ടുണ്ട്. എന്നാൽ 28.06.2025 വർഷത്തിലെ 28.06.2025 തീയതിയിൽ കൂടിയ അടിയന്തിരയോഗത്തിൽ എടുത്ത 3/3 നമ്പർ തീരുമാനപ്രകാരം മുഴുവൻ തുകയും സർക്കാരിലേക്ക് ഒടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ബാധ്യത ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചതിന്റെ പുരോഗതി ഓഡിറ്റിനെ അറിയിക്കുന്നതോടൊപ്പം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയും ഈ വിഷയത്തിൽ ഉണ്ടാകണമെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

1-44 ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത ഹെൽത്ത് ഗ്രാന്റ് നഗരസഭയ്ക്ക് ലഭിച്ചതിന്റെയും, ആയതിന്റെ വിനിയോഗ വിവരവും ചുവടെ ചേർക്കുന്നു.

വർഷം	ലഭിച്ച ഗ്രാന്റ്	ചെലവ്	ബാക്കി	ചെലവ് ശതമാനം
2021-22 (സ്കീം 6)	21043500	15429107	5614393	73.32
2022-23 (സ്കീം 6)	2199000	822566	1376434	37.4
2022-23 (സ്കീം 5)	2539000	2539000	0	100%
2023-24 (സ്കീം 6)	1000000	218488	781512	21.85
2024-25	1700000	0	0	0

(സ്കീം 6)

1.സ.ഉ.(സാധാ) നമ്പർ 2132/22/LSGD തീയതി 31.8.22, സ.ഉ.(സാധാ) നമ്പർ 1078/23/LSGD തീയതി 20.5.23, സ.ഉ.(സാധാ) നമ്പർ 1625/23/LSGD തീയതി 09.8.23 എന്നിവയിലെ നിർദ്ദേശ പ്രകാരം ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ ആരോഗ്യ മേഖലാ വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കി ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഭരണ സമിതി അന്തിമ രൂപം നൽകിയിട്ടുണ്ട്.

2.പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ ക്ലിയറൻസ് ആവശ്യമില്ല. പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫീസറുടെ അനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്.

3.പ്രോജക്ടുകളിൽ ഹെൽത്ത് ഗ്രാന്റ് ഒഴികെയുള്ള മറ്റ് വിഭാഗം ഫണ്ടുകൾ സംയോജിപ്പിച്ചിട്ടില്ല.

4.ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗം പി.എഫ്.എം.എസുമായി ബന്ധപ്പെടുത്തിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകൾ മുഖേന നിർവ്വഹിക്കുന്നു. പി.എഫ്.എം.എസ്. അക്കൌണ്ട് പ്രകാരം ചെലവഴിക്കുന്ന തുകയുടെ കണക്കുകൾ സുലേഖ സോഫ്റ്റ്വെയറിൽ കൃത്യമായി ചെലവ് തുകയായി രേഖപ്പെടുത്തിയിട്ടുണ്ട്. ഓരോ മാസവും പ്രസ്തുത അക്കൌണ്ടിലെ കണക്കുകൾ ക്രമപ്പെടുത്തിയിട്ടുണ്ട്.

5/2021 മുതൽ നാളിതുവരെ ലഭ്യമായ ഹെൽത്ത് ഗ്രാന്റിന്റെ വർഷം തിരിച്ചുള്ള വിവരം ഉൾപ്പെടുത്തിയിട്ടുണ്ട്. വാർഷിക ധനകാര്യപത്രികയിൽ ഹെൽത്ത് ഗ്രാന്റിന്റെ വരവ് ചെലവുകൾ ഉൾപ്പെടുത്തിയിട്ടുള്ളതും തുക ഫലപ്രദമായി വിനിയോഗിച്ചിട്ടുള്ളതുമാണ്.

6.പ്രോജക്ടുകളിലെ പേയ്മെന്റ് സ.ഉ.(സാധാ) നമ്പർ 7/22/LSGD തീയതി 2.1.22 ലെ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ട്.

7.പദ്ധതികളുടെ മോണിറ്ററിംഗ് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിച്ചിട്ടുണ്ടെന്ന് കാണുന്നു.

8.നിർവ്വഹണ ഉദ്യോഗസ്ഥർ, ആരോഗ്യ ഗ്രാന്റിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും നിർവ്വഹണ പുരോഗതി തുടർച്ചയായി ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

9.സ.ഉ.(സാധാ) നമ്പർ 1078/23/LSGD തീയതി 20.5.23 പ്രകാരമുള്ള ഉത്തരവിലെ നടപടിക്രമങ്ങൾ നടപ്പാക്കിയിട്ടില്ല. പാലിയേറ്റീവ് കെയർ പദ്ധതി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

10.വെൽനസ്സ് കേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. നല്ല രീതിയിൽ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട് .

11. സ.ഉ.(സാധാ) നമ്പർ 1625/23/LSGD തീയതി 9.8.23 ലെ ഖണ്ഡിക 4.5 പ്രകാരം നഗര പ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിന് ജില്ലാ ആശുപത്രി സൂപ്രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്.

12.തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പിന്റെ നമ്പർ എഫ്.എം. 3/138/23/LSGD തീയതി 23.5.23 ലെ സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. നിലവിൽ നഗരസഭാ കെട്ടിടത്തിലാണ് സെന്റർ പ്രവർത്തിക്കുന്നത്.

13. ലഭ്യമായ തുകക്ക് പ്രോജക്ട് ഏറ്റെടുത്തിട്ടുള്ളതാണ്. പ്രോജക്ടുകൾ ലക്ഷ്യം കൈവരിച്ചിട്ടുള്ളതുമാണ്.

14.ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ഫർണിച്ചർ (ആസ്തി) വാങ്ങിയിട്ടുണ്ട്. ആയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്ന് ബോധ്യപ്പെട്ടു.

15.ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് ആരോഗ്യ സ്ഥാപനങ്ങളിൽ അടിസ്ഥാന സൌകര്യം മെച്ചപ്പെടുത്തുന്നതോടൊപ്പം താൽക്കാലികമായോ, സ്ഥിരമായോ ജീവനക്കാരെ നിയമിച്ചിട്ടില്ല.

16.അനുവദിക്കപ്പെട്ട ഹെൽത്ത് ഗ്രാന്റ്, മാർഗ്ഗ നിർദ്ദേശങ്ങൾക്കായി വിനിയോഗിക്കാതെ തിരിച്ചടച്ചിട്ടില്ല.

17.കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന മരുന്നുകളും ഉപകരണങ്ങളും യഥാസമയം

ലഭിക്കാത്ത സാഹചര്യത്തിൽ നഗരസഭാ സ്ഥാപനങ്ങൾക്ക് ലഭിച്ച ഹെൽത്ത് ഗ്രാന്റിൽ നിന്നും മരുന്നുകളും ഉപകരണങ്ങളും നേരിട്ട് വാങ്ങേണ്ടി വന്നിട്ടില്ല. എച്ച്.എം.സി. രൂപീകരിച്ചിട്ടുള്ളതും ആയത് പ്രകാരം മരുന്നുകൾ വാങ്ങുന്നുണ്ട്.

1-45 നഗരസഭ പെൻഷൻ വിതരണം -അവലോകനം

നഗരസഭയിൽ ജോലിചെയ്തുവരുന്ന ജീവനക്കാരുടെ വിരമിക്കലനന്തരമായ ജീവിതം സാമ്പത്തികമായി സുരക്ഷിതമാക്കുന്നതിനായി രൂപീകരിച്ച പ്രത്യേക നിധിയാണ് മുൻസിപ്പൽ പെൻഷൻ ഫണ്ട്. ജീവനക്കാർക്ക് പെൻഷൻ, കുടുംബ പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം.

മാവേലിക്കര നഗരസഭയിൽ ആകെ 38 റഗുലർ പെൻഷൻകാരും, 44 കണ്ടിജന്റ് ജീവനക്കാരും നിലവിലുണ്ട്. ഇതിൽ 2 കണ്ടീജന്റ് ജീവനക്കാർ പുതുതായി പെൻഷൻ ആയവരാണ്.

നഗരസഭയിലെ റഗുലർ ജീവനക്കാരുടെ ഡെത്ത്-കം-റിട്ടർമെന്റ് ആനുകൂല്യങ്ങൾക്കുള്ള തുക നിക്ഷേപിയ്ക്കുന്നതിനായി ഡയറക്ടറുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും ദേശസാൽകൃത ബാങ്കായ IDBI മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ 1432102000000806 അക്കൗണ്ട് നമ്പരിൽ ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്.

മാവേലിക്കര നഗരസഭയ്ക്ക് തനത് വരുമാനത്തിന്റെ ലഭ്യതക്കുറവ് വളരെയധികം ഉണ്ടായതിനാൽ പ്രതിമാസ ശമ്പളത്തിൽ നിന്നുള്ള പെൻഷൻ കോൺട്രിബ്യൂഷൻ അതത് മാസം പെൻഷൻ ഫണ്ടിലേക്ക് കൃത്യമായി അടയ്ക്കാൻ സാധിക്കാറില്ല. 2025 ഡിസംബർ വരെയുള്ള പെൻഷൻ കോൺട്രിബ്യൂഷൻ തുകയായ 27 ലക്ഷം അടയ്ക്കാനുണ്ടെന്ന് പരിശോധനാ വേളയിൽ ബോധ്യപ്പെട്ടു. അതിനായി ചെക്ക് തയ്യാറാക്കി വെച്ചിട്ടുണ്ടെങ്കിലും മതിയായ പണം തനത് ഫണ്ടിൽ ലഭ്യമല്ലാത്തതിനാൽ ചെക്ക് ബാങ്കിൽ ഹാജരാക്കാതെ വെച്ചിരിക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. യഥാസമയം പെൻഷൻ വിഹിതം അടക്കാതിരുന്നതുമൂലം നഗരസഭയ്ക്ക് സേവിംഗ്സ് ബാങ്ക് നിക്ഷേപത്തിന് പലിശ ബാധ്യത ഉണ്ടായിട്ടില്ല. ജീവനക്കാരുടെ പെൻഷൻ വിഹിതം അതത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം മുനിസിപ്പൽ പെൻഷൻ ഫണ്ടിൽ നിന്നും പിൻവലിച്ച് സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കാൻ നിർവ്വാഹമില്ലാത്ത തരത്തിൽ സാമ്പത്തിക പ്രതിസന്ധി നേരിടുന്നു എന്നുള്ള അവസ്ഥ മുൻസിപ്പാലിറ്റിയുടെ പെൻഷൻ പ്രക്രിയയിൽ വലിയ വെല്ലുവിളി ഉയർത്തുന്നു.

2024-25 സാമ്പത്തികവർഷം പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ നഗരസഭയ്ക്ക് തുകയൊന്നും ലഭിച്ചിട്ടില്ല. എന്നാൽ 74778628 രൂപ പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ ഇനിയും ലഭിക്കാനുണ്ട്.

നഗരസഭയുടെ റഗുലർ, കണ്ടിജന്റ് വിഭാഗം ജീവനക്കാർക്കുള്ള പെൻഷൻ വിഹിതം ഈടാക്കി നിക്ഷേപിയ്ക്കുന്നതിനായി പ്രത്യേകം അക്കൗണ്ട് ആരംഭിച്ചിട്ടില്ല. മുകളിൽ സൂചിപ്പിച്ച ഒറ്റ അക്കൗണ്ടിലൂടെ തന്നെയാണ് ജീവനക്കാരിൽ നിന്ന് പിരിച്ചെടുക്കുന്ന തുക അടച്ചുകൊണ്ടിരിക്കുന്നത്.

2024-25 കാലയളവിൽ മാവേലിക്കര നഗരസഭയിൽ നിന്നും റെഗുലർ /കണ്ടിജന്റ് /ഫാമിലി പെൻഷൻ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം, മാസം	റഗുലർ പെൻഷൻ		കണ്ടിജന്റ് പെൻഷൻ	
2024-25	തുക	വൌച്ചർ നം,തീയതി	തുക	വൌച്ചർ നം., തീയതി
ഏപ്രിൽ	844982	188530. 05.04.24	638359	188529 05.04.2024
മെയ്	844982	198966 07.05.24	638359	198966 07.052024

ജൂൺ	844986	FNPO- 0031538 10.06.24	638359	FNPO-0030564 06.06.24
ജൂലായ്	815022	FNPO-00041738 09.07.2024	638364	FNPO-00040684 06.07.24
ആഗസ്റ്റ്	842010	FNPO-00053860 14.08.24	640860	FNPO-00051321 08.08.24
സെപ്തംബർ	849035	FNPO-00058929 04.09.2024	640860	FNPO-00058925 04.09.24
ഒക്ടോബർ	849039	FNPO-00072108 04.10.2024	625784	FNPO-00072257 09.10.24
നവംബർ	865086	FNPO-00084195 06.11.24	645164	FNPO-00083642 06.11.24
ഡിസംബർ	865322	FNPO-00093395 03.12.24	658039	FNPO-00093382 04.12.24
ജനുവരി	878408	FNPO-00104253 03.01.25	658044	FNPO-00104263 03.01.25
ഫെബ്രുവരി	864421	FNPO-00115599 04.02.25	657044	FNPO-00115617 04.02.25
മാർച്ച്	864421	FNPO-00126922 03.03.25	659626	FNPO-00126927 03.03.25
ആകെ	10227714		7738867	

തൻവർഷം റഗുലർ & കണ്ടിജന്റ് പെൻഷൻ വിഭാഗങ്ങളിൽ പുതുതായി പെൻഷൻ അനുവദിച്ചവരുടെയും ഒഴിവാക്കപ്പെട്ടവരുടെയും വിവരം:

മാസം	റഗുലർ	കണ്ടിജന്റ്	റിമാർക്സ്
നവംബർ-2024	കെ.സോമരാജൻ		ടിയാളുടെ ഭാര്യ ശ്രീമതി വത്സലകുമാരിയ്ക്ക് ഫാമിലി പെൻഷൻ അനുവദിച്ചു.
ഫെബ്രുവരി-2025	കെ.പരമേശ്വരൻ		ടിയാളുടെ ഭാര്യ ശ്രീമതി മണിയമ്മയ്ക്ക് ഫാമിലി പെൻഷൻ അനുവദിച്ചു.
ഒക്ടോബർ-2024		വിജയമ്മ	ഫാമിലി പെൻഷൻ അനുവദിക്കേണ്ടതില്ല.

നഗരസഭ പെൻഷൻ തുക അതത് വ്യക്തികളുടെ അക്കൗണ്ടിലേക്കാണ് വിതരണം നടത്തിവരുന്നത്. എന്നാൽ അധികൃതർ സാക്ഷ്യപ്പെടുത്തിയ പെൻഷൻ തുകകളുടെ ബാങ്ക്/ട്രഷറി വിതരണ രേഖകൾ നഗരസഭയിൽ ലഭ്യമല്ല. കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് റൂൾ 2007 പ്രകാരമുള്ള ചെക്ക് ഇഷ്യൂ രജിസ്റ്റർ മുനിസിപ്പൽ പെൻഷൻ ഫണ്ടിനായി സൂക്ഷിക്കുന്നില്ല. ക്യാഷ് ബുക്കിൽ ചെക്ക് നമ്പർ രേഖപ്പെടുത്തിയാണ് പ്രസ്തുത വിതരണങ്ങൾ നടത്തിവരുന്നത്. നഗരസഭയിലെ റഗുലർ പെൻഷൻ, കണ്ടിജന്റ് പെൻഷൻ, ഫാമിലി പെൻഷൻ കൈപ്പറ്റുന്നവരുടെ സമഗ്രമായ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നതിന് മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നുവെങ്കിലും ആ നിർദ്ദേശം പ്രാവർത്തികമാക്കുന്നതിന് നിലവിലും നഗരസഭ തയ്യാറായിട്ടില്ല. നിലവിൽ കെ-സ്മാർട്ട് മുഖേനയാണ് അനുവദിക്കുന്നതെങ്കിലും നിശ്ചിത മാതൃകയിലുള്ള വേരിഫിക്കേഷൻ രജിസ്റ്റർ നാളിതുവരെ

തയ്യാറാക്കി സൂക്ഷിക്കാത്തത് അധികൃതരുടെ ഭാഗത്തുനിന്നുള്ള കൃത്യവിലോപം തന്നെയാണ്. പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് പെൻഷൻ രജിസ്റ്റർ, പെൻഷൻ പെയ്മെന്റ് ഓർഡർ രജിസ്റ്റർ, പെൻഷൻ വിതരണ രജിസ്റ്റർ, ലൈഫ് സർട്ടിഫിക്കറ്റ് രജിസ്റ്റർ, അലോട്ട്മെന്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. പെൻഷൻ പരിഷ്കരണ ഉത്തരവുകൾക്കനുസരിച്ച് പെൻഷൻ കണക്കാക്കി പെൻഷൻ ബുക്കിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

പെൻഷൻ ബുക്കുകളുടെ ഭൗതിക പരിശോധന നടത്തിയപ്പോൾ നിലവിലുള്ള 38 റഗുലർ പെൻഷൻകാരിൽ 18 സർവ്വീസ് ബുക്കുകളും ആകെയുള്ള 44 കണ്ടിജന്റ് പെൻഷൻകാരിൽ 33 സർവ്വീസ് ബുക്കുകൾ മാത്രമേ പരിശോധനയ്ക്ക് ലഭ്യമായിട്ടുള്ളൂ. ബാക്കിയുള്ള സേവനപുസ്തകങ്ങൾ കണ്ടെത്തി സൂക്ഷിക്കുന്നതിന് അധികൃതർ നടപടി സ്വീകരിക്കേണ്ടതാണ്.

മുൻസിപ്പൽ പെൻഷൻ ഫണ്ട് നഗരസഭ ജീവനക്കാരുടെ സാമൂഹ്യ സുരക്ഷയ്ക്ക് വളരെ പ്രധാനപ്പെട്ടതാണ്. ഫണ്ടിന്റെ സാമ്പത്തിക സ്ഥിരത ഉറപ്പാക്കാൻ സർക്കാരും നഗരസഭയും ഊർജ്ജിതമായ ഇടപെടൽ നടത്തിയാൽ മാത്രമേ സാധ്യമാകൂ, അതുവഴിമാത്രമാണ് വിരമിച്ച ജീവനക്കാർക്ക് സുരക്ഷിതവുമായ ജീവിതം പ്രദാനം ചെയ്യാൻ സാധിക്കുക എന്നതിനാൽ ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതാണ്.

ഭാഗം -2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 വസ്തു നികുതി നിർണയിച്ചതിലെ അപാകത

വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) റോഡ് വിസ്തൃതിക്ക് ആനുപാതികമായി വസ്തുനികുതി ചുമത്തിയില്ല.

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിൽ അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ട ഇളവുകളും വർദ്ധനവുകളും വിശദമാക്കുന്നു. 5 മീറ്ററോ അതിൽ കൂടുതലോ പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 20 ശതമാനം വർദ്ധനവും 1.5 മീറ്ററിൽ താഴെയുള്ള വഴി സൌകര്യമുള്ള കെട്ടിടങ്ങൾക്കും പൊതുവായ വഴി സൌകര്യം ഇല്ലാത്ത കെട്ടിടങ്ങൾക്കും യഥാക്രമം 10, 20 ശതമാനം ഇളവുകളും നിർദ്ദേശിക്കുന്നുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്ററിൽ താഴെവരെ വഴി സൌകര്യത്തിന് ഇളവുകളോ വർദ്ധനവോ ഇല്ല.

ചുവടെ പട്ടികയിൽ ചേർക്കുന്ന എല്ലാ കെട്ടിടങ്ങൾക്കും 1.5 മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള വഴി സൌകര്യം എന്ന നിലക്കാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇവയ്ക്ക് 5 മീറ്ററിൽ അധികം വീതിയുള്ള വഴിസൌകര്യമുണ്ടെന്ന് കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാനിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ ഇതിൽ നിന്ന് വ്യത്യസ്തമായി സഞ്ചയയിൽ വഴി സൌകര്യം രേഖപ്പെടുത്തുന്നതിനാൽ നികുതി നിർണ്ണയിക്കുമ്പോൾ വരുത്തേണ്ട 20% വർദ്ധനവ് വരുത്തിയിട്ടില്ല. ഇതുമൂലം ഈടാക്കപ്പെടുന്ന വസ്തുനികുതിയിൽ കുറവുണ്ടായി.

ക്രമ നം.	കെട്ടിട നമ്പർ	ഉടമയുടെ പേര്	റോഡിന്റെ വിസ്തൃതി ബിൽഡിംഗ് കംപ്ലീഷൻ പ്ലാൻ പ്രകാരം	കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം	വസ്തു നികുതി നിരക്ക്	വഴി സൌകര്യത്തിനു ഈടാക്കേണ്ട വർദ്ധനവ് (20 %)
1	1/ 122	എ ബെഞ്ചമിൻ,ആലുമൂട്ടിൽ Dwellings For Own House, Home Stay,One Or Two	11 മീ	49.26 ച.മീ	16.54	163

		Rooms For Home Stay Up To 300 Sqr. Mtr				
2	3/136	ഷെർലി കുരുവിള Dwellings For Own House, Home Stay,One Or Two Rooms For Home Stay Up To 300 Sqr. Mtr	7 മീ	244.14 ച.മീ	15.75	770
3	9/292/1	കുര്യൻ വർഗീസ് സ്വകാര്യ ഹോസ്റ്റൽ	5മീ മുനിസിപ്പൽ റോഡ്	717.14 ച.മീ	78.75	11295
4	9/292/2	കുര്യൻ വർഗീസ് സ്വകാര്യ ഹോസ്റ്റൽ	5മീ മുനിസിപ്പൽ റോഡ്	749.79 ച.മീ	78.75	11810
ആകെ						24,038 /-

ബി)2024-25 സാമ്പത്തിക വർഷം നികുതി നിർണ്ണയിച്ച ചുവടെ ചേർക്കുന്ന കെട്ടിടത്തിന്റെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയില്ല.തറയുടെ നിർമ്മിതി മേൽത്തരമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, വസ്തു നികുതി നിർണയിക്കുമ്പോൾ അതനുസരിച്ച് വരേണ്ട വർധനവ് പ്രതിഫലിച്ചിട്ടില്ല.

വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നിരക്ക്(₹/ച.മീ)	
100 ച.മീറ്റർ വരെയുള്ളവ	₹ 77.70/-
100 ച.മീറ്റർ മുതൽ 500 ച.മീറ്റർ വരെയുള്ളവ	₹ 99.75/-
500 ച.മീറ്ററിനു മുകളിൽ	₹ 105.00/-

ഉടമയുടെ പേര്, നികുതി നിർണയിച്ച തീയതി	കെട്ടിട നം., തറ വിസ്തീർണ്ണം(കെസ്മാർട്ട് പ്രകാരം)	2024-25 വർഷം കണക്കാക്കിയ വസ്തുനികുതി, കെസ്മാർട്ട് പ്രകാരം കണക്കാക്കിയ വസ്തു നികുതി നിരക്ക്	കണക്കാക്കേണ്ട വസ്തുനികുതി നിരക്ക്/ ഉപയോഗക്രമം	കുറവ്
അജിത് പി മാത്യു 07.05.2024	6/147/1 173.55 ച.മീ ഗ്രൗണ്ട് ഫ്ലോർ ഷോപ്പ് തറയുടെ തരം –മേൽത്തരം	173.55 X 105 = 18222.75/- റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്- 20%-3644.55/- എ.സി അടിസ്ഥാനത്തിൽ വർദ്ധനവ്-10%- 1822.275/- ആകെ- 23,690/-	173.55 X 105 = 18222.75 /- റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്- 20%-3644.55 /- തറയുടെ അടിസ്ഥാനത്തിൽ വർദ്ധനവ്-15%- 2733/- എ.സി അടിസ്ഥാനത്തിൽ വർദ്ധനവ്-10%- 1822.275/-	2,733

		ആകെ- 26,423/-	
6/147/2 349.6 ച.മീ 1st ബേസ്മെന്റ് ഷോപ്പ് തറയുടെ തരം -മേൽത്തരം	349.6 X 99.7 = 34855.12/- റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%- 6971.024/- ആകെ- 41827/-	349.6 X 105 = 36708/- റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%- 7341.6/- തറയുടെ അടിസ്ഥാനത്തിൽ വർദ്ധനവ്-15%- 5506.2/- ആകെ- 49556/-	7,729
6/147/3 148.48 ച.മീ ഗ്രൗണ്ട് ഫ്ലോർ ഷോപ്പ് തറയുടെ തരം -മേൽത്തരം	173.55 X 105 = 18222.75/- റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%- 3644.55/- എ.സി അടിസ്ഥാനത്തിൽ വർദ്ധനവ്-10%- 1822.275/- ആകെ- 23690/-	173.55 X 105 = 18222.75/- റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%- 3644.55/- എ.സി അടിസ്ഥാനത്തിൽ വർദ്ധനവ്-10%- 1822.275 /- തറയുടെ അടിസ്ഥാനത്തിൽ വർദ്ധനവ്-15%- 2733.4125/- ആകെ- 26423/-	2,733
ആകെ			13,195/-

മേൽ രണ്ടു പട്ടികകൾ പ്രകാരം വസ്തു നികുതി നിർണ്ണയത്തിൽ ആകെ 37,233/- രൂപയുടെ കുറവ് വന്നു. അപാകത പരാമർശിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (4/24.01.2026), വസ്തു നികുതി റീ അസസ്സ് ചെയ്ത് ആയതിന്റെ ഫോം 6, പുതിയ ഡിമാന്റ് നോട്ടീസ് എന്നിവ ഉള്ളടക്കം ചെയ്ത് മറുപടി ലഭ്യമാക്കി. കുറവു വന്ന വസ്തു നികുതി ഈടാക്കി രസീതിന്റെ വിശദാംശം സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

2-2 അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല

27.06.2024 തീയതിയിലെ സ.ഉ.(സാധാ)നം.1149/2024/LSGD നമ്പർ ഉത്തരവ് പ്രകാരം പരിഷ്കരിച്ച സ്ലാബിനനുസൃതമായി 2024-25 സാമ്പത്തിക വർഷത്തെ രണ്ടാം അർദ്ധവർഷം മുതൽ തൊഴിൽ നികുതി പുതുക്കിയ നിരക്കിലാണ് ഈടാക്കേണ്ടത്.

എന്നാൽ നഗരസഭയുടെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററും ഫയലുകളും പരിശോധിച്ചതിൽ രണ്ടാം അർദ്ധവർഷം പുതുക്കിയ നിരക്കിന് അനുസൃതമായി അയ്യപ്പാസ് മാവേലിക്കര എന്ന സ്ഥാപനത്തിൽ നിന്നും മേൽ സൂചിപ്പിച്ചിരിക്കുന്ന ഉത്തരവ് പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി

- ഈടാക്കിയതായി കാണുന്നില്ല (രസീത് നം. R2-M040200-24015902/07.03.2025). വിശദാംശം ചുവടെ ചേർക്കുന്നു.

ജീവനക്കാരന്റെ പേര്	അർദ്ധവാർഷിക വരുമാനം	ഈടാക്കിയ നികുതി	ഈടാക്കേണ്ട നികുതി	നഷ്ടം
അയ്യപ്പൻ.എസ്	72000	600	750	150
സുബ്രഹ്മണ്യൻ.വി	72000	600	750	150
ജവഹർ.ജി	72000	600	750	150
ബാല സുബ്രഹ്മണ്യൻ	72000	600	750	150
സജി കെ	57000	450	750	300
ശ്രീകുമാർ.ടി	57000	450	750	300
ശാന്തിയാഹ ജെബാസ്റ്റ്യൻ	57000	450	750	300
തങ്കരാജ്	57000	450	750	300
അനിൽകുമാർ	57000	450	750	300
ചിത്താരണ്ടി	57000	450	750	300
സുന്ദര് രാജ്	57000	450	750	300
ഗണപതി ഈശ്വരൻ	57000	450	750	300
ലക്ഷ്മണരവികുമാർ	57000	450	750	300
മുത്തുസാമി	57000	450	750	300
ഫിലിപ്പ്	57000	450	750	300
തങ്കമാരി	57000	450	750	300
മാരിയപ്പൻ പി	57000	450	750	300
സഞ്ജീവൻ	57000	450	750	300
മദൻ രാജ്	57000	450	750	300
ശ്രീനിവാസൻ എസ്	57000	450	750	300
സെൽവ രാജ്	57000	450	750	300
മാടസാമി	57000	450	750	300
സുബ്രമണ്യൻ.ആർ	57000	450	750	300
എൻ.പണ്ടാരം	57000	450	750	300
മൂർത്തി	57000	450	750	300
ബിരാമനായഗം	57000	450	750	300
സുബ്രഹ്മണ്യൻ ആർ	57000	450	750	300
മാരിയപ്പൻ.എസ്	57000	450	750	300
മുരുഗൻ കെ	57000	450	750	300
അയ്യപ്പൻ.ഇ	57000	450	750	300
ആനന്ദ കുമാർ	57000	450	750	300

മരുതയ്യഃ	57000	450	750	300
ഗണപതി എ	57000	450	750	300
കണ്ണൻ	57000	450	750	300
മൈക്കൽ ജഗദേശ്	57000	450	750	300
സുനിൽ	57000	450	750	300
കറുപ്പസാമി	57000	450	750	300
രാധാ കൃഷ്ണൻ	57000	450	750	300
മാരിയപ്പൻ എസ്	57000	450	750	300
അയ്യപ്പൻ ടി	42000	300	600	300
കാസി വിശ്വനാഥൻ	42000	300	600	300
അബ്ദുൾ കലാം	42000	300	600	300
വീര ബാലസുബ്രഹ്മണ്യൻ	42000	300	600	300
രമേഷ് ബാബു	42000	300	600	300
മഹാരാജാ	42000	300	600	300
നാഗരാജ്	42000	300	600	300
വസിം ബാരി	42000	300	600	300
വിജയൻ ആർ	42000	300	600	300
വേലായുധം	42000	300	600	300
നവനീതൻ	42000	300	600	300
മോഹൻ ദാസ്	42000	300	600	300
ശ്രീനിവാസൻ സി	42000	300	600	300
വർഗീസ് പി പി	57000	450	600	150
ഉഷാ കുമാരി	57000	450	600	150
പ്രസന്ന കുമാരി	57000	450	600	150
വസന്ത കെ	57000	450	600	150
അമ്പിളി	57000	450	600	150
വിശ്വലക്ഷ്മി	57000	450	600	150
സുലേഖ	42000	300	600	300
ബിന്ദു	42000	300	600	300
ബീന	42000	300	600	300
ദീപ	42000	300	600	300
വത്സല കുമാരി	42000	300	600	300
ജലജ	42000	300	600	300
ശാലിനി	42000	300	600	300
ബിന്ദു സതീഷ്	42000	300	600	300
ശ്രീ ലേഖ	42000	300	600	300
അനിത	42000	300	600	300

ലക്ഷ്മി	42000	300	600	300
പ്രിയ	42000	300	600	300
ആകെ നഷ്ടം				19,500/-

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/29.01.2026) കുറവു വന്ന തൊഴിൽ നികുതി ഈടാക്കുന്നതിനായി അറിയിപ്പ് നൽകുന്നതാണെന്ന് മറുപടി ലഭ്യമാക്കി. മേൽ പരാമർശിച്ച സ്ഥാപനത്തിൽ നിന്നും കുറവ് വന്ന തൊഴിൽ നികുതി 19,500/- രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം - വിവരശേഖരണം

മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം*	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
33	198000	198000	0	

മെഡിസെപ് പ്രീമിയം ഒടുക്ക് (കണ്ടിജന്റ് ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം*	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
29	174000	174000	0	

*01.04.2024 മുതൽ 31.03.2025 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ് പ്രീമിയം - ഒടുക്ക് (01.04.2024 മുതൽ 30.06.2024 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ഇല്ല

മെഡിസെപ് പ്രീമിയം - ഒടുക്ക് (01.07.2024 -ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ഇല്ല

മെഡിസെപ് പ്രീമിയം - ഒടുക്ക് (01.08.2024 മുതൽ 31.03.2025 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ഇല്ല

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ നിക്ഷേപ പ്രവൃത്തികൾക്കായി തുക നല്കിയിട്ടില്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ /വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തിയ്യതി	തൻവർഷം ലഭിച്ച വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ഹഡ്കോ പി.എം.എ.വൈ -ലൈഫ്	-	ഇല്ല	58,26,665	6,66,667	-	51,59,998

4-6 സ്ഥിര നിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	32,00,000
തൻവർഷം നിക്ഷേപിച്ച തുക	0
ആകെ	32,00,000
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	32,00,000 (ക്ലീൻ കേരള മിഷന്റെ ഇക്വിറ്റി ഷെയറുകൾ - Certificate No. 56/26.12.2016)

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 54000/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	റസീപ്റ്റ് നമ്പർ/തീയതി
2015-16	3-17(1)	54000	അനൂപ്.വി.സി, പ്രോജക്ട് ഓഫീസർ	R-M040200-24012288/08.01.2025
	ആകെ	54000		

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1997-98 സ്പെഷ്യൽ		2000-01	5-6	ബസ് സ്റ്റാന്റ് കം ഷോപ്പിംഗ്	പരാമർശം നിലനിൽക്കുന്നു

റിപ്പോർട്ട്				കോംപ്ലക്സ് നിർമ്മാണത്തിലെ ക്രമക്കേടുകൾ	
1997-98		2001-02	6-11-1(11)	പരിഷ്കരിച്ച അറവുശാലയുടെ നിർമ്മാണം	കേസ് നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് തീർപ്പ് കല്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്തു.
1997-98 To 2000-01		2002-03	II-14(i)	പൊതു ലേലത്തിലെ അപാകതകൾ	പരാമർശം നിലനിൽക്കുന്നു
1997-98 To 2000-01		2002-03	II-14(ii)	കടമുറികളുടെ ലേലം	പരാമർശം നിലനിൽക്കുന്നു
1999-00		2003-04	6-13	റെഡിമെയ്ഡ് ഗാർമെന്റ്സ്	രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ നിർദ്ദേശിച്ചു.
2005-06	3-40	2007-08	3-21-1	മുൻകൂർ കൈപ്പറ്റിയിട്ടും പണി പൂർത്തീകരിച്ചില്ല	28.05.2025ൽ തൽസ്ഥിതി റിപ്പോർട്ട് നൽകി.
2006-07	3-29, 3-31	2009-10	3-8-21	ഫണ്ട് ലഭിച്ചിട്ടും വികസന പദ്ധതികൾ നടപ്പാക്കിയില്ല.	28.05.2025ൽ തൽസ്ഥിതി റിപ്പോർട്ട് നൽകി.
പ്രവർത്തന ക്ഷമതാ റിപ്പോർട്ട്		2013-14	5-2-4-2	കാലപ്പഴക്കം ചെന്ന കെട്ടിടങ്ങൾ ലേലം ചെയ്യുന്നതിന് നടപടി സ്വീകരിച്ചില്ല.	പരാമർശം നിലനിൽക്കുന്നു.
പ്രവർത്തന ക്ഷമതാ റിപ്പോർട്ട്		2013-14,	5-2-4-8	ടോയ്ലെറ്റ് സൌകര്യങ്ങൾ ശോചനീയം	പരാമർശം നിലനിൽക്കുന്നു.
2016-17	2-3	2017-18	1-4-5	അനധികൃത കെട്ടിടങ്ങൾക്ക് UA നമ്പർ നൽകിയില്ല. വസ്തു നികുതി	സമിതിയുടെ പരിഗണനയ്ക്കായി 29.05.2025ൽ തൽസ്ഥിതി റിപ്പോർട്ട് നൽകി.

				ഈടാക്കിയില്ല.

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

ഇല്ല

(ബി) സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

നഗരസഭയുടെ 2015-16 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.17(1) പരാമർശത്തിൽ അധികം ചെലവാക്കിയ 54000/- രൂപ പ്രോജക്ട് ഓഫീസർ ശ്രീ. അനൂപ് വി.സി (കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നുള്ള 11/09/2024 ലെ കെ എസ് എ 4724/സ്പെ.സെൽ/സി എസ് സി/എ 1/2019 സർചാർജ്ജ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ) നഗരസഭാ ഫണ്ടിൽ അടവാക്കി (File No. 2775384-2024).

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (രൂപ)	12,97,67,076
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(രൂപ)	12,59,59,448
വരവിനങ്ങളിലുള്ള നഷ്ടം(രൂപ)	56,733
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (രൂപ)	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (രൂപ)	5,42,353

(ബി) നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക (രൂപ)		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
2-1 (1-10)	37,233		ശ്രീമതി മേഘ മേരി കോശി, സെക്രട്ടറി
2-2 (1-13)	19,500		ശ്രീ. എം. മുഹമ്മദ് ആരിഫ് ഖാൻ, സെക്രട്ടറി
ആകെ	56,733/-		

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (രൂപ)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-24	12,012	ശ്രീ. ഡോ.അജു,വെറ്ററിനറി സർജൻ
1-32	5,00,000	ശ്രീമതി ബീനാകുമാരി, ഐ.സി.ഡി.എസ് സൂപ്പർവൈസർ
1-33	10,341	ശ്രീമതി ബീനാകുമാരി, ഐ.സി.ഡി.എസ് സൂപ്പർവൈസർ
1-36	20,000	ശ്രീമതി മേഘ മേരി കോശി, സെക്രട്ടറി
ആകെ	5,42,353	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക (രൂപ)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-40	7460	ശ്രീ.ബിനോയ് ആർ, ഹെൽത്ത് സൂപ്പർവൈസർ/പ്രോജക്ട് ഓഫീസർ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി മേഘ മേരി കോശി, സെക്രട്ടറി	പ്രോഗ്രാം ഓഫീസർ കുടുംബശ്രീ സ്റ്റേറ്റ് ഓഫീസ്, തിരുവനന്തപുരം	TC 2/3847-1, വലിയ വീട്ടിൽ, പട്ടുവിളാകം, പുന്നത്തു ടെംമ്പിൾ റോഡ്, ചന്തവിള, കഴക്കൂട്ടം, തിരുവനന്തപുരം
ശ്രീ.ബിനോയ് ആർ, ഹെൽത്ത് സൂപ്പർവൈസർ/പ്രോജക്ട് ഓഫീസർ	ക്ലീൻസിറ്റി മാനേജർ മാവേലിക്കര നഗരസഭ	കുളത്തിന്റെ തെക്കതിൽ, നടുവത്ത് ചേരി, ചവറ സൌത്ത്, കൊല്ലം
ശ്രീമതി ബീനാകുമാരി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ, മാവേലിക്കര നഗരസഭ	കൊട്ടാരത്തിൽ ശബരി, മരിയപുരം പി.ഒ, നെയ്യാറ്റിൻകര, തിരുവനന്തപുരം
ശ്രീ.ഡോ.അജു, വെറ്ററിനറി സർജൻ	സീനിയർ വെറ്ററിനറി സർജൻ,വെറ്ററിനറി ഹോസ്പിറ്റൽ,മിതിർമല,കല്ലാർ,തിരുവനന്തപുരം	തപസ്യ,ഓപ്പ.സെന്റ് തോമസ് സ്കൂൾ,മുക്കോലക്കൽ,തിരുവന്തപുരം
ശ്രീ.എം.മുഹമ്മദ് ആരിഫ് ഖാൻ സെക്രട്ടറി	സെക്രട്ടറി, മാവേലിക്കര നഗരസഭ	അറഫ, അനുഗ്രഹനഗർ, എസ്.ആർ.എ-63ബി, പൂഴിക്കുന്ന്, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പി.ഒ, തിരുവനന്തപുരം-695019

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1997-98	എൽ.എഫ്.എ.4-936/00/17.03.2001
1998-99	എൽ.എഫ്.എ.4-937/00/17.03.2001
1999-2000	എൽ.എഫ്.എ.4-218/02/18.08.2002
96-97 (ഫൈനൽ)	എൽ.എഫ്.എ.4-1031/03/15.12.2003

97-98(ഫൈനൽ)	എൽ.എഫ്.എ.4-1163/02/14.01.2003
98-99(ഫൈനൽ)	എൽ.എഫ്.എ.4-532/05/07.10.2005
2000-01	എൽ.എഫ്.എ.4-673/05/09.11.2005
2001-02 ചെലവ്	എൽ.എഫ്.എ.4-938/05/05.05.2006
99-2000(ഫൈനൽ)	എൽ.എഫ്.എ.4-939/05/05.05.2006
2000-01(ഫൈനൽ)	എൽ.എഫ്.എ.4-821/07/12.08.2007
2001-02(ഫൈനൽ)	എൽ.എഫ്.എ.4-822/07/31.10.2007
2002-03 (വരവ് -ചെലവ്)	എൽ.എഫ്.എ.4-823/07/31.10.2007/ 06.07.2008
2003-04	എൽ.എഫ്.എ.4-813/08/28.01.2009/ 22.04.2009
2004-05	എൽ.എഫ്.എ.4-814/08/21.08.2009/ 22.04.2009
2005-06	എൽ.എഫ്.എ.4-834/08/21.08.2009/ 22.04.2009
2006-07	എൽ.എഫ്.എ.4-837/08/21.08.2009/ 11.08.2009
2007-08	എൽ.എഫ്.എ.4-838/08/10.06.2009/ 01.10.2009
2008-09	എൽ.എഫ്.എ.എം.1-500/12/ 06.12.2012
2009-10 (ചെലവ്)	എൽ.എഫ്.എ.എം.1-561/12/06.12.2012/ 14.12.2012
2009-10 (വരവ്), 2010-11, 2011-12 & 2012-13	എൽ.എഫ്.എ.എം.1-1991/2014/ 27.02.2015/ 01.05.2015
2013-14	എൽ.എഫ്.എ.എം-1-1094/15/ 4.8.2015/ 31.08.2015
2014-15	കെ.എസ്.എ-എ.എൽ.പി./എം.1/ 559/2016/ 6.06.2016
2015-16	കെ.എസ്.എ-എ.എൽ.പി./ജി.എ5/160/17 തീയതി, 15.02.17/15.03.17
2016-17	കെ.എസ്.എ-എ.എൽ.പി./ജി.എ5/ 1128/17 തീയതി 20.9.2017
2017-18	കെ.എസ്.എ-എ.എൽ.പി./ജി.എ5/138/19 തീയതി 08.04.2019
2018-19	കെ.എസ്.എ-എ.എൽ.പി./ജി.എ8/ 405/2020/ 03.06.20
2019-20	കെ.എസ്.എ-എ.എൽ.പി./ജി.എ8/ 142/2022/ 21.04.22
2020-21	കെ.എസ്.എ-എ.എൽ.പി./ജി.എ8/ 143/2022/ 15.07.22
2021-22	കെ.എസ്.എ-എ.എൽ.പി./ജി.എ8/ 343/2023/ 17.04.23
2022-23	കെ.എസ്.എ-എ.എൽ.പി/ജി.എ.8 - 74/2024/ 18/03/2024
2023-24	കെ.എസ്.എ-എ.എൽ.പി/ജി.എ.8 - 134/2025/ 27/03/2025

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

For സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 26-11-2025 and submitted on 30-11-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Mavelikkara Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Mavelikkara Municipality as on 31-03-2025

Date: 28/03/2026

For **Senior Deputy Director**
District Office Alappuzha
Kerala State Audit Department

Audit Report appended to the Audit Certificate of Mavelikkara Municipality for the Year 2024-2025 .

1.Major Observations

NIL

2.Other Observations

1. Bank reconciliation statements of 4 bank accounts not produced
2. There is a difference in the closing balance amount of IDBI bank account
3. Advance register not updated.

4.Deposit register not kept.

5.Loan register not produced for audit, so the accuracy of loan amount as per AFS could not be verified.

6. Balance amount of beneficiary contribution in AFS not explained.

7. Amount of Auction, not accounted properly in AFS

8. Amount disbursed for unemployment scheme not accounted in AFS.

9.The surplus amount of IDSMT scheme is not included as liability in shedule B-4 of the annual financial statement.

10.The information on which the receipt of income figures are based was not provided according to AFS

11.There is a discrepancy between the annual figure and the Sulekha figure in the CFC expenditure figures.



For Senior Deputy Director

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ മാവേലിക്കര മുനിസിപ്പാലിറ്റിയുടെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

For സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്